34th Year of Service 2026


# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

February 16, 2026 Vol. XXXIV No. 07




SUNNY
FINANCIAL STRATEGIES, LLC
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.
Support for complex financial moments, including:
Financial Planning & Wealth Management
401(k) & IRA Investment Optimization
Risk Management & Insurance
Business & Employee Benefits
Retirement Income Strategy
Estate Planning & Trusts
Tax Planning Strategies
Social Security & Medicare
Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability
Let's Plan Your Brighter Financial Future
847-414-9116
tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE
475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
A+ Rating
BBB ACCREDITED BUSINESS
Better Business Bureau

34th Year of Service 2026

NOT OUR MERIT BUT HIS GRACE KERALA EXPRESS

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ട്വന്റി–20 ലോകകപ്പ്: ഇന്ത്യയ്ക്ക് 61 റൺസ് ജയം

9 സസ്നേഹം വാലന്റൈൻ സംഗീതവിരുന്ന്

11 പ്രായംകുറഞ്ഞ അവയവദാതാവായി ആലിൻ

12 രണ്ട് പതിറ്റാണ്ടിനൊടുവിൽ മലയാളി വനിതയ്ക്കു നീതി

26 മെൻസ് & വിമൻസ് മിനിസ്ട്രി കപ്പിൾസ് ഡേ കൂട്ടായ്മ

## 38 രാജ്യങ്ങളുമായി ഇന്ത്യയ്ക്ക് വ്യാപാരക്കരാർ

ന്യൂഡൽഹി: രാഷ്ട്രീയസ്ഥിരത എൻഡിഎ സർക്കാർ ഉറപ്പാക്കിയതു കൊണ്ടാണു വിവിധ രാജ്യങ്ങൾ ഇന്ത്യയുമായി വ്യാപാരക്കരാറുകൾ ഒപ്പുവെച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. യുപിഎ സർക്കാരിന്റെ സാമ്പത്തികരംഗത്തെ കെടുകാര്യസ്ഥത മൂലം അന്നത്തെ വ്യാപാരചർച്ചകളിൽ ഇന്ത്യയ്ക്ക് ആത്മവിശ്വാസത്തോടെ നിലപാടെടുക്കാൻ കഴിഞ്ഞില്ലെന്നും മോദി ആരോപിച്ചു. സമീപകാലത്ത് ഓസ്ട്രേലിയ, യുകെ, യുഎസ് തുടങ്ങിയ രാജ്യങ്ങളുമായും യൂറോപ്യൻ യൂണിയനുമായും ഇന്ത്യയ്ക്കു കരാറുകൾ ഒപ്പുവെക്കാനായി.



പലരാജ്യങ്ങളിലും തീരുവയില്ലാതെയോ താരതമ്യേന കുറഞ്ഞ തീരുവയിലോ വിപണികൾ തുറന്നുകിട്ടുകയും ചെയ്തു. ഇതിനു കാരണമായത് ഇന്ത്യയിലെ ശക്തമായ വ്യവസായരംഗവും ആത്മവിശ്വാസമുള്ള സമീപനവും തുറന്ന കാഴ്ചപ്പാടുമാണ്.

ഈ ഗുണങ്ങൾ ഇന്നത്തെ ലോകത്ത് അപൂർവതയാണ്. ഒരു ദശകം മുൻപു നമ്മൾ എവിടെനിന്നിരുന്നുവെന്ന് ആലോചിക്കണമെന്നു പിടിഐക്കു നൽകിയ അഭിമുഖത്തിൽ മോദി പറഞ്ഞു. യുപിഎ സർക്കാരിന്റെ കാലത്തും വ്യാപരചർച്ചകൾ നടന്നിരുന്നു. എങ്ങുമെത്താതെ തീരുകയും ചെയ്യും. ഉദാഹരണത്തിന് യുപിഎ കാലത്ത് യൂറോപ്യൻ യൂണിയനുമായി വ്യാപാര ചർച്ച നടന്നതാണ്. എന്നാൽ അന്തിമമായി ഇന്ത്യയ്ക്കു നേട്ടമുള്ള നിലയിൽ കരാർ ഒപ്പുവെച്ചത് ഈ സർക്കാരും – മോദി പറഞ്ഞു.

എൻഡിഎ സർക്കാർ അധികാരമേറ്റശേഷം ഇന്ത്യയുടെ സാമ്പത്തിക രംഗം ശക്തമാക്കാനായി. രാഷ്ട്രീയ സ്ഥിരതയും പരിഷ്കരണത്തിലൂന്നിയ നയ സമീപനവും ഉറപ്പാക്കിയതോടെ ലോകം ഇന്ത്യയിൽ നിക്ഷേപിക്കാൻ മുന്നോട്ടു വന്നു. (ശേഷം 34–ാം പേജിൽ)

## ശബരിമല യുവതീ പ്രവേശനം: മാർച്ച് 14–നകം നിലപാട് അറിയിക്കണമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ശബരിമല യുവതീ പ്രവേശന വിഷയത്തിൽ കേരള സർക്കാർ അടക്കമുള്ളവർ മാർച്ച് 14-നകം നിലപാട് അറിയിക്കണമെന്ന് സുപ്രീംകോടതി. വിശദവാദം ഏപ്രിൽ ഏഴിന് തുടങ്ങും. ശബരിമല യുവതീപ്രവേശമുൾപ്പെടെ, മതങ്ങളും സ്ത്രീകളുടെ അവകാശങ്ങളും സംബന്ധിച്ച വിവിധ ഹർജികൾ പരിഗണിക്കുമ്പോഴായിരുന്നു സുപ്രീംകോടതി നിർദേശം. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അദ്ധ്യക്ഷനായ മൂന്നംഗ ബെഞ്ചാണു ഹർജികൾ പരിഗണിച്ചത്. ഒൻപത് അംഗ ഭരണഘടനാ ബെഞ്ച് ഇതിനായി രൂപീകരിക്കും. അംഗങ്ങളെ ചീഫ് ജസ്റ്റിസ് തീരുമാനിക്കും. കക്ഷികൾ നിലപാട് എഴുതി നൽകണം. (ശേഷം 34–ാം പേജിൽ)

## ആഗോള എഐ ഭൂപടത്തിൽ ഇന്ത്യ

ന്യൂഡൽഹി: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) മേഖലയിലെ ആഗോള ശക്തിയാകാൻ ലക്ഷ്യമിട്ട് ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ബൃഹത്തായ എഐ ഉച്ചകോടിക്കു തുടക്കമായി.

ലോകത്തെ സാങ്കേതികവിദ്യ പ്രമുഖരും നിക്ഷേപകരും നയരൂപകർത്താക്കളും ഒത്തുചേരുന്ന 'ഇന്ത്യ എഐ ഇംപാക്ട് സമ്മിറ്റ്' മേഖലയിൽ ഇന്ത്യയുടെ കരുത്ത് തെളിയിക്കാനുള്ള വേദിയാകും. 19, 20-ന് നടക്കുന്ന സമാപന സമ്മേളനത്തിൽ ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവൽ മക്രോൺ മുഖ്യ പ്രഭാഷണം നടത്തും. തുടർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രതിനിധികളെ അഭിസംബോധന ചെയ്യും.

ഗൂഗിൾ സിഇഒ സുന്ദർ പിച്ചൈ, ഓപ്പൺ എഐയുടെ സാം ആൾട്ട്മാൻ, ആന്ത്രോപിക് സിഇഒ ഡാരിയോ അമോഡി, മെറ്റയുടെ അലക്സാണ്ടർ വാംഗ് തുടങ്ങിയ സാങ്കേതിക ലോകത്തെ പ്രമുഖർ ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്. കൂടാതെ യാൻ ലെകുൻ, ആർതർ മെൻഷ് തുടങ്ങിയ പ്രശസ്ത ഗവേഷകരും ചർച്ചകളുടെ ഭാഗമാകും. ഇന്ത്യയിലെ ജനങ്ങളുടെ ഡിജിറ്റൽ വിവരശേഖരവും ആധാർ അടക്കമുള്ള ശക്തമായ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചറും ഉപയോഗപ്പെടുത്തി എഐ രംഗത്ത് കുതിച്ചുചാട്ടം നടത്താനാണ് ഇന്ത്യയുടെ ലക്ഷ്യം.

ഇന്ത്യയുടെ തനതായ ഭാഷാ വൈവിധ്യത്തെ ഉൾക്കൊള്ളുന്ന എഐ മോഡലുകൾ ഉച്ചകോടിയുടെ പ്രധാന ആകർഷണമാണ്. സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന 'ഭാരത്‌ജെൻ', 22 ഇന്ത്യൻ ഭാഷകളെ പിന്തുണയ്ക്കുന്ന 17 ബില്യൺ പാരാമീറ്ററുകളുള്ള 'പരം-2' എന്ന മോഡൽ പുറത്തിറക്കും. കുറഞ്ഞ ചെലവിൽ സാധാരണക്കാർക്ക് എഐ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിനുപുറമെ ലൈറ്റ്സ്പീഡ് വെഞ്ചേഴ്സിന്റെ പിന്തുണയുള്ള 'സർവം എഐ'യും തദ്ദേശീയമായ വലിയ മോഡലുകൾ അവതരിപ്പിക്കും.

സ്റ്റാൻഫോർഡ് സർവകലാശാലയുടെ റിപ്പോർട്ട് പ്രകാരം എഐ മത്സരരംഗത്ത് അമേരിക്കയ്ക്കും ചൈനയ്ക്കും പിന്നിൽ മൂന്നാം സ്ഥാനത്താണ് നിലവിൽ ഇന്ത്യ. മൈക്രോസോഫ്റ്റ്, ഗൂഗിൾ, എൻവിഡിയ തുടങ്ങിയ കമ്പനികൾ ഇന്ത്യയിൽ തങ്ങളുടെ ഡാറ്റാ സെന്ററുകൾ വികസിപ്പിക്കാനും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനും സജീവമായി രംഗത്തുണ്ട്.

## താരിഖ് റഹ്മാന്റെ സത്യപ്രതിജ്ഞയ്ക്ക് ഇന്ത്യക്കു ക്ഷണം

ന്യൂഡൽഹി: ഉലഞ്ഞിരുന്ന ബന്ധം പുതിയ സർക്കാരിനു കീഴിൽ മെച്ചപ്പെടുമെന്ന സൂചന നൽകി ബംഗ്ലദേശിന്റെ പുതിയ പ്രധാനമന്ത്രി താരിഖ് റഹ്മാന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ ഇന്ത്യക്കു ക്ഷണം. ബിൻപി അദ്ധ്യക്ഷന്റെ സത്യപ്രതിജ്ഞാ ചടങ്ങിലേക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ബംഗ്ലാദേശിന്റെ ഇടക്കാല ഉപദേഷ്ടാവ് മുഹമ്മദ് യൂനുസ് ക്ഷണിച്ചിട്ടുണ്ട്.



എന്നാൽ, ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവൽ മക്രോണുമായി കൂടിക്കാഴ്ച നിശ്ചയിച്ചിട്ടുള്ളതിനാലും ഡൽഹിയിൽ നടക്കുന്ന എഐ ഉച്ചകോടിയിൽ അദ്ധ്യക്ഷത വഹിക്കേണ്ടതിനാലും നരേന്ദ്ര മോദി ക്ഷണം നിരസിച്ചു. പകരം ലോക്സഭാ സ്പീക്കർ ഓം ബിർള സത്യപ്രതിജ്ഞാ ചടങ്ങിൽ ഇന്ത്യയുടെ പ്രതിനിധിയായി പങ്കെടുക്കുമെന്ന് വിദേശകാര്യമന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിലുള്ള ബംഗ്ലാദേശിലെ ഇടക്കാല സർക്കാരിനു കീഴിൽ വഷളായ ഇന്ത്യ-ബംഗ്ലാദേശ് ബന്ധം പുതിയ സർക്കാരിനു കീഴിൽ മെച്ചപ്പെടുമെന്ന് ഇരുരാജ്യങ്ങളും സൂചന നൽകിയിട്ടുണ്ട്. ലോക്സഭാ സ്പീക്കറുടെ സാന്നിദ്ധ്യം ഇന്ത്യയിലെയും ബംഗ്ലാദേശിലെയും ജനങ്ങൾ തമ്മിൽ നിലനിൽക്കുന്ന ആഴത്തിലുള്ളതും ശാശ്വതവുമായ സൗഹൃദത്തെ അടിവരയിടുന്നതാണെന്ന് വിദേശകാര്യമന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ഇരുകക്ഷികൾക്കും ഗുണകരമാകുന്നതിന് ഇരുരാജ്യങ്ങളും ചേർന്നു പ്രവർത്തിക്കണമെന്ന് താരിഖ് റഹ്മാന്റെ ഉപദേഷ്ടാവ് ഹുമയൂൺ കബീർ പ്രതികരിച്ചിട്ടുണ്ട്. ഇന്ത്യയെക്കൂടാതെ നേപ്പാൾ, ഭൂട്ടാൻ, ശ്രീലങ്ക, പാകിസ്ഥാൻ ഉൾപ്പെടെയുള്ള സാർക്ക് രാജ്യ തലവന്മാരെയും സത്യപ്രതിജ്ഞാ ചടങ്ങിലേക്ക് ക്ഷണിച്ചിട്ടുണ്ട്.




131–ാമത് മാരാമൺ കൺവൻഷനിൽ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത സമാപന സന്ദേശം നൽകുന്നു.
(വാർത്ത 4–ാം പേജിൽ)

# 131–ാമത് മാരാമൺ കൺവൻഷന് സമാപനം

മാരാമൺ: സാമൂഹിക തിന്മകൾ നേരിടാൻ സഭയും സമൂഹവും കരുത്താർജിക്കണമെന്ന ആഹ്വാനത്തോടെ 131-ാമത് മാരാമൺ കൺവൻഷനു സമാപനം. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത സമാപന സന്ദേശം നൽകി. വലിയ നോമ്പിന് തുടക്കം കുറിക്കുമ്പോൾ കുരിശെടുത്ത് യേശുവിനെ അനുഗമിക്കാൻ നാം ശ്രമിക്കണം. പ്രാർത്ഥന, ഉപവാസം, ദാനധർമം എന്നിവ നോമ്പുകാലത്ത് എല്ലാവരും അനുഷ്ഠിക്കണം.

ശമര്യാക്കാരി സ്ത്രീ യേശുവിനെ കണ്ടെത്തിയതുപോലെ വിശ്വാസത്തിന്റെ ആഴങ്ങൾ തേടണം. ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യം വിവേകത്തോടെ അനുഭവിക്കണം. സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കണം. ബന്ധങ്ങൾ ശിഥിലമായിരിക്കുന്ന കാലഘട്ടത്തിൽ സഹോദരനിലേക്കും പ്രകൃതിയിലേക്കും മടങ്ങണം. കുടുംബ ബന്ധങ്ങളും ദൃഢമാക്കണം. കുടുംബങ്ങളിൽ അന്യംനിന്ന കുടുംബ പ്രാർത്ഥനകൾ വീണ്ടെടുക്കണം. തലമുറകളുടെ വീണ്ടെടുപ്പിനായി കുടുംബം ഒന്നായി പ്രാർത്ഥിക്കണമെന്ന് മാർത്തോമ്മാ മെത്രാപ്പൊലീത്ത പറഞ്ഞു.

അവയവങ്ങൾ ദാനം ചെയ്ത മല്ലപ്പള്ളി സ്വദേശി 10 മാസം പ്രായമുള്ള ആലിൻ ഷെറിൻ ഏബ്രഹാമിനായി പ്രത്യേകം പ്രാർത്ഥിച്ചു. അവയവ ദാനത്തിനായി തീരുമാനമെടുത്ത ആലിന്റെ മാതാപിതാക്കളെ മെത്രാപ്പൊലീത്ത അഭിനന്ദിച്ചു. ഡോ. ഐസക് മാർ പീലക്സിനോസ് അദ്ധ്യക്ഷത വഹിച്ചു. വികാരി ജനറൽ റവ. മാത്യു ജോൺ പ്രാരംഭ പ്രാർത്ഥന നടത്തി. മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം ജനറൽ സെക്രട്ടറി റവ. എബി കെ. ജോഷ്വ പ്രസ്താവന നടത്തി.

## ട്വന്റി–20 ലോകകപ്പ്:
# പാകിസ്ഥാനെതിരെ ഇന്ത്യയ്ക്ക് 61 റൺസ് ജയം

കൊളംബോ: ക്രിക്കറ്റ് ലോകം കാത്തിരുന്ന പോരാട്ടദിനത്തിൽ കനത്ത മഴയും ഇടിമിന്നലുമാണ് പ്രവചിക്കപ്പെട്ടത്. എന്നാൽ, ഇന്ത്യയുടെ ജയത്തിനായി മഴ മാറിനിന്നു. കടുത്ത പോരാട്ടമാണ് ആരാധകർ പ്രതീക്ഷിച്ചിരുന്നതെങ്കിൽ പാക് ബാറ്റിങ്നിര നനഞ്ഞ പടക്കമായപ്പോൾ അനായാസ ജയത്തോടെ ഇന്ത്യ ട്വന്റി–20 ലോകകപ്പ് ക്രിക്കറ്റിന്റെ സൂപ്പർ എട്ടിൽ കടന്നു. എ ഗ്രൂപ്പിലെ മൂന്നാം മത്സരത്തിൽ പാകിസ്ഥാനെ 61 റൺസിന് തോൽപ്പിച്ചു.

സ്കോർ: ഇന്ത്യ 20 ഓവറിൽ ഏഴിന് 175, പാകിസ്ഥാൻ 18 ഓവറിൽ 114 -ന് പുറത്ത്.

ചാമ്പ്യൻഷിപ്പിൽനിന്ന് പുറത്താക്കപ്പെട്ട ബംഗ്ലാദേശിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഇന്ത്യയുമായുള്ള മത്സരം ബഹിഷ്കരിക്കുമെന്ന് പാകിസ്ഥാൻ നിലപാടെടുത്തത് വിവാദമായിരുന്നു. തുടർന്ന് ഐസിസി നടത്തിയ അനുരഞ്ജനശ്രമങ്ങളെത്തുടർന്നാണ് പാക്



കൊളംബോയിൽ നടന്ന ട്വന്റി–20 ക്രിക്കറ്റ് ലോകകപ്പ് മത്സരത്തിൽ പാകിസ്ഥാനെതിരെ അർധ സെഞ്ചുറി നേടിയ ഇഷാൻ കിഷൻ.

ടീം ബഹിഷ്കരണം പിൻവലിച്ചത്.

അഭിഷേക് പൂജ്യത്തിന് പുറത്തായപ്പോൾ ആശ്വസിച്ച പാകിസ്താൻ ബൗളർമാരെ ആദ്യ 9 ഓവർ ചിത്രത്തിലില്ലാതാക്കിയത് ഇഷാൻ കിഷൻ.

40 പന്തിൽ 10 ഫോറും മൂന്ന് സിക്സുമുള്ള ഇടിവെട്ട് ഇന്നിങ്സ്. ഇഷാൻ പുറത്താകുമ്പോൾ ഇന്ത്യ 8.4 ഓവറിൽ രണ്ടിന് 88. 77 റൺസുമായി ഇഷാൻ കളിയിലെ താരമായി.

# എസ്ഐആർ: പ്രവാസി വോട്ടിൽ ആശയക്കുഴപ്പം

കോഴിക്കോട്: സമഗ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ (എസ്ഐആർ) ഭാഗമായി പ്രവാസി വോട്ട് ചേർക്കുന്നതിൽ ആശയക്കുഴപ്പം. പേര് ചേർക്കാനുള്ള അപേക്ഷയിൽ പ്രവാസികളുടെ ബൂത്ത് രേഖപ്പെടുത്താൻ സൗകര്യമില്ലാത്തതു വോട്ടർമാരെ തിരിച്ചറിയാൻ പ്രയാസമുണ്ടാക്കുന്നു. ഇതുമൂലം വിലാസം കണ്ടെത്താൻ കഴിയാതെ ഒട്ടേറെ പ്രവാസി വോട്ടുകൾ തള്ളിപ്പോകുമെന്നാണ് ആശങ്ക ഉയരുന്നത്.

പ്രവാസികൾക്ക് ഫോം 6എ പൂരിപ്പിച്ചു നൽകിയാൽ പ്രവാസി വോട്ടറായി പേരു ചേർക്കാം. എന്നാൽ, ഈ പൂരിപ്പിക്കുന്ന അപേക്ഷയിൽ ഏതു ബൂത്തിലാണ് വോട്ട് വരുന്നത് എന്നു രേഖപ്പെടുത്താൻ സൗകര്യമില്ല. മാത്രമല്ല മറ്റു വോട്ടർമാരെപ്പോലെ വോട്ടർപട്ടികയിലുള്ള മറ്റേതെങ്കിലും ബന്ധുവിന്റെയോ അയൽക്കാരുടെയോ തിരിച്ചറിയൽ കാർഡ് നമ്പറോ ബൂത്ത് നമ്പറോ ചോദിക്കുന്നുമില്ല. ഇതോടെ അപേക്ഷകരുടെ കൃത്യമായ ബൂത്ത് കണ്ടെത്താൻ ബിഎൽഒമാർക്ക് കഴിയാത്ത അവസ്ഥയാണ്. ഉദ്യോഗസ്ഥർക്ക് അപേക്ഷകരുടെ വിലാസം നേരിട്ടു ചെന്നു പരിശോധിക്കുന്നതിനും സ്ഥിരീകരിക്കുന്നതിനും തടസ്സമാകുന്നുണ്ട്. പലരെയും കണ്ടെത്താൻ കഴിയാതെ അപേക്ഷകൾ തിരിച്ചയച്ചുകൊണ്ടിരിക്കുകയാണ് ബിഎൽഒമാർ. ഇതോടെ വിലാസം കണ്ടെത്താനാകാത്ത അപേക്ഷകളെല്ലാം നിരസിക്കപ്പെടുമോയെന്നും ആശങ്കയുണ്ട്. പല നിയോജകമണ്ഡലങ്ങളിലും വൻതോതിൽ പ്രവാസി വോട്ടർമാരുടെ അപേക്ഷയാണ് ഇത്തവണ വന്നിരിക്കുന്നത്.

ഈ സാഹചര്യത്തിൽ, തള്ളാൻ സാധ്യതയുള്ള അപേക്ഷകരുടെ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് തെരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചിട്ടുണ്ട്. വിലാസം കണ്ടെത്താൻ ബുദ്ധിമുട്ടുള്ള അപേക്ഷകരുടെ പട്ടിക ലഭിച്ചാൽ, അവരുടെ കൃത്യമായ വിലാസം കണ്ടെത്തി നൽകാൻ പാർട്ടിപ്രവർത്തകർ ശ്രമിക്കും. അർഹരായ ഒരു പ്രവാസി വോട്ടർ പോലും പട്ടികയിൽനിന്നു പുറത്താകരുതെന്ന് ഉറപ്പിക്കണമെന്നും ആവശ്യപ്പെട്ട് അധികൃതർക്കു കോൺഗ്രസ് കത്തു നൽകിയിട്ടുണ്ട്.

# വായുശക്തിയുമായി വ്യോമസേന

ന്യൂഡൽഹി: വ്യോമസേനയുടെ 'വായുശക്തി 2026' അഭ്യാസപ്രകടനം 27 -ന് രാജസ്ഥാനിലെ പൊഖ്റാനിൽ നടക്കും. 77 യുദ്ധവിമാനവും 43 ഹെലികോപ്റ്ററും എട്ട് മിലിട്ടറി കാർഗോ വിമാനവും അണിനിരക്കും.

റഫാൽ വിമാനങ്ങളും തേജസ് യുദ്ധവിമാനങ്ങളുമുണ്ട്. യുഎസിൽനിന്ന് വാങ്ങിയ അപ്പാച്ചെ അറ്റാക്ക്, ചിനൂക്ക് ഹെലികോപ്റ്ററുകളും അഭ്യാസത്തിനുണ്ടാകും.

ശത്രുലക്ഷ്യങ്ങളെ എത്രത്തോളം കൃത്യതയോടെ തകർക്കാൻ സാധിക്കുമെന്നത് ഈ ഓപ്പറേഷനിലൂടെ ദൃശ്യമാകും.

# പിൻവാതിൽ നിയമനവിവാദം: പൊതുമാനദണ്ഡം തയ്യാറാക്കും

തിരുവനന്തപുരം: സർക്കാർ കാലാവധി തീരാനിരിക്കെ സ്ഥിരനിയമന നീക്കവുമായി സ്ഥാപനങ്ങൾ കൂട്ടത്തോടെ ഇറങ്ങിയതോടെ ഇക്കാര്യത്തിൽ പൊതുമാനദണ്ഡമുണ്ടാക്കാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തി.

നോർക്ക, സ്പോർട്സ് കൗൺസിൽ, ഐ.ഐ.ജി, മത്സ്യഫെഡ്, കൺസ്യൂമർഫെഡ് എന്നിവയിലെല്ലാം സ്ഥിരനിയമനം നൽകേണ്ടവരുടെ പട്ടിക സർക്കാരിന്റെ മുൻപിലാണ്. ഈ നിയമനങ്ങളിലെല്ലാം തർക്കവും നിലനിൽക്കുന്നുണ്ട്. കൺസ്യൂമർ ഫെഡ്, മത്സ്യഫെഡ് എന്നിവയിലെ നിയമനം പിഎസ്സിക്ക് വിട്ടതാണ്.

കായികതാരങ്ങൾക്ക് അർഹമായ സംവരണംപോലും അട്ടിമറിച്ചാണ് സ്പോർട്സ് കൗൺസിൽ സ്ഥിരനിയമനത്തിനുള്ള പട്ടിക തയ്യാറാക്കിയത്. നിലവിലുള്ള തസ്തികയിലല്ലാതെ സ്ഥിരം നിയമനം പരിഗണിക്കരുതെന്ന് നേരത്തേ ഹൈക്കോടതി വ്യക്തമാക്കിയതാണ്. എന്നാൽ, നിലവിൽ അംഗീകൃത തസ്തികകളിലെല്ലാം മത്സ്യഫെഡിൽ സ്ഥിരം ജീവനക്കാരുണ്ട്. ഇല്ലാത്ത തസ്തികകളിലേക്കാണ് സ്ഥിരപ്പെടുത്താൻ നീക്കം. പരീക്ഷ, അഭിമുഖം എന്നിവയൊന്നും നടത്താതെ നിയമിച്ചവരാണിവർ. സഹകരണ നിക്ഷേപ ഗാരന്റി ഫണ്ട് ബോർഡിൽ പുതിയ തസ്തിക സൃഷ്ടിച്ചാണ് നിയമന നടപടി സ്വീകരിക്കുന്നത്.

സ്പോർട്സ് കൗൺസിലിൽ സ്ഥിരപ്പെടുത്താനായി പത്തുപേരുടെ പട്ടികയാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിലൊരാൾപോലും കായികതാരങ്ങളില്ല. സൂപ്പർന്യൂമറി തസ്തികയിലുൾപ്പെടെ കായികതാരങ്ങളടക്കം 36 പേർ സ്പോർട്സ് കൗൺസിലിൽ വർഷങ്ങളായി ജോലി ചെയ്യുന്നുണ്ട്. അവരെ പരിഗണിക്കാതെ രാഷ്ട്രീയതാത്പര്യം നോക്കി ഈ സർക്കാരിന്റെ കാലത്ത് നിയമിച്ചവരെയാണ് ഇപ്പോൾ സ്ഥിരപ്പെടുത്തുന്നതിന് പരിഗണിക്കുന്നതെന്നാണ് പരാതിയുള്ളത്.

ഐ.എം.ജിയിൽ 15 വരെയായി മിനിസ്റ്റീരിയിൽ സ്റ്റാഫിലുള്ളവരെ ഒഴിവാക്കി രാഷ്ട്രീയം നോക്കിയാണ് സ്ഥിരനിയമനത്തിനുള്ള പട്ടിക തയ്യാറാക്കിയത്. രണ്ടും മൂന്നും വർഷമായി ജോലിചെയ്യുന്നവർ പോലും ഈ പട്ടികയിലുണ്ട്.

പത്തുവർഷമായി കരാർ അടിസ്ഥാനത്തിലും ദിവസവേതനത്തിലും ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്താമെന്ന പൊതുമാനദണ്ഡമാണ് ഒന്നാം പിണറായി സർക്കാർ സ്വീകരിച്ചിരുന്നത്.

മാനുഷിക പരിഗണന മുൻനിർത്തി ഹൈക്കോടതി ഇത് അംഗീകരിച്ചിരുന്നെങ്കിലും അനുമതി ഒറ്റത്തവണത്തേക്കു മാത്രമാണെന്ന് വ്യക്തമാക്കിയിരുന്നു. നിലവിലുള്ള തസ്തികയിൽ മാത്രമേ സ്ഥിരപ്പെടുത്താവൂവെന്നും നിർദേശിച്ചിരുന്നു.

അതുകൊണ്ടുതന്നെ, ഇപ്പോഴത്തെ സ്ഥിരനിയമന തീരുമാനങ്ങൾ മന്ത്രിസഭ അംഗീകരിച്ചാലും കോടതി കയറാനുള്ള സാധ്യത ഏറെയാണ്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 07
February 16, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara


DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

നാം ശീലങ്ങൾ ആദ്യം ഉണ്ടാക്കുന്നു. പിന്നീടു ശീലങ്ങൾ നമ്മെ രൂപപ്പെടുത്തുന്നു.
**ചട്ടമ്പിസ്വാമികൾ**

മറ്റുള്ളവരുടെ നന്മയെ അന്വേഷിക്കുന്നവർ സ്വന്തം നന്മ കണ്ടെത്തുന്നു.
**പ്ലേറ്റോ**


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# സമൂഹമാധ്യമ നിയന്ത്രണത്തിലെ ആശങ്കകൾ

സമൂഹമാധ്യമങ്ങളിൽ നിന്ദ്യമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നവരുടെ ദുഷ്ചെയ്തികൾക്ക് അറുതിവരുത്തണമെന്ന കാര്യത്തിൽ തർക്കമില്ല. സമൂഹമാധ്യമങ്ങളടക്കമുള്ള ഇന്റർനെറ്റ് പ്ലാറ്റ്ഫോമുകളിലെ നിയമവിരുദ്ധ ഉള്ളടക്കത്തിനെതിരെയുള്ള നിയന്ത്രണം കേന്ദ്ര സർക്കാർ കടുപ്പിച്ചത് അതുകൊണ്ടുതന്നെ ആശ്വാസകരവും ഈ കാലത്തിന്റെ ആവശ്യവുമാണ്. എങ്കിലും, ഈ അധികാരം ഭരണകൂടത്തിന്റെ ആയുധമായി ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യത കാണാതിരിക്കാനുമാവില്ല.

എഐ വീഡിയോയും ചിത്രങ്ങളും കാണിക്കുമ്പോൾ അറിയിപ്പ് നല്ല വലുപ്പത്തിൽ പ്രദർശിപ്പിക്കണം. നേരത്തേ കരടുചട്ടത്തിൽ, സ്ക്രീനിലെ സ്ഥലത്തിന്റെ പത്തുശതമാനംഭാഗം ഈ അറിയിപ്പിനായി നീക്കിവെക്കണമെന്ന് നിഷ്കർഷിച്ചെങ്കിലും അന്തിമവിജ്ഞാപനത്തിൽ അത് ഒഴിവാക്കിയിട്ടുണ്ട്. അതുപോലെ, ഓഡിയോ ഉള്ളടക്കമാണെങ്കിൽ തുടക്കത്തിൽ അറിയിപ്പുണ്ടാകണം. സാമൂഹികമാധ്യമ പ്ലാറ്റ്ഫോമുകൾക്കും ബാധകമാകുന്ന തരത്തിലാണ് ഈ ചട്ടങ്ങൾ കൊണ്ടുവന്നിരിക്കുന്നത്. നിയമവിരുദ്ധമായ എഐ ഉള്ളടക്കങ്ങൾ ഉടനടി നീക്കംചെയ്യണമെന്നും അനുശാസിക്കുന്നു. അശ്ലീല ഉള്ളടക്കം, കുട്ടികളുടെ ലൈംഗികദൃശ്യങ്ങൾ, വ്യാജരേഖകൾ, ഡീപ്ഫെയ്ക്ക് എന്നിവ നിർമിക്കുന്നതും പ്രചരിപ്പിക്കുന്നതും തടയാനുള്ള ഓട്ടോമേറ്റഡ് ടൂളുകൾ എഐ-സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമുകൾ ഏർപ്പെടുത്തണം. ഉള്ളടക്കം അപ്ലോഡ് ചെയ്യുമ്പോൾ അത് എഐ നിർമിതമാണോ എന്ന സത്യവാങ്മൂലം സാമൂഹികമാധ്യമങ്ങൾ ഉപയോക്താവിൽനിന്ന് വാങ്ങണമെന്നും അതിന്റെ സത്യാവസ്ഥ പരിശോധിച്ച് ഉറപ്പാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതെല്ലാം സ്വാഗതാർഹവുമാണ്.

കേന്ദ്ര സർക്കാർ 2021-ലെ ഐടി ചട്ടത്തിൽ വരുത്തിയ ഭേദഗതികൾ ഈ മാസം 20-നു പ്രാബല്യത്തിലാകുകയാണ്. രാജ്യസുരക്ഷ, ക്രമസമാധാനം, അപകീർത്തി, കോടതിയലക്ഷ്യം തുടങ്ങിയവ ഇതിന്റെ പരിധിയിൽ വരും. ഇന്റർനെറ്റ് പ്ലാറ്റ്ഫോമുകളിൽ നിയമവിരുദ്ധ ഉള്ളടക്കം വിലക്കി കോടതിയിൽനിന്നോ സർക്കാരിൽനിന്നോ ഉത്തരവു ലഭിച്ചാൽ കമ്പനികൾ തുടർനടപടിയെടുക്കേണ്ട സമയം 36 മണിക്കൂറിൽനിന്നു മൂന്ന് മണിക്കൂറായി വെട്ടിക്കുറച്ചാണു ചട്ടഭേദഗതി.

എന്നാൽ, 'നിയമവിരുദ്ധ' ഉള്ളടക്കത്തിന്റെ പേരിലുള്ള നടപടികളിൽനിന്ന് സാമൂഹികമാധ്യമ പ്ലാറ്റ്ഫോമുകളെ ഒഴിവാക്കുന്ന 'സേഫ് ഹാർബർ' പരിരക്ഷ ഇല്ലാതാക്കിയത് അഭിപ്രായ-മാധ്യമസ്വാതന്ത്ര്യങ്ങളെ ബാധിക്കുമോ എന്ന ആശങ്കയുണ്ട്. ഐടി നിയമത്തിലെ 79-ാം വകുപ്പ് നൽകിവന്ന പരിരക്ഷ ഇപ്പോഴത്തെ ഐടി ചട്ടഭേദഗതിയിലൂടെ എടുത്തുകളയുമ്പോൾ, ഉപയോക്താക്കൾ പോസ്റ്റ്ചെയ്യുന്ന ഉള്ളടക്കം നിയമവിരുദ്ധമെന്നു കണ്ടെത്തിയാൽ സാമൂഹികമാധ്യമ പ്ലാറ്റ്ഫോമും ഉത്തരവാദിയാകും. ഏതുതരം ഉള്ളടക്കത്തെയാണ് ഭരണകൂടമോ നീതിപീഠമോ 'നിയമവിരുദ്ധ'മെന്നു വിധിക്കുകയെന്ന ഉൾഭയം സാമൂഹികമാധ്യമ പ്ലാറ്റ്ഫോമുകൾക്കുണ്ടാകും. കോടതി കയറാൻ മടിച്ച് സാമൂഹികമാധ്യമക്കമ്പനികൾ, നിയമവിരുദ്ധമെന്നു തോന്നിയേക്കാവുന്ന ഏതുപോസ്റ്റും എടുത്തുമാറ്റുന്ന സ്ഥിതിവിശേഷമുണ്ടാകാം. ഇത് ജനങ്ങളുടെ അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തെയും ഇന്ത്യയിലെ ആശയസംവാദാന്തരീക്ഷത്തെയും ബാധിക്കുമെന്നതിൽ സംശയമില്ല. നിയമവിരുദ്ധ ഉള്ളടക്കം വിലക്കി കോടതിയിൽനിന്നോ സർക്കാരിൽനിന്നോ ഉത്തരവു ലഭിച്ചാൽ സാമൂഹികമാധ്യമങ്ങൾ തുടർനടപടിയെടുക്കേണ്ട സമയം മൂന്നുമണിക്കൂറായും നിജപ്പെടുത്തി. ഇത്തരം നിയന്ത്രണങ്ങൾ ലക്ഷ്യം മറന്ന് അധികാരികളുടെ സ്വാർത്ഥ താൽപര്യങ്ങൾക്കായി ഉപയോഗിക്കാതിരിക്കാനുള്ള നിതാന്ത ജാഗ്രതകൂടി ആവശ്യമായിവരുന്നു. ഇക്കാര്യത്തിൽ മുൻകാല അനുഭവങ്ങളുള്ള സാഹചര്യത്തിൽ വിശേഷിച്ചും. കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ടുള്ള വാർത്തകളോ മറ്റ് ഉള്ളടക്കങ്ങളോ കേന്ദ്രംതന്നെ വ്യാജമെന്നു മുദ്രകുത്തിയാൽ സമൂഹമാധ്യമങ്ങളിൽനിന്ന് 72 മണിക്കൂറിനുള്ളിൽ നീക്കം ചെയ്യാൻ വ്യവസ്ഥ ചെയ്യുന്ന ഐടി ചട്ടഭേദഗതി മൂന്നു വർഷംമുൻപു വിജ്ഞാപനം ചെയ്തപ്പോഴുണ്ടായ വിവാദവും പ്രതിഷേധവും ഇവിടെ ഓർമിക്കാവുന്നതാണ്.

സമൂഹമാധ്യമങ്ങളുടെ ദുരുപയോഗവുമായി ബന്ധപ്പെട്ട എത്രയോ സംഭവങ്ങൾ തുടർച്ചയായി നാം കേട്ടുപോരുന്നു. സമൂഹമാധ്യമങ്ങൾ വരുമാനമാർഗമായതോടെ കണ്ടന്റ് ക്രിയേറ്റർമാരുടെ എണ്ണവും കൂടി. വൈറലാകാൻ കണ്ടന്റ് സൃഷ്ടിക്കാൻ ശ്രമിക്കുന്ന ചിലർ മനുഷ്യത്വവും സാമൂഹിക ഉത്തരവാദിത്തങ്ങളും മനഃപൂർവം മറക്കുകയാണെന്നു പോലീസ്തന്നെ ഓർമപ്പെടുത്തുന്നുണ്ട്. സമൂഹമാധ്യമങ്ങളിലെ നിയമവിരുദ്ധ ഉള്ളടക്കങ്ങൾ ലോകമാകെ കടുത്ത ഭീഷണിയായി മാറിയിരിക്കുന്നു. സമൂഹമാധ്യമങ്ങളുടെ ശുഭസാധ്യതകളത്രയും മറന്ന്, ദുരുപയോഗങ്ങൾക്കു തുനിഞ്ഞിറങ്ങുന്നവർക്കു കർശനമായി തടയിട്ടേതീരൂ. ആ നിയന്ത്രണങ്ങൾക്കും പക്ഷേ, നേരുണ്ടാകണമെന്നുമാത്രം. ഇതെച്ചൊല്ലി ഇതിനകമുയർന്ന ആശങ്കകൾ പരിഹരിക്കേണ്ടതും കേന്ദ്രസർക്കാരിന്റെ ഉത്തരവാദിത്തമാണ്.

# വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ആദ്യ അടിയന്തര ലാൻഡിങ് ഉദ്ഘാടനം ചെയ്തു

ഗുവാഹത്തി: അസമിലെ ദിബ്രുഗഡ് ജില്ലയിലെ ദേശീയപാത 37-ൽ വിമാനമിറങ്ങി പ്രധാനമന്ത്രി നരേന്ദ്ര മോദി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ആദ്യ അടിയന്തര ലാൻഡിങ് സൗകര്യം ഉദ്ഘാടനം ചെയ്തു. 100 കോടി രൂപാ ചെലവിട്ടാണ് മൊറാൻ ബൈപാസിൽ 4.2 കിലോമീറ്റർ റൺവേ നിർമിച്ചത്. അടിയന്തരഘട്ടത്തിൽ വ്യോമസേനയുടെ വിമാനങ്ങൾക്കും യാത്രാവിമാനങ്ങൾക്കും ഇവിടെ ഇറങ്ങാനാകും. വടക്കുകിഴക്കൻ മേഖലയിലെ പ്രതിരോധം ശക്തിപ്പെടുത്തുന്നതിനും ഇത് ഉപകരിക്കും. ചടങ്ങിൽ മുഖ്യമന്ത്രി ഹിമന്തബിശ്വ ശർമയും എയർ ചീഫ് മാർഷൽ എ.പി. സിങ്ങും പങ്കെടുത്തു.

ഇഎൽഎഫ് ഉൾപ്പെടെ 5500 കോടി രൂപയുടെ പദ്ധതികളണ് നിയമസഭാ തെരഞ്ഞെടുപ്പ് അടുത്ത അസമിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തത്. ബ്രഹ്മപുത്ര നദിയിൽ 3030 കോടി രൂപ ചെലവിൽ നിർമിച്ച കുമാർ ഭാസ്കർ വർമ പാലവും പ്രധാനമന്ത്രി തുറന്നു കൊടുത്തു. 7 മിനിറ്റിനുള്ളിൽ ഗുവാഹത്തി-ഗുവാഹത്തി നോർത്ത് യാത്ര സാധ്യമാക്കുന്ന 1.24 കിലോമീറ്റർ നീളമുള്ള 6 വരി കേബിൾ പാലമാണിത്.

പിന്നീട് ലചിത്ഘട്ടിൽ ഗുവാഹത്തി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ താൽക്കാലിക ക്യാമ്പസും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. വടക്കുകിഴക്കൻ സംസ്ഥാനത്തെ രണ്ടാമത്തെ ഐഐഎമ്മാണിത്. ആദ്യത്തേത് ഷില്ലോങ്ങിലാണ്. കാംരൂപ് ജില്ലയിലെ അമിൻ ഗാവിൽ ആരംഭിക്കുന്ന ഹൈടെക് നാഷണൽ ഡേറ്റ സെന്ററിന് വെർച്വലായി പ്രധാനമന്ത്രി തുടക്കമിട്ടു.

പ്രധാനമന്ത്രി ഇ-ബസ് സേവാ പദ്ധതിയിൽ നൽകുന്ന 225 ഇലക്ട്രിക് ബസുകൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

അസമിൽ ബ്രഹ്മപുത്ര നദിക്കടിയിലൂടെയുള്ള റോഡ്- റെയിൽ തുരങ്ക നിർമാണത്തിന് കേന്ദ്രമന്ത്രിസഭാ യോഗം അനുമതി നൽകിയിട്ടുണ്ട്. 18,662 കോടി രൂപ ചെലവിൽ ഗോഹ്പുറിനെയും നുമാലിഗഡിനെയും ബന്ധിപ്പിച്ച് റോഡ്-റെയിൽ യാത്രയ്ക്കുതകുന്ന നാലുവരി ഇരട്ട ട്യൂബ് ടണലാണ് നിർമിക്കുക.

നിലവിൽ നുമാലിഗഡിൽനിന്നു ദേശീയപാത 715 വഴി ഗോഹ്പുറിലേക്കു 240 കിലോമീറ്ററാണു റോഡു മാർഗം യാത്ര ചെയ്യേണ്ടത്. ഇതിന് 6 മണിക്കൂർ എടുക്കും. ബ്രഹ്മപുത്ര നദിക്കടിയിലെ 15.79 കിലോമീറ്റർ ഉൾപ്പെടെ പുതിയ പാതയിലൂടെ 34 കിലോമീറ്റർ സഞ്ചരിച്ചാൽ ലക്ഷ്യത്തിലെത്താം.



അസമിലെ ദിബ്രുഗഡിൽ പുതിയതായി തയാറാക്കിയ അടിയന്തര ലാൻഡിങ് സംവിധാനത്തിൽ നടന്ന പ്രദർശനം പ്രധാനമന്ത്രി നരേന്ദ്ര മോദി വീക്ഷിക്കുന്നു.

# ഡി.പി. ആറിന് കേന്ദ്രാനുമതി

ന്യൂഡൽഹി: കേരളത്തിലെ റെയിൽ വികസനവുമായി ബന്ധപ്പെട്ട് ഏഴ് പദ്ധതികളുടെ ഡി.പി.ആറിന് കേന്ദ്രം അനുമതി നല്കി.

സംസ്ഥാനത്തെ റെയിൽവേയുടെ സമഗ്ര വികസനം ഉറപ്പാക്കുന്ന അതിവേഗ ട്രെയിനുകൾക്ക് വഴിയൊരുക്കുന്ന ഏഴ് പദ്ധതികൾക്ക് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ റെയിൽവേ മന്ത്രാലയം അനുമതി നല്കിയിരുന്നതായി മന്ത്രി അശ്വിനി വൈഷ്ണവ് രാജ്യസഭയിൽ അറിയിച്ചു.

മണിക്കൂറിൽ 160 കിലോമീറ്റർ വേഗതയിൽ ട്രെയിനുകൾക്ക് സഞ്ചരിക്കാൻ കഴിയുന്ന ഏഴ് പദ്ധതികൾക്കു വേണ്ട ഡി.പി.ആർ ആണ് തയ്യാറാക്കുന്നതെന്ന് ചോദ്യങ്ങൾക്ക് ഉത്തരമായി അദ്ദേഹം പറഞ്ഞു.

ഷൊർണൂർ-മംഗലാപുരം (307 കിലോമീറ്റർ) മൂന്നും നാലും പാത, കോയമ്പത്തൂർ-ഷൊർണൂർ (99 കിലോമീറ്റർ) മൂന്നും നാലും പാത, ഷൊർണൂർ-എറണാകുളം (106 കിലോമീറ്റർ) മൂന്നാം പാത, കോട്ടയം-എറണാകുളം-കായംകുളം (115 കിലോമീറ്റർ) മൂന്നാം പാത, കായംകുളം-തിരുവനന്തപുരം (105 കിലോമീറ്റർ) മൂന്നാം പാത, തിരുവനന്തപുരം-നാഗർകോവിൽ (71 കിലോമീറ്റർ) മൂന്നാം പാത, തുറവൂർ-അമ്പലപ്പുഴ (46 കിലോമീറ്റർ) പാത ഇരട്ടിപ്പിക്കൽ. ഇവയുടെ വിശദമായ പദ്ധതി റിപ്പോർട്ട് ലഭിച്ചശേഷം സംസ്ഥാന സർക്കാരുകളുമായും നീതി ആയോഗ് ധനമന്ത്രാലയം എന്നിവയുമായും ചർച്ച നടത്തിയ ശേഷമാകും പദ്ധതികൾക്ക് അന്തിമരൂപം നല്കുക.


അർദ്ധ അതിവേഗ റെയിൽ പദ്ധതിയായ സിൽവർ ലൈനിനുവേണ്ടി (തിരുവനന്തപുരം-കാസർകോട്) സംസ്ഥാന സർക്കാർ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. എന്നാൽ. റിപ്പോർട്ട് കാലാനുസൃതമായി മാറ്റാനും പുതിയ സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളിക്കാനും ബ്രോഡ്ഗേജാക്കാനും കവച് സുരക്ഷാ സംവിധാനം ഏർപ്പെടുത്താനും മറ്റും കേന്ദ്രം നിർദ്ദേശിച്ചിരുന്നു. എന്നാൽ, സിൽവർ ലൈൻ കേരളത്തിന്റെ സ്വതന്ത്രമായ പദ്ധതി ആയിരിക്കണമെന്നാണ് കേരളത്തിന്റെ നിർബന്ധം.

കേരളത്തിൽ കൂടുതൽ വേഗത്തിൽ ട്രെയിനുകൾ ഓടിക്കാൻ പാതകളുടെയും സിഗ്നലുകളുടെയും മറ്റും നവീകരണം നടത്തിവരികയാണ്. സുരക്ഷ ഉറപ്പാക്കാൻ പാളങ്ങളുടെ വെൽഡിങ് പരമാവധി കുറയ്ക്കാൻ 260 മീറ്റർ നീളമുള്ള പാളങ്ങളാണ് ഇപ്പോൾ ഉപയോഗിക്കുന്നത്.

# പ്രൊഫ. നൈപുണി – തമിഴ്നാട് മുന്നിൽ

ന്യൂഡൽഹി: വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണി ഉണ്ടാക്കുന്നതിന് വിവിധ മേഖലകളിൽ വിദഗ്ദ്ധരെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഫാക്കൽറ്റിയായി നിയമിക്കാമെന്ന യുജിസി ഉത്തരവ് കൂടുതൽ ഉപയോഗപ്പെടുത്തിയത് തമിഴ്നാട്. ഇതിനകം 395 വിദഗ്ദ്ധരെയാണ് വിവിധ സ്ഥാപനങ്ങളിൽ അദ്ധ്യാപകരായി നിയമിച്ചത്. മഹാരാഷ്ട്ര-193, ഗുജറാത്ത്-179, കർണാടക-170 എന്നിങ്ങനെയാണ് പിന്നിലുള്ള സംസ്ഥാനങ്ങൾ. ഇക്കാര്യത്തിൽ കേരളം പിറകിലാണ്. ഇതുവരെ ആകെ നിയമിച്ചത് 33 പേരെ. കുട്ടിക്കാനം മരിയൻ കോളജ്, പാലാ ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് കോളജ്, കാഞ്ഞിരപ്പള്ളി അമൽജ്യോതി കോളജ് ഓഫ് എൻജിനീയറിങ് എന്നിവിടങ്ങളിലാണിത്. 30 പേരും മരിയനിലാണ് നിയമിക്കപ്പെട്ടത്. രണ്ടുപേർ പാലായിലും. ഇന്ത്യയിൽ ഇതിനകം 539 സ്ഥാപനങ്ങളാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തത്. 18,750 വിദഗ്ദ്ധരും. ആദ്യം ഒരു വർഷമാണ് നിയമനം. പിന്നീട് രണ്ടു വർഷം വരെ കാലാവധി നീട്ടാം. പ്രത്യേക സന്ദർഭങ്ങളിൽ പരമാവധി ഒരു അധികവർഷംകൂടി നല്കാം. 349 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 1,841 പ്രാക്ടീസ് പ്രൊഫസർമാരെ നിയമിച്ചിട്ടുണ്ട്.


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

# എ.ഐ ഉള്ളടക്കങ്ങൾക്കുമേലുള്ള നിയമങ്ങൾ കർശനമാക്കുന്നു

ന്യൂഡൽഹി: ലൈംഗികാതിക്രമ ഉള്ളടക്കങ്ങൾ, അടുത്ത ബന്ധം വെളിവാക്കുന്ന സമ്മതമില്ലാതെയുള്ള ചിത്രങ്ങൾ, അശ്ലീല ഉള്ളടക്കങ്ങൾ തുടങ്ങിയവ കൃത്രിമമായി പ്രോഗ്രാം ചെയ്തും നിർമിതബുദ്ധിയുടെ സഹായം ഉപയോഗിച്ചും നിർമിക്കുന്നത് നിയമവിരുദ്ധമാക്കുന്ന പുതിയ ചട്ടകൂട് തയാറാക്കി കേന്ദ്ര ഐടി മന്ത്രാലയം. 2021-ലെ ഐടി നിയമങ്ങളിൽ ഭേദഗതി വരുത്തിയാണ് ഡീപ്ഫേക്ക് ഉൾപ്പെടെയുള്ള അശ്ലീല ഉള്ളടക്കങ്ങളിലും നിർമിതബുദ്ധി ഉപയോഗിച്ച് നിർമിക്കുന്ന ഉള്ളടക്കങ്ങളിലും കേന്ദ്രം കടുത്ത നിയന്ത്രണങ്ങൾ കൊണ്ടുവരാനൊരുങ്ങുന്നത്. എഐ ജനറേറ്റഡായിട്ടുള്ള ക്രിമിനൽ പ്രവർത്തനങ്ങളെ മറ്റേതൊരു ഓൺലൈൻ ക്രിമിനൽ ഉള്ളടക്കങ്ങൾക്കും നൽകുന്ന അതേ പരിഗണനയാണ് പുതിയ ഭേദഗതികളിലൂടെ നൽകുന്നത്. ഈ മാസം 20 മുതൽ പുതിയ നിയമങ്ങൾ പ്രാബല്യത്തിൽ വരും.

പുതിയ ചട്ടക്കൂടനുസരിച്ച് അനധികൃത ഓൺലൈൻ ഉള്ളടക്കത്തെ സംബന്ധിക്കുന്ന മറ്റു കുറ്റകൃത്യങ്ങളുടെ അതേ പരിഗണനതന്നെ നിർമിതബുദ്ധി ഉപയോഗിച്ചുകൊണ്ട് തട്ടിപ്പ്, കുട്ടികൾക്കെതിരായ അതിക്രമം, തെറ്റായ വിവരം എന്നീ കുറ്റകൃത്യങ്ങൾക്ക് നൽകുന്നതാണ് പുതിയ ചട്ടക്കൂട്.

എഐ ജനറേറ്റഡായിട്ടുള്ള ഉള്ളടക്കങ്ങൾ വ്യക്തമായും പ്രാധാന്യത്തോടെയും കൃത്രിമമായി നിർമിച്ചത് (സിന്തറ്റിക്കലി ജനറേറ്റഡ്) എന്നു നിർബന്ധമായും ലേബൽ ചെയ്യണമെന്നും എഐ പ്ലാറ്റ്ഫോമുകളോട് പുതിയ നിയമങ്ങൾ നിഷ്കർഷിക്കുന്നുണ്ട്.

കുട്ടികൾക്കെതിരായ ലൈംഗികാതിക്രമം, വ്യാജരേഖകൾ, ആൾമാറാട്ടം എന്നിവ തടയുന്നതിന് ന്യായവും ഉചിതവുമായ സാങ്കേതിക പ്ലാറ്റ്ഫോമുകൾ വിന്യസിക്കണം.

മൂന്നു മാസത്തിലൊരിക്കൽ യൂസേഴ്സിന്റെ ഉത്തരവാദിത്വങ്ങളെപ്പറ്റി സമൂഹമാധ്യമ പ്ലാറ്റ്ഫോമുകൾ അറിയിക്കണം.

സർക്കാർ നോട്ടീസുകൾക്കോ പോലീസ് ഓർഡറുകൾക്കോ പ്രതികരണം നൽകാൻ നേരത്തേ പ്ലാറ്റ്ഫോമുകൾക്ക് 36 മണിക്കൂറായി കുറച്ചു.

പരാതികളിൽ പ്ലാറ്റ്ഫോമുകൾ ഏഴു ദിവസത്തിനകം പ്രതികരിക്കണം. നേരത്തെ 15 ദിവസം നൽകിയിരുന്നു. അടിയന്തര കേസുകൾക്ക് നേരത്തെ അനുവദിച്ചിരുന്ന സമയം 72 മണിക്കൂറാണ്. ഇത് 36 മണിക്കൂറായി കുറച്ചു ഉള്ളടക്കം നീക്കം ചെയ്യാനുള്ള ചില നോട്ടീസിൽ നടപടികൾ രണ്ടു മണിക്കൂറിനുള്ളിൽ പൂർത്തിയാക്കണം.

സാധാരണവും സദുദ്ദേശ്യത്തോടെയുമുള്ള ഡിജിറ്റൽ പ്രവർത്തനങ്ങളെ നിയമത്തിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കളക്ടർ കറക്ഷൻ, നോയ്സ് റിഡക്ഷൻ, സബ്ടൈറ്റിലുകൾ, തർജമകൾ, ഡോക്യുമെന്റ് ഫോർമാറ്റിംഗ്, വിദ്യാഭ്യാസപരവും പരിശീലത്തിനുമുള്ളതായ ഉള്ളടക്കങ്ങൾ തുടങ്ങിയവ സിന്തറ്റിക്കലി ജനറേറ്റഡായി പരിഗണിക്കില്ല.

## കാഴ്ച പരിമിതിയുള്ള ജഡ്ജിയായി തന്യ ചുമതലയേറ്റു

കണ്ണൂർ: കണ്ണൂരിൽനിന്നുയർന്ന നേട്ടം കേരളത്തിലെ നീതിന്യായ ചരിത്രത്തിൽ പുതിയ അധ്യായത്തിനു തുടക്കമിടുകയാണ്. ജന്മനാ കാഴ്ചപരിമിതിയുള്ള കല്യാശേരി മാങ്ങാട് സ്വദേശിയായ സി. തന്യ നാഥൻ കേരളത്തിലെ ആദ്യ കാഴ്ച പരിമിതിയുള്ള ജഡ്ജിയായി നിയമിതയാകുന്നു. വെല്ലുവിളികളെ അതിജീവിച്ച ഈ ഇരുപ



ത്തിനാലുകാരിയുടെ മുന്നേറ്റം കഴിവിനും പ്രതിബദ്ധതയ്ക്കും പരിമിതികളില്ലെന്ന സത്യം ഉറപ്പിക്കുന്നു.

ജൂണിയർ ഡിവിഷൻ സിവിൽ ജഡ്ജിമാരുടെ നിയമത്തിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവരുടെ വിഭാഗത്തിൽ ഒന്നാമതായാണ് തന്യ പദവിയിൽ പ്രവേശിക്കുക. അംഗപരിമിതിയുള്ളവർ ജുഡീഷൽ സർവീസിന് അയോഗ്യരല്ലെന്നു വ്യക്തമാക്കിയ സുപ്രീംകോടതിയുടെ നിർണായക വിധിയാണ് തന്യയുടെ നിയമനത്തിന് കൂടുതൽ കരുത്തേകിയത്.

ജന്മനാ നൂറു ശതമാനം കാഴ്ചയില്ലാത്ത തന്യ കണ്ണൂർ സർവകലാശാലയുടെ പാലയാട് കാമ്പസിൽനിന്ന് ഒന്നാം റാങ്കോടെയാണ് എൽഎൽബി പഠനം പൂർത്തിയാക്കിയത്.

തുടർന്നുള്ള ജുഡീഷൽ തസ്തികളിലേക്കു നിയമനത്തിനു ക്ഷണിക്കുമ്പോൾ അംഗപരിമിതർക്ക് അപേക്ഷിക്കാനാവില്ലെന്ന വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ ഇതിനെതിരെ 2015-ൽ സുപ്രീംകോടതി വിധി വരികയായിരുന്നു. ന്യായാധിപ പദവിയിൽനിന്ന് അംഗപരിമിതരെ വിലക്കുന്നത് മനുഷ്യാവകാശ ലംഘനവും വിവേചനവുമാണെന്നായിരുന്നു കോടതി വിധി. ഈ വിധിയുടെ പശ്ചാത്തലത്തിലാണ് സംസ്ഥാനത്ത് ആദ്യമായി കാഴ്ച പരിമിതിയുള്ള ജഡ്ജിയായി തന്യ ചുമതലയേൽക്കുന്നത്.

ധർമശാലാ മോഡൽ സ്കൂൾ ഫോർ ദ ബ്ലൈൻഡിലാണ് തന്യ ഏഴാം ക്ലാസ് വരെ പഠിച്ചത്. തുടർന്നുള്ള പഠനം പറശിനിക്കടവ് ഹൈസ്കൂളിലും മോറാഴ ഹയർ സെക്കൻഡറിയിലും പൂർത്തിയാക്കിയാണ് എൽഎൽബിക്ക് ചേർന്നത്. തളിപ്പറമ്പിലെ അഭിഭാഷകനായ കെ.ജി. സുനിൽ കുമാറിനൊപ്പം പ്രാക്ടീസ് ചെയ്യുകയാണിപ്പോൾ തന്യ. പ്രവാസിയായ സി. ജഗന്നാഥന്റെയും ബബിതയുടെയും രണ്ടാമത്തെ മകളാണ് തന്യ.സഹോദരി താര.

## മിനിമം ബാലൻസ്: ബാങ്കുകൾ പിഴ ചുമത്തരുതെന്ന് ശിപാർശ

ന്യൂഡൽഹി: സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ മിനിമം ബാലൻസ് ഇല്ലാത്തതിനുള്ള പിഴ ബാങ്കുകൾ ഒഴിവാക്കണമെന്ന് പാർലമെന്റിന്റെ പെറ്റീഷൻസ് കമ്മിറ്റി ശിപാർശ ചെയ്തു.

ധനമന്ത്രാലയവും റിസർവ് ബാങ്കും ഇതിനായി മാർഗരേഖ പരിഗണിക്കണമെന്നും നിർദേശിച്ചു. 2024-25-ൽ മാത്രം 4817 കോടി രൂപയാണ് പൊതുമേഖലാ, സ്വകാര്യ ബാങ്കുകൾ ഈ ഇനത്തിൽ ഈടാക്കിയത്.

പിഴ ചുമത്തപ്പെട്ടവർ ഏറെയും ദരിദ്രരാണെന്നു സമിതി നിരീക്ഷിച്ചു. ചെറുനിക്ഷേപങ്ങൾക്കു പ്രതിമാസം ലഭിക്കുന്ന പലിശയെക്കാൾ കൂടുതലാണു പിഴ. ഇവർ ബാങ്കിങ് സംവിധാനത്തിൽനിന്നു പുറത്തുപോകാൻ ഇടയാക്കുന്ന വ്യവസ്ഥയാണിത്.

പ്രവർത്തനച്ചെലവ് കണ്ടെത്താനാണു പിഴയെന്ന വാദമാണു ബാങ്കുകളുടേത്. എന്നാൽ, 2020-ൽ മിനിമം ബാലൻസ് നിബന്ധന എടുത്തുകളഞ്ഞ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അതുവഴി ഉപയോക്തൃ സംതൃപ്തി വർധിച്ചെന്നും ബിസിനസ് മെച്ചപ്പെട്ടെന്നും സമിതിയെ അറിയിച്ചു. പെറ്റീഷൻസ് കമ്മിറ്റിയുടെ നിർദേശപ്രകാരം ധനമന്ത്രാലയം ജൂണിൽ കത്തയച്ചതോടെ ആറ് പൊതുമേഖലാ ബാങ്കുകൾ പിഴ നിർത്തലാക്കി. അതേസമയം, സ്വകാര്യ ബാങ്കുകൾ പിഴ നിർബാധം തുടരുകയാണെന്നു സമിതി ചൂണ്ടിക്കാട്ടി.

2015-ലാണ് മിനിമം ബാലൻസ് ഇല്ലെങ്കിൽ പിഴ ചുമത്താൻ ബാങ്കുകൾക്കു റിസർവ് ബാങ്ക് അനുമതി നൽകിയത്.

## മലബാറിലൂടെ ബംഗളൂരു–മംഗളൂരു പുതിയ വന്ദേഭാരത്

പരവൂർ: ബംഗളൂരുവിൽനിന്ന് കേരളം വഴി മംഗളൂരുവിലേക്ക് പുതിയ വന്ദേഭാരത് എക്സ്പ്രസ് പരിഗണനയിലെന്ന് റെയിൽവേ മന്ത്രാലയം. ബംഗളൂരുവിൽനിന്ന് പുറപ്പെട്ട് പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് വഴിയായിരിക്കും ഈ പുതിയ സെമി-ഹൈ സ്പീഡ് ട്രെയിൻ നടത്തുക. ഇത് സൗത്ത് വെസ്റ്റ് റെയിൽവേ സോണിലായിരിക്കും പ്രവർത്തിക്കുകയെന്ന് റെയിൽ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥർ സൂചന നൽകി.

കർണാടകയിൽ വൈദ്യുതീകരണം പൂർത്തിയാക്കാൻ വൈകിയ സുപ്രധാന പാതയായിരുന്നു ബംഗളൂരു-മംഗളൂരു പാത. ഭൂമിശാസ്ത്രപരമായ സങ്കീർണതകൾ കാരണമാണ് റൂട്ടിൽ വൈദ്യുതീകരണം പൂർത്തിയാക്കുന്ന ജോലികൾ വൈകിയത്.

ഇപ്പോൾ വൈദ്യുതീകരണ ജോലികൾ പൂർണമായതിനു ശേഷമുള്ള സുരക്ഷാ സർട്ടിഫിക്കേഷനുകൾക്ക് കാക്കുകയാണ് ഈ പാത. ഈ സർട്ടിഫിക്കേഷനുകൾ ലഭിച്ച് കഴിഞ്ഞാൽ ഉടൻ പാതയിലൂടെ വന്ദേഭാരത് ട്രെയിൻ സർവീസ് ആരംഭിക്കാനാണ് മന്ത്രാലയം തയാറെടുപ്പുകൾ തുടങ്ങിയിട്ടുള്ളത്.

നിലവിൽ കർണാടകയിൽ 22 വന്ദേഭാരത് ട്രെയിനുകൾ (11 ജോഡികൾ) സർവീസ് നടത്തുന്നുണ്ട്. ഇവയിൽ ഏഴ് ജോഡികൾ ബംഗളൂരു കേന്ദ്രീകരിച്ചാണ് ഓടുന്നത്. ബംഗളൂരുവിൽനിന്നുള്ള എട്ടാമത്തെ ജോഡി സർവീസ് ആയിരിക്കും മംഗളൂരുവിലേക്കുള്ള വന്ദേഭാരത് ട്രെയിൻ. പുതിയ ബംഗളൂരു-മംഗളൂരു വന്ദഭാരത് എക്സ്പ്രസ് ട്രെയിൻ ഈ രണ്ട് നഗരങ്ങൾക്ക് മധ്യേയുള്ള യാത്രാസമയം ഗണ്യമായി കുറയ്ക്കുമെന്നും റെയിൽവേ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ പറഞ്ഞു.

HEATING & AIR CONDITIONING
Honest
Reliable
Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers
24 Hour Emergency Service

• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE
Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE

George Kurian
Mortgage Specialist
NMLS ID 220917
1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
8473408708
avicote2@gmail.com
http://pinnacle.mortgage
"Licensed to originate Mortgage both in Illinois and Georgia"

# കേരള അസോസിയേഷന്റെ സസ്നേഹം വാലന്റൈൻ സംഗീതവിരുന്ന് ഡാളസിനെ സംഗീതസാന്ദ്രമാക്കി

**പി.പി. ചെറിയാൻ**

ഡാളസ്: പ്രണയത്തിന്റെയും സൗഹൃദത്തിന്റെയും സുന്ദരമായ ഓർമ്മകൾ പങ്കുവെച്ച് കേരള അസോസിയേഷൻ ഓഫ് ഡാളസ് സംഘടിപ്പിച്ച സ



സ്നേഹം വാലന്റൈൻ സംഗീതവിരുന്ന് അരങ്ങേറി.

ഫെബ്രുവരി 14-ന് ശനിയാഴ്ച വൈകുന്നേരം കരോൾട്ടണിലെ സെന്റ് ഇഗ്നേഷ്യസ് ചർച്ച് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ ഡാളസിലെ സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖരും നിരവധി സംഗീതപ്രേമികളും പങ്കെടുത്തു.

കേരള അസോസിയേഷൻ പ്രസിഡണ്ട് ഷിജു ഏബ്രഹാം ചടങ്ങിൽ സ്വാഗതം ആശംസിച്ചു. മുഖ്യാതിഥിയായി എത്തിയ എസ്.കെ. മഠത്തിൽ വാലന്റൈൻ ദിവസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രത്യേക പ്രഭാഷണം നടത്തി. ആർട്സ് ഡയറക്ടർ ജിജി സ്കറിയ പരിപാടികൾ വിശദീകരിക്കുകയും വാലന്റൈൻ ദിനത്തിൽ ഇത്തരമൊരു സംഗീതവിരുന്ന് സംഘടിപ്പിക്കാൻ കഴിഞ്ഞതിലുള്ള സന്തോഷം പങ്കുവെക്കുകയും ചെയ്തു. അസോസിയേഷൻ ജനറൽ സെക്രട്ടറി മൻജിത് കൈനിക്കര ചടങ്ങിന് നന്ദി പ്രകാശിപ്പിച്ചു.

സംഗീതജ്ഞർക്കും കലാപ്രേമികൾക്കും പുറമെ ഇന്ത്യൻ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്റർ പ്രസിഡണ്ട് മാത്യു നൈനാൻ, കേരള ലിറ്റററി സൊസൈറ്റി പ്രസിഡണ്ട് അനശ്വർ മാമ്പിള്ളി, ഇന്ത്യ പ്രസ്ക്ലബ് നോർത്ത് ടെക്സസ് പ്രതിനിധി സിജു വി. ജോർജ് തുടങ്ങി സമൂഹത്തിലെ വിവിധ തലങ്ങളിലുള്ള സാംസ്കാരിക പ്രവർത്തകരുടെ സാന്നിദ്ധ്യം പരിപാടിയുടെ മാറ്റ് കൂട്ടി. തത്സമയ വാദ്യസംഗീതത്തിന്റെ അകമ്പടിയോടെതന്നെ ഗാനമേളയിൽ പഴയതും പുതിയതുമായ നിരവധി പ്രണയഗാനങ്ങൾ ആലപിക്കപ്പെട്ടു. സോളോ പ്രകടനങ്ങൾ: നബ, അലക്സാണ്ടർ പാപ്പച്ചൻ, ചാർലി വരാനാഥ്, സുബിൻ ചാർലി



തുടങ്ങി 27-ഓളം ഗായകർ വേദിയിൽ അണിനിരന്നു.

ബാലപ്രതിഭകൾ: അതുൽ ശ്രീജിത്, ദിയ നായർ, എഡ്ഢിൻ മനയാത്ത്, അലസ്റ്റർ മാമ്പിള്ളി, അമേയ വിമൽ എന്നീ കുട്ടികളുടെ പ്രകടനം സദസ്സിന്റെ പ്രത്യേക കൈയടി നേടി. വാദ്യസംഗീതം: സന നായരുടെ സാക്സോഫോൺ പ്രകടനവും അഭിജിത്ത് രാജീവ് വയലിൽ തീർത്ത സംഗീതവും വേറിട്ട അനുഭവമായി.

റുമാന സംജാദ്, സന ഷാനോബ് എന്നിവർ പരിപാടിയുടെ അവതാരകരായി തിളങ്ങി. സിനു & ഗിരീഷ് പാലക്കാട്, ലീനസ് വർഗീസ് എന്നിവർ അവതരിപ്പിച്ച ഡ്യൂയറ്റുകളും ബിനൂപിന്റെയും അനൂപിന്റെയും നേതൃത്വത്തിൽ നടന്ന ഗ്രൂപ്പ് സോങ്ങുകളും പരിപാടിയെ കൂടുതൽ വർണ്ണാഭമാക്കി. വൈകുന്നേരം 5.30 മുതൽ രാത്രി 8 വരെ നീണ്ടുനിന്ന ഈ സംഗീതസായാഹ്നം ഡാളസിലെ മലയാള സമൂഹത്തിൽ ഒരു മികച്ച വാലന്റൈൻദിന സമ്മാനമായി മാറി.

# കാക്കും കരങ്ങൾ

**കെ.എം. ഈപ്പൻ**

## എന്റെ മകനെ രക്ഷിക്കണേ മക്കളേ... ഒരമ്മയുടെ യാചന...!

എന്റെ മകനെ രക്ഷിക്കണേ മക്കളേ... ഒരമ്മയുടെ യാചന...! 'ഞങ്ങളെ സഹായിക്കണേ മക്കളേ....' കണ്ണീരും പ്രാർത്ഥനയുമായി കഴിയുന്ന ഒരമ്മയുടെ ചങ്കു പൊട്ടുന്ന ഈ വാക്കുകൾ സമൂഹമാധ്യമങ്ങളെ കണ്ണീരിലാഴ്ത്തിയിരിക്കുന്നു. 'മക്കളെ' എന്ന ഇടറിയ ആ വിളിയിലുണ്ട് അവരുടെ നെഞ്ച് തുളയ്ക്കുന്ന കണ്ണീരിന്റെ കൈപ്പും നിസ്സഹായതയും.

'വിധിയുടെ വിളയാട്ടം' എന്ന് നമ്മൾ പറയുന്ന കഠിനമായ സാഹചര്യത്തിലൂടെ ഈ അമ്മ തന്റെ രോഗബാധിതനായ മകനുമായി സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. സ്വന്തം മകനെക്കുറിച്ചുള്ള നൂറായിരം സ്വപ്നങ്ങൾകൊണ്ട് നെയ്തെടുത്ത ജീവി



തം, ചീട്ടുകൊട്ടാരം പോലെ തകർന്നടിഞ്ഞ്, രക്തത്തിൽ കുളിച്ചു കിടക്കുന്ന അവസ്ഥയെപ്പറ്റി ഒന്ന് ചിന്തിച്ചു നോക്കൂ. ഒരമ്മയും മകനും അനുഭവിക്കുന്ന നീറ്റലിന്റെ വേദനാജനകമായ ആ കഥ ഇവിടെ ഇതാ നിങ്ങളുടെ സാന്ത്വന സഹായത്തിനായി വെമ്പൽ കൊള്ളുന്നു.

കുഞ്ഞുങ്ങളാണ് ഓരോ അച്ഛനമ്മമാരുടെയും നാളേയ്ക്കുള്ള പ്രതീക്ഷ. അങ്ങനെ ഒരു കുടുംബത്തിന്റെ മുഴുവൻ പ്രതീക്ഷയായിരുന്നു ഇന്ന് വേദന കൊണ്ട് പുളയുന്ന വിൻസിയുടെയും ലോറൻസ് വർഗീസിന്റെയും ഈ മകൻ. ആകെയുണ്ടായിരുന്ന സ്ഥലം 32 ലക്ഷം രൂപയ്ക്ക് വിറ്റ് മകനെ എൻജിനീയറിങ് പഠിക്കാനായി യൂറോപ്പിലേക്ക് അയച്ച ഈ അച്ഛനമ്മമാർ മകന്റെ ഭാവി സുരക്ഷിതമാക്കി എന്ന സമാധാനത്തിൽ കഴിഞ്ഞു പോകവേയാണ് ദുരന്തം അവരെ വേട്ടയാടിയത്. യൂറോപ്പിൽ ചെന്ന് രണ്ടാഴ്ച കഴിഞ്ഞതും 20 വയസ്സുള്ള ആ മകൻ കോവിഡ് ബാധിച്ച് രക്തം ഛർദ്ദിച്ച് ആശുപത്രി കിടക്കയിൽ ബോധരഹിതനായി കിടന്നു. മരണം തൊട്ടുപിന്നിൽ ഉണ്ടെന്ന് ഡോക്ടർമാർ വിധിയെഴുതിയെങ്കിലും അച്ഛനമ്മമാരുടെ മുട്ടിപ്പായ പ്രാർത്ഥന ഒന്നുകൊണ്ടുമാത്രം അവൻ ജീവിതത്തിലേക്ക് തിരികെവന്നു. എന്നാൽ പിന്നീടുള്ള അവന്റെ ജീവിതം മരണത്തെക്കാൾ ഭയാനകമായി മാറി. പച്ചയായ മനുഷ്യനെ കാർന്നുതിന്ന കൊറോണയുടെ അനന്തരഫലങ്ങളുമായി ഇഴഞ്ഞുനീങ്ങാൻ പോലുമാകാതെ, നെഞ്ചിന് കീഴ്പോട്ട് ശരീരമാസകലം രക്തക്കട്ടകൾ പേറി കിടക്കുകയാണ് അവൻ.

മകനെ ജീവനോടെ തിരിച്ചു കിട്ടിയെങ്കിലും ദിനംപ്രതി മരിച്ച് ജീവിക്കുന്ന ഈ 24-കാരൻ നാല് വർഷത്തോളമായി വിദഗ്ദ്ധരായ ഡോക്ടർമാരുടെ ചികിത്സയിലാണ് കഴിഞ്ഞു പോകുന്നത്. രക്തം കട്ട പിടിക്കാതിരിക്കാൻ സഹായിക്കുന്ന ഇഞ്ചക്ഷൻ ദിവസവും രണ്ട് നേരം കൊടുത്തില്ലെങ്കിൽ ജീവൻ തന്നെ നിലച്ചുപോകുന്ന സാഹചര്യത്തിലാണ്. 2000 രൂപയാണ് ഒരു ദിവസത്തെ ഇഞ്ചക്ഷന്. ഒരുമാസം ജീവിക്കണമെങ്കിൽ 60,000 രൂപയുടെ ഇഞ്ചക്ഷൻ തന്നെ വേണം; ഒപ്പം 10000 രൂപയുടെ മരുന്നുകളും. ഓരോ ആശുപത്രി സന്ദർശനത്തിനും സ്കാനിങ്ങുകൾ, ടെസ്റ്റുകൾ എന്നീ പരിശോധനകൾക്കൊക്കെ വേറെ വലിയ തുകയും



കരുതണം. മാത്രമല്ല രണ്ടുമാസം കൂടുമ്പോൾ 75000 രൂപയുടെ മറ്റൊരു ഇഞ്ചക്ഷൻ കൂടി നൽകിയാലേ ജീവന് ആപത്ത് സംഭവിക്കാതെ സംരക്ഷിക്കാൻ സാധിക്കൂ.

ചികിത്സയ്ക്ക് മാത്രമായി ഇതിനോടകം തന്നെ 27 ലക്ഷം രൂപയാണ് പലയിടത്ത് നിന്നും കടം ആയിട്ടുള്ളത്. ഒരു സ്വകാര്യ സ്ഥാപനത്തിലെ വിൻസിയുടെ ചെറിയ ജോലി കൊണ്ടാണ് ഇപ്പോൾ താമസിക്കുന്ന വീടിന്റെ വാടക കൊടുത്തു പോകുന്നത്. ചികിൽസാ ചെലവും വീടിന്റെ വാടകയും ഒത്തുപോകാൻ ആകാതെ പല വാടക വീടുകളിൽനിന്നും മാറി താമസിക്കേണ്ട ഗതികേടു പോലും അനുഭവിച്ചിട്ടുണ്ട് അവർ.

ആ അമ്മയുടെ മുഖം കാണുമ്പോൾ കണ്ണുനിറയാത്തവരായി ആരുമുണ്ടാവില്ല. ആ അമ്മയുടെ കണ്ണീരും നിസ്സഹായതയും കാണാതെ പോകരുതേ.. ഒരു 100 രൂപയാണെങ്കിൽ പോലും നിങ്ങളാൽ കഴിയുന്നത് നൽകി ആ കുടുംബത്തിന് കൈത്താങ്ങാകണേ... അങ്ങനെയെങ്കിലും ദൈവത്തിന്റെ കരസ്പർശം നിങ്ങളിലൂടെ ആ കുടുംബത്തിന് ലഭിക്കുമാറാകട്ടെ... ജീവിതത്തിൽ ഉടനീളം കഷ്ടപ്പാടും ദുരിതവും മാത്രം അനുഭവിച്ച നല്ലവരായ ആ മനുഷ്യർക്ക് വേണ്ടി ഒരു ചുവടെങ്കിലും മുന്നോട്ടുവയ്ക്കൂ. നിങ്ങൾക്ക് നല്ലതേ വരൂ....

Name: VINCY K V
(Vincy Kundukulam vinson)
Bank: State Bank of India
A/c No: 31123520226
IFSC: SBIN0008679
Branch: Trichur Town,
Pooma Complex.

**മേൽവിലാസം.**
Nayankara House,
House No :2,
Janakia street,
Paravattani,
Near Maruthi Service Centre,
Thrissur 680005

**കൂടുതൽ വിവരങ്ങൾക്ക്**
9745920074
9388899893
9539419583
Gp-9539419583

# വന്ദേമാതരം ആലപിക്കാൻ പുതിയ നിർദേശം

ന്യൂഡൽഹി: ദേശീയ ഗീതമായ വന്ദേമാതരം ആലപിക്കുന്നതിന് പുതിയ ഔദ്യോഗിക മാനദണ്ഡങ്ങൾ പുറത്തിറക്കി കേന്ദ്ര ആഭ്യന്തരമന്ത്രാലയം. പുതിയ ഉത്തരവ് പ്രകാരം വന്ദേമാതരത്തിന്റെ ആറു ഖണ്ഡികകളും ഇനിമുതൽ ആലപിക്കണം. മൂന്നു മിനിറ്റും 10 സെക്കൻഡുമാണ് ഇതിന്റെ ആകെ ദൈർഘ്യം. ഒരു മിനിറ്റും ഒമ്പത് സെക്കൻഡുമെടുത്ത് രണ്ടു ചരണം ആലപിക്കുകയായിരുന്നു ഇതുവരെയുണ്ടായിരുന്ന പതിവ്. എന്നാൽ ഇനിമുതൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ എല്ലാ ഔദ്യോഗിക പരിപാടികളിലും ദേശീയ ഗീതത്തിന്റെ ആറു ചരണവും ആലപിക്കണം. വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് പാർലമെന്റിൽ നടന്ന ചർച്ചയ്ക്കു പിന്നാലെ ദേശീയഗീതത്തിന് ദേശീയഗാനത്തോടൊപ്പം പ്രാധാന്യം നൽകുമെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കിയിരുന്നു. ഇതിനു പിന്നാലെയാണ് കേന്ദ്ര ആഭ്യന്തരമന്ത്രാലയം ഉത്തരവിറക്കിയത്.

ഇതോടൊപ്പം രാഷ്ട്രപതിയോ സംസ്ഥാന ഗവർണർമാരോ ലഫ്. ഗവർണർമാരോ ഏതെങ്കിലും ഔദ്യോഗിക പരിപാടിയിൽ എത്തുമ്പോഴും ചടങ്ങുകളിൽനിന്ന് പോകുമ്പോഴും ഗീതം ആലപിക്കണം. രാഷ്ട്രപതി റേഡിയോയിലൂടെയോ ടെലിവിഷനിലൂടെയോ ഇന്ത്യയെ അഭിസംബോധന ചെയ്യുന്നതിനുമുമ്പും ശേഷവും വന്ദേമാതരം ആലപിക്കണം. ഇതോടൊപ്പം പരേഡുകളിൽ ദേശീയ പതാക എത്തിക്കുമ്പോഴും ഗീതം ആലപിക്കണമെന്നാണു നിർദേശം. സർക്കാർ ആവശ്യപ്പെടുന്ന മറ്റ് അവസരങ്ങളിലും ഗീതം ആലപിക്കണം.

ഔദ്യോഗിക അവസരങ്ങളിൽ ദേശീയ ഗീതം പാടുമ്പോഴൊക്കെ ആറു ചരണവും പാടണം. സ്കൂളുകളിൽ ദിവസം ആരംഭിക്കുന്നതിനുമുമ്പ് ദേശീയ ഗീതം ആലപിക്കാവുന്നതാണെന്നും നിർദേശമുണ്ട്. പരേഡുകളിൽ ഒഴികെ ദേശീയ പതാക നിവർത്തുന്ന അവസരങ്ങളിൽ വന്ദേമാതരം ആലപിക്കേണ്ടതാണ്. റിപ്പബ്ലിക്ദിന ആഘോഷങ്ങളിലാണ് പൊതുവെ ദേശീയ പതാക നിവർത്തുന്ന ചടങ്ങ് ഉണ്ടാകുക. മന്ത്രിമാരും മറ്റും പങ്കെടുക്കുന്ന അവസരങ്ങളിൽ നിർബന്ധമല്ലെങ്കിലും ഗീതം ആലപിക്കാം.

ദേശീയ ഗീതം ആലപിക്കുന്നതിന് അനുവദനീയമായ അവസരങ്ങളുടെ പട്ടിക നൽകാനാകില്ലെന്നും മാതൃരാജ്യത്തോടുള്ള ആദരം പ്രകടിപ്പിക്കാൻ സാധിക്കുന്ന അവസരങ്ങളിൽ ഇതു സാധ്യമാണെന്നും ആഭ്യന്തരമന്ത്രാലയത്തിന്റെ നിർദേശത്തിൽ വ്യക്തമാക്കുന്നുണ്ട്.

ഇനിമുതൽ ദേശീയ ഗീതത്തിന്റെ ഔദ്യോഗിക പതിപ്പ് ആലപിക്കുമ്പോഴോ റിക്കാർഡ് ചെയ്ത ഭാഗം കേൾക്കുമ്പോഴോ ദേശീയ ഗാനത്തോടു പ്രകടിപ്പിക്കുന്ന സമാന ആദരവോടെ എഴുന്നേറ്റ് അറ്റൻഷനായി നിൽക്കണമെന്നും നിർദേശമുണ്ട്. എന്നാൽ സിനിമകളിലും മറ്റും ദേശീയഗീതം ആലപിക്കുന്ന സന്ദർഭമുണ്ടായാൽ അറ്റൻഷനായി നിൽക്കേണ്ട ആവശ്യമില്ലെന്നും ആഭ്യന്തരമന്ത്രാലയം നിർദേശത്തിൽ വ്യക്തമാക്കി.

## നഗരനയത്തിന് അംഗീകാരം

തിരുവനന്തപുരം: കേരളത്തിന്റെ അടുത്ത 25 വർഷത്തെ വികസനദിശ നിർണയിക്കാനെന്ന പ്രഖ്യാപനത്തോടെ നഗരനയത്തിനു മന്ത്രിസഭാ യോഗം അംഗീകാരം നൽകി. ഇത്തരമൊരു നയം ഇന്ത്യയിൽ ആദ്യമായി തയാറാക്കുന്ന സംസ്ഥാനമാണു കേരളമെന്ന് സർക്കാർ അവകാശപ്പെട്ടു. പ്രാദേശിക പ്രത്യേകതകൾ പരിഗണിച്ച് നഗരങ്ങളെ ബ്രാൻഡ് ചെയ്യും. തൃശൂർ-കൊച്ചി നഗരങ്ങളെ ധന-സാങ്കേതികവിദ്യ (ഫിൻടെക്) ഹബ്, പാലക്കാട്-കാസർകോട് എന്നിവയെ വ്യവസായ സ്മാർട് സിറ്റികൾ, ഗവേഷണങ്ങളും പുതിയ കണ്ടെത്തലുകളും പ്രോത്സാഹിപ്പിക്കാൻ തിരുവനന്തപുരം-കൊല്ലം വിജ്ഞാന ഇടനാഴി, കണ്ണൂർ ഫാഷൻ സിറ്റി, കണ്ണൂർ-കാസർകോട്, തൃശൂർ-എറണാകുളം എന്നിവയെ വിദ്യാഭ്യാസ-ആരോഗ്യ (എജ്യു-ഹെൽത്ത്) ഹബ്, കോഴിക്കോട് സാഹിത്യ നഗരം എന്നിങ്ങനെ ബ്രാൻഡ് ചെയ്യും. വിവിധ വ്യവസായങ്ങൾക്കായി പുനരുപയോഗ ഊർജത്തിൽ പ്രവർത്തിക്കുന്ന പരിസ്ഥിതി സൗഹൃദ വ്യവസായ പാർക്കുകൾ തുടങ്ങും. സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കായി തിരുവനന്തപുരം-കൊല്ലം, കൊച്ചി-തൃശൂർ, കോഴിക്കോട്-കണ്ണൂർ എന്നിങ്ങനെ ക്ലസ്റ്ററുകൾ സ്ഥാപിക്കും. ദുരന്ത പ്രതിരോധത്തിനും അടിയന്തര സാഹചര്യങ്ങളെ നേരിടാനുമുള്ള നഗരവികസന പദ്ധതികൾക്കായി ഹരിത ഫീസ് ഈടാക്കും.

## വയോജനങ്ങൾക്ക് ആശ്വാസമായി ദ്രുതകർമ്മസേന

തിരുവനന്തപുരം: ഒറ്റപ്പെടൽ, രോഗാതുരമായ അവസ്ഥ, സാമ്പത്തിക പരാധീനത, ശാരീരികവും മാനസികവുമായ പ്രയാസങ്ങൾ തുടങ്ങി വയോജനങ്ങളുടെ പ്രശ്നങ്ങൾക്ക് ഉടൻ പരിഹാരത്തിന് ദ്രുതകർമ്മ സേന (ആർആർടി) എത്തും. സാമൂഹികനീതി വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ആർആർടികൾ ആരംഭിക്കും. സേനാംഗങ്ങളുടെ പരിശീലനം പൂർത്തിയായാലുടൻ പദ്ധതി ആരംഭിക്കും. എപിഎൽ, ബിപിഎൽ വ്യത്യാസമില്ലാതെ അർഹരായ എല്ലാ വയോധികർക്കും സേവനം ലഭ്യമാകും. പകർച്ചവ്യാധികൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവ മൂലം ദുരിതത്തിലും മറ്റ് അപകട സാഹചര്യങ്ങളിലുംപെട്ട മുതിർന്ന പൗരന്മാർക്ക് ഉടൻ രക്ഷാസേവനം നല്കും. ആരോഗ്യ സംരക്ഷണം, മാനസിക പിന്തുണ, സാമൂഹിക സംയോജനം എന്നിവയിലൂടെ പുനരധിവാസം ഉറപ്പാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. നിയമസഹായം, നൈപുണ്യ വികസനം, സാമൂഹിക സുരക്ഷാ പരിപാടികൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവയുടെ ഗുണഫലം ലഭ്യമാക്കുകയും ചെയ്യും. ആശുപത്രി ചികിത്സ ആവശ്യമായി വരുന്ന അഗതികളായ വയോജനങ്ങൾക്ക് ആവശ്യമെങ്കിൽ കൂട്ടിരിപ്പിന് കെയർ ഗിവറെയും ചികിത്സാ സൗകര്യവും ലഭ്യമാക്കും. കെയർ ഗിവർക്ക് ദിവസേന 675 രൂപ വീതവും മുഴുവൻസമയ സേവനത്തിന് 1350 രൂപ നിരക്കിലും വേതനം നല്കാം. അടിയന്തര ഘട്ടങ്ങളിൽ മുൻകൂർ അനുമതി കൂടാതെ സാമ്പത്തികമായി ഇടപെടാനും അനുമതിയുണ്ട്.


## അച്ചടക്കത്തിന് ചൂരൽപ്രയോഗം: തെറ്റില്ലെന്ന് ഹൈക്കോടതി

കൊച്ചി: സ്കൂളിലെ അച്ചടക്കം ഉറപ്പാക്കാനും വിദ്യാർത്ഥിയെ തിരുത്താനും അധ്യാപകനോ അധ്യാപികയ്ക്കോ ശരിയായ ഉദ്ദേശ്യത്തോടെ വിദ്യാർത്ഥിയെ ശാരീരികമായി ശിക്ഷിക്കുന്നതിൽ തെറ്റില്ലെന്നും കുറ്റമായി കാണാനാകില്ലെന്നും ഹൈക്കോടതി. ചൂരൽപ്രയോഗം നടത്തിയതിന്റേപേരിൽ തിരുവനന്തപുരം വെങ്ങാനൂരിലെ സ്കൂൾ അധ്യാപകനെതിരെ വിഴിഞ്ഞം പോലീസെടുത്ത കേസിലെ തുടർനടപടികൾ റദ്ദാക്കിയ ഉത്തരവിലാണ് ജസ്റ്റിസ് സി. പ്രദീപ്കുമാറിന്റെ നിരീക്ഷണം.

തിരുവനന്തപുരം അഡീഷണൽ ജില്ലാ സെഷൻസ് കോടതിയിലെ കേസിന്റെ തുടർനടപടികൾ അവസാനിപ്പിക്കണം എന്നാവശ്യപ്പെട്ട് അധ്യാപകൻ ഫയൽചെയ്ത ഹർജി അനുവദിച്ചാണ് ഉത്തരവ്.

2025 ഫെബ്രുവരി 10-ന് സ്റ്റാഫ് മുറിയിലേക്കു വിളിച്ചുവരുത്തിയ വിദ്യാർത്ഥിയെ ചൂരൽ ഉപയോഗിച്ച് അധ്യാപകൻ അടിച്ചെന്നായിരുന്നു കേസ്. അച്ചടക്കനടപടി സ്വീകരിക്കാനുള്ള അനുമതി അധ്യാപകർക്ക് രക്ഷിതാക്കൾ നൽകുന്നതായി കണക്കാക്കേണ്ടതുണ്ടെന്ന ഹൈക്കോടതിയുടെ മുൻ ഉത്തരവും കോടതി കണക്കിലെടുത്തു.

## ആർച്ച്ബിഷപ് ഫുൾട്ടൻ ജെ. ഷീന്റെ വാഴ്ത്തപ്പെട്ട പദവിക്ക് അംഗീകാരം



വത്തിക്കാൻ: ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള വചന പ്രഘോഷണത്തിലൂടെ അനേകായിരങ്ങളെ വിശ്വാസത്തിലേക്കു നയിച്ച ആർച്ച് ബിഷപ് ഫുൾട്ടൻ ജെ. ഷീന്റെ വാഴ്ത്തപ്പെട്ട പ്രഖ്യാപനത്തിന് ലെയോ പതിനാലാമൻ മാർപാപ്പയുടെ അംഗീകാരം.

20-ാം നൂറ്റാണ്ടിൽ സഭയിലും ലോകത്തും സുവിശേഷവത്കരണത്തിന്റെ ഏറ്റവും വലിയ ശബ്ദങ്ങളിൽ ഒരാളായിരുന്നു ആർച്ച് ബിഷപ് ഫുൾട്ടൻ ഷീൻ.

1950-60-കളിൽ അമേരിക്കയിലെ സംപ്രേഷണം ചെയ്ത ലൈഫ് ഈസ് വർത്ത് ലിവിംഗ് എന്ന ഏറ്റവും ജനപ്രീതിയാർജിച്ച ടെലിവിഷൻ വചന പ്രഘോഷണ പരിപാടിയുടെ പേരിലാണ് ഫുൾട്ടൻ ജെ. ഷീൻ അനേകായിരങ്ങൾക്ക് പരിചിതനാകുന്നത്. ദശലക്ഷക്കണക്കിന് ആളുകളാണ് ഈ പരിപാടി കണ്ടിട്ടുള്ളത്. മരണശേഷവും അദ്ദേഹത്തിന്റെ വചന പ്രഘോഷണ ഭാഗങ്ങൾ പുനഃസംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്.

1895-ൽ അമേരിക്കയിലെ ഇല്ലിനോയിസിൽ ജനിച്ച ഷീൻ തന്റെ 24-ാം വയസിൽ പൗരോഹിത്യം സ്വീകരിച്ചു. 1951-ൽ ന്യൂയോർക്കിലെ സഹായമെത്രാനായി. 1966-ൽ റോച്ചെസ്റ്റർ രൂപതയുടെ മെത്രാനായി. മൂന്നു വർഷത്തിനുശേഷം ആർച്ച് ബിഷപ്പായി. 1979-ൽ ന്യൂയോർക്ക് സിറ്റിയിൽ വച്ചാണ് അദ്ദേഹം ദിവംഗതനായത്.

വിശുദ്ധമായ ജീവിതം കൊണ്ടും സുവിശേഷ തീക്ഷ്ണതകൊണ്ടും അനേകായിരങ്ങളെ പ്രകാശത്തിലേക്കു നയിച്ച ഫുൾട്ടൻ ജെ. ഷീന്റെ നാമകരണ നടപടികൾക്ക് 2002ലാണ് തുടക്കമായത്.






# കിഫ്ബി വഴി 14 പദ്ധതികൾക്ക് അനുമതി

തിരുവനന്തപുരം: ഫെബ്രുവരി 13-ന് ചേർന്ന 56-ാമത് കിഫ്ബി ബോർഡ് യോഗത്തിൽ 689.45 കോടി രൂപയുടെ 14 പദ്ധതികൾക്ക് ധന അനുമതി നൽകി. ഇതോടെ ഇതുവരെ ആകെ 98,836.83 കോടി രൂപയുടെ 1237 പദ്ധതികൾക്കാണു കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതെന്ന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ അറിയിച്ചു. ഇതിനുപുറമെ 8081 കോടി രൂപയുടെ 11 പദ്ധതികൾക്ക് നിബന്ധനകൾക്കു വിധേയമായി തത്വത്തിലുള്ള അംഗീകാരം നൽകിയതായും മന്ത്രി പറഞ്ഞു. ഇതിനുമുമ്പ് തത്വത്തിൽ അംഗീകാരം നൽകിയ പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ തുടർന്നു വരികയാണ്.

ശബരി റെയിൽവേ പദ്ധതിക്കായി 1900 കോടി രൂപ മാറ്റിവെക്കുന്നതിനും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കിഫ്ബി ബോർഡ് യോഗം തീരുമാനിച്ചു.

ഈ പദ്ധതിക്കായി ഇനി പ്രത്യേകം ധനാനുമതിയുടെ ആവശ്യമില്ലെന്നും പദ്ധതി നടപ്പിലാക്കുമെന്ന് ഉറപ്പാണെന്നും ധനമന്ത്രി വ്യക്തമാക്കി. കിഫ്ബി ഏറ്റെടുത്തിരിക്കുന്ന ആകെ പദ്ധതികളുടെ മൂല്യം ഒരു ലക്ഷം കോടി രൂപയിൽനിന്ന് 1.10 ലക്ഷം കോടി രൂപയായി വർധിച്ചതായും മന്ത്രി പറഞ്ഞു. ശബരി റെയിൽവേ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ കിഫ്ബി സിഇഒയെ യോഗം ചുമതലപ്പെടുത്തി.

കേന്ദ്ര ബജറ്റിൽ ഈ പദ്ധതിയോട് അവഗണനയാണുണ്ടായതെങ്കിലും ശബരിമല തീർത്ഥാടകർക്കും വിവിധ ജില്ലകളിലെ ജനങ്ങൾക്കും ഗുണകരമാകുന്ന രീതിയിൽ പദ്ധതിയുമായി മുന്നോട്ടുപോകാനാണു കേരളസർക്കാരിന്റെ തീരുമാനമെന്നും ധനമന്ത്രി പറഞ്ഞു.

# കേരളത്തിലെ ഏറ്റവും പ്രായംകുറഞ്ഞ അവയവദാതാവായി ആലിൻ



കൊച്ചി: കടന്നുപോയ വഴിത്താരകളിലെല്ലാം മിഴി നിറഞ്ഞ് പ്രാർത്ഥനയോടെ കേരളം ആ കുഞ്ഞിനെ യാത്രയാക്കി. വിടപറയും മുൻപേ നാലുപേർക്ക് പുതുജീവിതമേകി പത്തുമാസം പ്രായമുള്ള ആലിൻ ഷെറിൻ എബ്രഹാം കേരളത്തിന്റെ മനസ്സിലെ നിത്യനക്ഷത്രമായി. കേരളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ അവയവദാതാവായി.

ഫെബ്രുവരി അഞ്ചിന് മാതാപിതാക്കളോടൊപ്പം കാറിൽ സഞ്ചരിക്കുമ്പോൾ എംസി റോഡിൽ പള്ളം ബോർമ കവലയിൽ എതിർദിശയിൽ നിന്നെത്തിയ വാഹനം ഇടിച്ചുണ്ടായ അപകടത്തിൽപ്പെട്ട് ദിവസങ്ങളോളം ചികിത്സയിലായിരുന്ന ആലിൻ പിന്നെ ഉണർന്നതേയില്ല. ഡോക്ടർമാർ മസ്തിഷ്കമരണം സ്ഥിരീകരിച്ചതിനെ തുടർന്നാണ്, മാതാപിതാക്കളായ മല്ലപ്പിള്ളി അരുൺ എബ്രഹാമും ഷെറിൻ ആൻ ജോണിയും അവയവദാനത്തിനു തീരുമാനിച്ചത്.

ഫെബ്രുവരി 13-ന് വെള്ളിയാഴ്ച രാത്രി ഇടപ്പള്ളി അമൃത ആശുപത്രിയിൽനിന്ന് ആലിന്റെ അവയവങ്ങൾ റോഡ് മാർഗം തിരുവനന്തപുരത്തേക്ക് കൊണ്ടുപോയി. പോലീസ് ഇടപെട്ട് യാത്ര സുഗമമാക്കി. വൈകിട്ട് 7.15-ഓടെ ഇടപ്പള്ളി അമൃത ആശുപത്രിയിൽ നിന്ന് പുറപ്പെട്ട ആംബുലൻസ് 10.15-ഓടെ തിരുവനന്തപുരം കിംസ് ആശുപത്രിയിലെത്തി.

സർക്കാർ സംവിധാനമായ കെ സോട്ടോ വഴിയാണ് അവയവദാന പ്രക്രിയകൾ ഏകോപിപ്പിച്ചത്. ആലിന്റെ ഹൃദയവാൽവ് ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിലേക്കും കരൾ കിംസ് ആശുപത്രിയിലേക്കും കിഡ്നി മെഡിക്കൽ കോളജിലേക്കുമാണ് എത്തിച്ചത്. കണ്ണുകൾ നേത്രബാങ്കിന് കൈമാറും. തിരുവനന്തപുരം സ്വദേശിയായ ആറു മാസം പ്രായമുള്ള പെൺകുഞ്ഞിനാണ് കരൾ മാറ്റിവെക്കുന്നത്. മെഡിക്കൽ കോളജിൽ ചികിത്സയിലുള്ള പത്ത് വയസ്സുള്ള പെൺകുട്ടിക്കാണ് വൃക്കകൾ നൽകുന്നത്.

# കരസേനാ സ്റ്റേഷനിൽ രണ്ടുകോടിയുടെ ആനക്കൊമ്പ് കവർന്നു

തിരുവനന്തപുരം: അതീവസുരക്ഷയുള്ള പാങ്ങോട് കരസേനാ സ്റ്റേഷനിൽ സൂക്ഷിച്ചിരുന്ന 2 കോടി രൂപാ മൂല്യമുള്ള 2 ആനക്കൊമ്പുകൾ മോഷണം പോയി.

ഓഫീസേഴ്സ് മെസിൽ നിന്നാണ് മോഷണം. മെസിൽ രാത്രി നടന്ന ഡിജെ പാർട്ടിയുടെ മറവിലാണ്മോഷണമെന്ന നിഗമനത്തിൽ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

ഡിജെ പാർട്ടിയിൽ ഭക്ഷണം വിതരണം ചെയ്യാനും മറ്റു സജ്ജീകരണങ്ങൾ ഒരുക്കാനും പുറത്തു നിന്നെത്തിയ സംഘത്തിൽപ്പെട്ട 19 പേരെ ചോദ്യം ചെയ്തു. ഇവർ നടത്തിയ ഫോൺവിളികളുടെ വിശദാംശങ്ങളും പരിശോധിക്കുന്നുണ്ട്.

മോഷണം സംബന്ധിച്ച് സേന നല്കിയ പരാതിയുടെ അടിസ്ഥാനത്തിലാണ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തത്.

അതിക്രമിച്ചു കയറിയുള്ള ആക്രമണം, സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ കവർച്ച എന്നീ വകുപ്പുകൾ ചുമത്തിയാണ് കേസ്.

# റെയിൽവേ യാത്രക്കാരുടെ സുരക്ഷയ്ക്ക് മുൻഗണന നൽകണം: സുപ്രീംകോടതി

റെയിൽവേയുടെ ബജറ്റ് വിഹിതത്തിൽ യാത്രക്കാരുടെ സുരക്ഷയ്ക്കും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമാണ് മുൻഗണന നൽകേണ്ടതെന്ന് സുപ്രീംകോടതി.

ബജറ്റിന്റെ വലിയൊരു ഭാഗവും റെയിൽവേക്കുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സംയുക്തസംരംഭങ്ങൾ, സ്പെഷൽ പർപ്പസ് വെഹിക്കിൾ എന്നിവയ്ക്കാണ് പോകുന്നതെന്ന് ചൂണ്ടിക്കാട്ടിയാണ് സുപ്രീംകോടതിയുടെ വിമർശനം. റെയിൽവേ ബജറ്റിന്റെ മുഖ്യപങ്ക് ഇത്തരം കാര്യങ്ങളിലേക്ക് മാറ്റുന്നത് തീർത്തും അസ്വീകാര്യമാണ്.

റെയിൽവേയെ വിശ്വസിച്ച് അതിൽ യാത്രചെയ്യുന്ന സാധാരണക്കാരുടെ സുരക്ഷയ്ക്കാണ് പ്രാമുഖ്യം നൽകേണ്ടത്. അതിനുപകരം മറ്റെവിടെയെങ്കിലും നിക്ഷേപം നടത്തുന്ന സംവിധാനമാകരുത് റെയിൽവേ. അടിസ്ഥാന സൗകര്യവികസനം, സുരക്ഷ എന്നിവ മെച്ചപ്പെടുത്തുന്നതിനാകണം ബജറ്റിൽ കൂടുതൽ തുക നീക്കിവെക്കേണ്ടതെന്നും കോടതി പറഞ്ഞു.

ഓൺലൈനായി എടുക്കുന്ന ടിക്കറ്റുകളിൽമാത്രമേ യാത്രക്കാർക്ക് ഇൻഷുറൻസ് ലഭ്യമാകുന്നുള്ളൂ എന്ന പോരായ്മയും സുപ്രീംകോടതി ചൂണ്ടിക്കാട്ടി. കൗണ്ടറിൽനിന്ന് നേരിട്ടെടുക്കുന്ന ടിക്കറ്റുകളിൽ ഇൻഷുറൻസില്ല.

ഇക്കാര്യങ്ങളിലെല്ലാം സർക്കാരിന്റെ നിർദേശം തേടിയശേഷം അറിയിക്കാൻ അഡീഷണൽ സോളിസിറ്റർ ജനറലിനോട് കോടതി ആവശ്യപ്പെട്ടു.

ആളില്ലാത്ത റെയിൽവേ ക്രോസിങ്ങുകൾ, മേൽപ്പാതകൾ, അടിപ്പാതകൾ, തീവണ്ടികളുടെ കൂട്ടിയിടി തടയുന്ന കവച് സംവിധാനം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിഷയമാണ് സുപ്രീംകോടതി പരിഗണിച്ചത്. തീവണ്ടിയപകട നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട ഒരു കേസിൽ ഇക്കാര്യങ്ങൾ പരിഗണനയ്ക്ക് വന്നപ്പോഴാണ് ജസ്റ്റിസ് അഹ്സനുദ്ദീൻ അമാനുള്ള അദ്ധ്യക്ഷനായ ബെഞ്ചിന്റെ നിരീക്ഷണമുണ്ടായത്.

സുപ്രീംകോടതി ആവശ്യപ്പെട്ടപ്രകാരം റെയിൽവേ സുരക്ഷാവിഭാഗം ചീഫ് കമ്മീഷണർ ജനക്കുമാർ ഗാർഗ് നേരിട്ടെത്തി വിശദീകരണം നൽകിയിരുന്നു.

ഇക്കാര്യങ്ങളിൽ നിർദേശങ്ങൾ തേടിയശേഷം അറിയിക്കാമെന്ന് കേന്ദ്രത്തിനുവേണ്ടി അഡീഷണൽ സോളിസിറ്റർ ജനറൽ വിക്രം ജിത് ബാനർജി അറിയിച്ചു. തുടർന്ന് കേസ് ഈ മാസം 17-ന് പരിഗണിക്കാനായി മാറ്റി.

# കാട്ടുപന്നിയുടെ ആക്രമണത്തിൽ ടാപ്പിംഗ് തൊഴിലാളി മരിച്ചു

പുനലൂർ: കാട്ടുപന്നിയുടെ ആക്രമണത്തിൽ ടാപ്പിംഗ് തൊഴിലാളി മരിച്ചു. ചാലിയക്കര ഉപ്പുകുഴി മംഗലത്ത് വീട്ടിൽ രഘുനാഥ് (58) ആണ് മരിച്ചത്. ചാലിയക്കര എസ്റ്റേറ്റിലെ ഉപ്പുഴി ഭാഗത്ത് ടാപ്പിംഗ് ജോലി കഴിഞ്ഞ് ക്വാർട്ടേഴ്സിലേക്കു പോകുമ്പോൾ അപ്രതീക്ഷിതമായി കാട്ടുപന്നി പാഞ്ഞെത്തി കുത്തി വീഴ്ത്തുകയായിരുന്നു. നിലത്തുവീണ രഘുനാഥിനെ പന്നി വീണ്ടും ആക്രമിച്ചു. നിലവിളി കേട്ട് ഓടിയെത്തിയ മറ്റു തൊഴിലാളികൾ പന്നിയെ വിരട്ടിയോടിച്ചശേഷം രഘുനാഥിനെ താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

കാട്ടുപന്നിയുടെ ആക്രമണത്തിൽ ടാപ്പിംഗ് തൊഴിലാളി മരിച്ചിട്ടും നാട്ടുകാരുടെ പ്രതിഷേധം ഉണ്ടാകുന്നതുവരെ വനംവകുപ്പ് ഉദ്യോഗസ്ഥർ തിരിഞ്ഞു നോക്കിയില്ല. സംഭവത്തിൽ പ്രതിഷേധിച്ച് നാട്ടുകാർ പുനലൂർ ഡിഎഫ്ഒ ഓഫീസ് ഉപരോധിച്ചു. മരിച്ച രഘുനാഥിന്റെ കുടുംബത്തിന് ജോലിയും 25 ലക്ഷം രൂപ നഷ്ടപരിഹാരവും നല്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു. സംസ്ഥാന സർക്കാർ മരിച്ച രഘുനാഥിന്റെ കുടുംബത്തിന് പത്ത് ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.



# രണ്ട് പതിറ്റാണ്ടിനൊടുവിൽ മലയാളി വനിതയ്ക്കു നീതി

ചെന്നൈ: തൊഴിലിടത്തിലെ ലൈംഗികാതിക്രമത്തിനെതിരെ പരാതിപ്പെട്ടതിന്റെ പേരിൽ പ്രതികാര നടപടിക്ക് വിധേയയായ മലയാളിസ്ത്രീക്ക് രണ്ട് പതിറ്റാണ്ടിനുശേഷം നീതി കിട്ടി. മേലുദ്യോഗസ്ഥനെതിരായ പരാതി ശരിയാണെന്നു കണ്ടെത്തിയ മദ്രാസ് ഹൈക്കോടതി പരാതിക്കാരിക്കെതിരെ മാനേജ്മെന്റ് സ്വീകരിച്ച നടപടികൾ അസാധുവാക്കുകയും ശമ്പള ക്കുടിശികയും തടഞ്ഞുവെച്ച റിട്ടയർമെന്റ് ആനുകൂല്യങ്ങളും ഉടൻ നല്കാൻ ഉത്തരവിടുകയും ചെയ്തു.

ചെന്നൈയിലെ റെയിൽവെ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ 1994 മുതൽ ജീവനക്കാരിയായിരുന്ന കോഴിക്കോട് ജില്ലയിൽനിന്നുള്ള വീട്ടമ്മയാണ് പോരാട്ടങ്ങൾക്കൊടുവിൽ വിജയം കണ്ടത്. സൊസൈറ്റിയുടെ അസി. സെക്രട്ടറിയായി ജെ. നാഗകേസരി എന്നയാൾ 1996-ൽ സ്ഥാനമേറ്റതോടെയാണ് പ്രശ്നങ്ങളുടെ തുടക്കം. ഇയാൾ ദുരുദ്ദേശ്യത്തോടെ പെരുമാറുകയും അശ്ലീല പരാമർശങ്ങൾ നടത്തുകയും അധികാരമുപയോഗിച്ച് നിരന്തരം ബുദ്ധിമുട്ടിക്കുകയും ചെയ്തു.

2001-ൽ ചെയർമാനോട് വാക്കാൽ പരാതിപ്പെട്ടു. തെറ്റു സമ്മതിച്ച നാഗകേസരിയെ ചെയർമാൻ താക്കീതു ചെയ്യുകയും അധികാരം വെട്ടിക്കുറയ്ക്കുകയും ചെയ്തു. എന്നാൽ, രണ്ടു മാസത്തിനുശേഷം അയാൾ സർവാധികാരിയായി തിരിച്ചെത്തിയതോടെ പ്രതികാര നടപടി തുടങ്ങി. ഇരിക്കാൻ കസേര പോലുമില്ലാത്തിടത്തായിരുന്നു പിന്നെ ജോലി.

2003-ൽ ദേശീയ വനിതാകമ്മീഷൻ അംഗമായിരുന്ന ഇപ്പോഴത്തെ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ഉൾപ്പെട്ട അന്വേഷണസമിതി ലൈംഗികാതിക്രമ പരാതി ശരിയാണെന്ന് കണ്ടെത്തി. പ്രതി കുറ്റക്കാരനെന്നു കണ്ടെത്തിയെങ്കിലും പരാതിക്കാരിയെ 2004-ൽ സർവീസിൽനിന്ന് സസ്പെൻഡ് ചെയ്തു.

സസ്പെൻഷനിലിരിക്കെ 2023-ൽ വിരമിച്ചപ്പോൾ റിട്ടയർമെന്റ് ആനുകൂല്യങ്ങളും നല്കിയില്ല. നീതിതേടി ജീവനക്കാരിയും അതിനെതിരെ മാനേജ്മെന്റും നല്കിയ ഹർജികൾ ഒരുമിച്ചു പരിഗണിച്ചാണ് ജസ്റ്റിസ് ഡി. ഭരത ചക്രവർത്തിയുടെ ബെഞ്ച് വിധി പറഞ്ഞത്.

## ആണവോർജം സ്വകാര്യമേഖലയ്ക്ക്

ന്യൂഡൽഹി: ആണവോർജം സ്വകാര്യമേഖലയ്ക്കു കേന്ദ്രം തുറന്നുകൊടുത്തതിനു പിന്നാലെ അദാനി ഗ്രൂപ്പ് ആണവോർജ കമ്പനി രൂപീകരിച്ചു. അദാനി പവറിന്റെ കീഴിൽ അദാനി ആറ്റമിക് എനർജി ലിമിറ്റഡ് (എഎഇഎൽ) എന്ന കമ്പനി രൂപീകരിച്ചതായി അദാനി ഗ്രൂപ്പ് സ്റ്റോക്ക് എക്സ്ചേഞ്ചുകളെ അറിയിച്ചു. ഇന്ത്യയിൽ ആദ്യമായാണ് സ്വകാര്യ സ്ഥാപനം ആണവോർജ കമ്പനി രൂപീകരിക്കുന്നത്.

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിലാണ് സ്വകാര്യമേഖലയ്ക്ക് ആണവോർജ രംഗം തുറന്നുകൊടുക്കാനുള്ള 'ശാന്തി ബിൽ' പാസാക്കിയത്. ഇതിനെതിരെ പ്രതിപക്ഷം പ്രതിഷേധിച്ചിരുന്നു.

ആണവോർജരംഗത്തു നിക്ഷേപം നടത്താൻ അദാനി താൽപര്യമറിയിച്ച് വെറും ഒരുമാസം കഴിയുമ്പോഴേക്കും ഇതിനു സഹായകമായ ബിൽ സഭയിലെത്തുന്നത് യാദൃച്ഛികമാണോയെന്ന കോൺഗ്രസിലെ മനീഷ് തിവാരിയുടെ ചോദ്യം ഭരണപക്ഷ പ്രതിഷേധത്തിനു വഴിവെച്ചിരുന്നു.

ഒരു കമ്പനിയെയും സഹായിക്കാനല്ല ബിൽ എന്നാണ് ആണവോർജ്ജ മന്ത്രി ജിതേന്ദ്ര സിങ് മറുപടി നൽകിയത്. ബിൽ സംയുക്ത പാർലമെന്ററി സമിതിയുടെ (ജെപിസി) പരിഗണനയ്ക്ക് വിടണമെന്ന പ്രതിപക്ഷ ആവശ്യവും പരിഗണിച്ചില്ല.

## ഇന്ത്യയുടെ സ്വന്തം ബഹിരാകാശനിലയം ആദ്യ മൊഡ്യൂൾ 2028-ൽ

ബാംഗ്ലൂർ: ഇന്ത്യയുടെ സ്വന്തം ബഹിരാകാശ നിലയത്തിന്റെ ആദ്യ മൊഡ്യൂൾ 2028-ൽ വിക്ഷേപിക്കാനുള്ള ഒരുക്കത്തിൽ ഐ.എസ്.ആർ.ഒ. 2035-ഓടെ നിലയം സമ്പൂർണ പ്രവർത്തന സജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്.

അഞ്ച് മൊഡ്യൂളുകളായാണ് നിലയം നിർമിക്കുക. ഇതിന്റെ ആദ്യഘട്ടമായാണ് ആദ്യ മൊഡ്യൂൾ വിക്ഷേപിക്കുന്നത്. 2040-ഓടെ ബഹിരാകാശ സഞ്ചാരികളെ ചന്ദ്രനിലേക്കയക്കുന്ന ദൗത്യവും ഏറ്റെടുക്കുമെന്ന് ഐ.എസ്.ആർ.ഒ ചെയർമാൻ വി. നാരായണൻ പറഞ്ഞു. ചന്ദ്രയാൻ-4 ചന്ദ്രയാൻ-5 എന്നിവയുടെ വിക്ഷേപണവും ലക്ഷ്യമിടുന്നു.

ബാംഗ്ലൂരിൽ യു.എസ് ഇന്ത്യ സ്പെയ്സ് ബിസിനസ് ഫോറം ഉദ്ഘാടനം ചെയ്യവേയാണ് ഐ.എസ്.ആർ.ഒ ചെയർമാൻ ഇക്കാര്യങ്ങൾ വിശദീകരിച്ചത്.

# കേരളത്തിനുള്ള പദ്ധതികൾ പിന്നാലെ വരും: മോദി

ന്യൂഡൽഹി: ജനങ്ങൾക്കൊപ്പം നിന്ന് അവരുടെ ആവശ്യങ്ങളറിഞ്ഞ് അവരിലൊരാളായി പ്രവർത്തിക്കണമെന്ന് കേരളത്തിൽ നിന്നു ബി.ജെ.പി സ്ഥാനാർഥികളായി വിജയിച്ച ജനപ്രതിനിധികളോട് കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആവശ്യപ്പെട്ടു.

ഡൽഹി പ്രവാസ് നൈപുണ്യവികസന പരിപാടിയുടെ ഭാഗമായാണ് തിരുവനന്തപുരം കോർപറേഷൻ ഉൾപ്പെടെ കേരളത്തിൽ ബി.ജെ.പി ഭരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള ജനപ്രതിനിധികൾ ഡൽഹിയിലെത്തിയത്. ലോക് കല്യാൺമാർഗിലെ പ്രധാനമന്ത്രിയുടെ വസതിയിലായിരുന്നു കൂടിക്കാഴ്ച.

കേരളത്തിനും തിരുവനന്തപുരത്തിനുമുള്ള പദ്ധതി പ്രഖ്യാപനങ്ങൾ പിന്നാലെ വരുമെന്നും അതേക്കുറിച്ച് ആശങ്കപ്പെടേണ്ടതില്ലെന്നും അദ്ദേഹം പറഞ്ഞു. രാഷ്ട്രീയലക്ഷ്യത്തോടെയുള്ള വിമർശനങ്ങളിലും ആശങ്ക വേണ്ട. കേരളത്തിൽ കൂടുതൽ വിജയങ്ങളുണ്ടാകാൻ ജനമനസ്സറിഞ്ഞുള്ള പ്രവർത്തനമാണ് വേണ്ടത്. അതിന് എപ്പോഴും കൂടെ ഉണ്ടാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ജനപ്രതിനിധികൾക്കിടയിലൂടെ നടന്നായിരുന്നു സംഭാഷണം.

തുടർന്നു നടന്ന ചായസൽക്കാരത്തിനിടെ ഓരോരുത്തരെയും പ്രത്യേകം കാണാനും വിവരങ്ങൾ തിരക്കാനും പ്രധാനമന്ത്രി സമയം കണ്ടെത്തി.



ബി.ജെ.പി ഭരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള ജനപ്രതിനിധികളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഡൽഹി ലോക് കല്യാൺമാർഗിലെ വസതിയിൽ സംവദിക്കുന്നു.

ബി.ജെ.പി അദ്ധ്യക്ഷൻ നിതിൻ നവീൻ, സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, ദേശീയ സംഘടനാ സെക്രട്ടറി ബി.എൽ. സന്തോഷ്, കേന്ദ്രമന്ത്രിമാരായ ജോർജ് കുര്യൻ, സുരേഷ് ഗോപി, ശോഭ കരന്തലജെ, സി.സദാനന്ദൻ എം.പി, മുൻ കേന്ദ്രമന്ത്രി പ്രകാശ് ജാവഡേക്കർ, ദേശീയ സെക്രട്ടറി അനിൽ ആന്റണി തുടങ്ങിയവരും പങ്കെടുത്തു.

നഗരവികസന പദ്ധതികൾ സംബന്ധിച്ച് ബി.ജെ.പി ആസ്ഥാനത്ത് കേന്ദ്രമന്ത്രി മനോഹർ ലാൽ ഖട്ടർ നയിച്ച ക്ലാസിലും ജനപ്രതിനിധികൾ പങ്കെടുത്തു. ബി.ജെ.പി ദേശീയ ജനറൽ സെക്രട്ടറിയും നിയമസഭാ തെരഞ്ഞെടുപ്പ് പ്രഭാരിയുമായ വിനോദ് താവ്ഡെയുമായും ജനപ്രതിനിധികൾ സംവദിച്ചു. തുടർന്ന് പാർലമെന്റ് മന്ദിരം സന്ദർശിച്ച സംഘം ഉപരാഷ്ട്രപതിയും രാജ്യസഭാ ചെയർമാനുമായ സി.പി. രാധാകൃഷ്ണൻ, ലോക്സഭാ സ്പീക്കർ ഓം ബിർല എന്നിവരുമായി കൂടിക്കാഴ്ച നടത്തി.







THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
K.O. JOSE, CPA
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com



B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# ഫാ. ഡോ. ജോസുകുട്ടി മഠത്തിപ്പറമ്പിൽ സിബിസിഐ ദേശീയ പുരസ്കാരം സ്വീകരിച്ചു

കല്ലറ: കാത്തലിക് ബിഷപ് കോൺഫറൻസ് ഓഫ് ഇന്ത്യ സഭയ്ക്കും സമൂഹത്തിനും രാജ്യത്തിനും മാതൃകയായ സേവനം കാഴ്ചവെച്ച വ്യക്തികളെ ആദരിക്കുന്നതിനായി ദേശീയതല അവാർഡുകൾ വിതരണം ചെയ്തു.

കല്ലറ പഴയപള്ളി ഇടവകാംഗവും സലേഷ്യൻ സഭാംഗവുമായ ഫാ. ഡോ. ജോസുകുട്ടി മഠത്തിപ്പറമ്പിൽ പുരസ്കാരം സ്വീകരിച്ചു. ബൈബിൾ ഓൺ മൊബൈൽ ആപ്ലിക്കേഷനും വെബ്സൈറ്റും വഴി വിശുദ്ധ ഗ്രന്ഥത്തിന്റെ പ്രസാധനത്തിലും പ്രചാരണത്തിലും നടത്തിയ മികച്ച സംഭാവനകളെ പരിഗണിച്ചാണ് കത്തോലിക്കാ ബിഷപ്പുമാരുടെ സമ്മേളനം (സിബിസിഐ) അദ്ദേഹത്തെ അവാർഡിനായി തെരഞ്ഞെടുത്തത്. ഈ മൊബൈൽ ആപ്പിലൂടെ വടക്കുകിഴക്കൻ ഇന്ത്യയിലെ 18 ഭാഷകളിൽ ബൈബിൾ പ്രസിദ്ധീകരിക്കുന്നതിലും വിവിധ പ്രാദേശികവും ആദിവാസി ഭാഷകളിലുമുള്ള ഓഡിയോ പതിപ്പുകൾ തയ്യാറാക്കുന്നതിലും ഫാ. ഡോ. ജോസുകുട്ടി ബൈബിൾ ഓൺ എന്ന ആപ്പിന്റെ സഹസ്ഥാപകൻ തോംസൺ ഫിലിപ്പും നിർണായക പങ്കുവഹിച്ചു. ഇതിലൂടെ ആ പ്രദേശത്തെ വിവിധ സമൂഹങ്ങൾക്ക് ദൈവവചനം കൂടുതൽ സുലഭമായി ലഭ്യമാക്കി.

ഇതു കൂടാതെ വടക്കു കിഴക്കൻ ഇന്ത്യയിലെ കത്തോലിക്കാ സഭയുടെ ചരിത്രത്തെയും പ്രത്യേകിച്ച് അരുണാചൽപ്രദേശിലെ ആദിവാസി സമൂഹങ്ങളുടെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെയും ആസ്പദമാക്കി അദ്ദേഹം പുസ്തകങ്ങളും ഗവേഷണ ലേഖനങ്ങളും രചിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വടക്കുകിഴക്കൻ ഇന്ത്യയിലെ ആദിവാസി ഭാഷകളിലേക്ക് ബൈബിൾ വിവർത്തനം ചെയ്യുന്നതിനിടെ നേരിടുന്ന പ്രശ്നങ്ങളെയും വെല്ലുവിളികളെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ ഗവേഷണപ്രബന്ധം ബൈബിൾ വിവർത്തനത്തിലും പ്രസക്ത തത്വചിന്തയിലും വിലപ്പെട്ട സംഭാവനയായി മാറിയിട്ടുണ്ട്.




അദ്ദേഹത്തിന്റെ പാസ്റ്ററൽ, സാംസ്കാരിക പ്രവർത്തനങ്ങളിൽ പ്രാദേശിക ഭാഷകളിൽ പുസ്തകങ്ങൾ തയ്യാറാക്കൽ, സ്വദേശഭാഷകളിൽ ഗാനങ്ങൾ റെക്കോർഡ് ചെയ്യൽ, ഇംഗ്ലീഷിലും അരുണാചൽ പ്രദേശിലെ ആദിവാസി ഭാഷകളിലുമായി നിരവധി വീഡിയോകളും ഡോക്യുമെന്ററികളും നിർമ്മിക്കൽ എന്നിവയും ഉൾപ്പെടുന്നു. വിദ്യാഭ്യാസ മേഖലയിലും തന്റെ ദൗത്യം വ്യാപിപ്പിച്ച് വിദ്യാഭ്യാസത്തിൽ പിഎച്ച്.ഡി നേടിയിട്ടുള്ള ഫാ. ജോസുകുട്ടി മഠത്തിപ്പറമ്പിൽ വടക്കുകിഴക്കൻ ഇന്ത്യയിലെ ഏറ്റവും ദുർഘടമായ പ്രദേശങ്ങളിൽ അഞ്ച് ഐസിഎസ്ഇ സ്കൂളുകൾ സ്ഥാപിക്കുന്നതിൽ നിർണായക പങ്കുവഹിച്ചു.




കല്ലറ മഠത്തിപ്പറമ്പിൽ എം.ജെ. തോമസ് (കുഞ്ഞുമോൻ) & ഗ്രേസിക്കുട്ടി ദമ്പതികളുടെ പുത്രനായ ഫാ. ഡോ. ജോസുകുട്ടി ആസാം, മണിപ്പൂർ, മേഘാലയ, നാഗാലാൻഡ് എന്നിവിടങ്ങളിലായാണ് വൈദികപഠനം പൂർത്തിയാക്കിയത്. 2011 ഡിസംബർ 31-ന് അന്തരിച്ച ആർച്ച്ബിഷപ് മാർ ഏബ്രഹാം വിരുത്തിക്കുളങ്ങരയുടെ കൈവെപ്പ് ശുശ്രൂഷ വഴി വൈദികപട്ടം സ്വീകരിച്ച റവ.ഫാ. ഡോ. ജോസുകുട്ടി സലേഷ്യൻ ഓഫ് ഡോൺബോസ്കോയുടെ ദിമാപൂർ പ്രോവിൻസ് അംഗമാണ്. അവാർഡ്ദാന ചടങ്ങ് ബെഗ്ളൂരുവിലെ സെന്റ് ജോൺസ് മെഡിക്കൽ കോളജ് മെയിൻ ഓഡിറ്റോറിയത്തിൽ ഇന്ത്യയിലെ എല്ലാ കത്തോലിക്കാ ബിഷപ്പുമാരുടെയും സാന്നിദ്ധ്യത്തിൽ നടന്നു.

# ഉമ്മൻ ചാണ്ടി ഭവനം പ്രോജക്ടിലേക്ക് അമേരിക്കൻ മലയാളി ദമ്പതികളുടെ കൈത്താങ്ങ്







**ജോസ് കാടാപുറം**

ന്യൂയോർക്ക്: മന്ന ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ പണി കഴിപ്പിച്ച ഉമ്മൻ ചാണ്ടി ഭവനം പ്രോജക്ടിന്റെ ആദ്യത്തെ വീടിന്റെ താക്കോൽദാന ചടങ്ങ് തിരുവനന്തപുരം ബാലരാമപുരത്തു വെച്ച് നടത്തപ്പെട്ടു.

ന്യൂയോർക്കിലെ കുന്നുപറമ്പിൽ ആൻഡ്രൂസ്-ശോശാമ്മ ദമ്പതികളാണ് ആദ്യത്തെ ഭവനം സ്പോൺസർ ചെയ്തത്.

ചാണ്ടി ഉമ്മൻ എംഎൽഎയും ഡോ. മറിയ ഉമ്മനുമാണ് ഈ ചാരിറ്റബിൾ ട്രസ്റ്റിന് നേതൃത്വം നല്കുന്നത്. മറിയാമ്മ ഉമ്മൻ, ചാണ്ടി ഉമ്മൻ എന്നിവർ ചടങ്ങിനു നേതൃത്വം നല്കി.

ഈ സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ സഹായിച്ച കുന്നുപറമ്പിൽ ആൻഡ്രൂസ്-ശോശാമ്മ ദമ്പതികൾക്ക് ട്രസ്റ്റിന്റെ പേരിൽ ചാണ്ടി ഉമ്മൻ എംഎൽഎ നന്ദി രേഖപ്പെടുത്തി.

# ഡോ. സണ്ണി സ്റ്റീഫൻ അമേരിക്കയിലെത്തുന്നു

**സ്നേഹ ബാബു**



അറ്റ്ലാന്റ: സുപ്രസിദ്ധ വചനപ്രഘോഷകനും സംഗീത സംവിധായകനും വേൾഡ് പീസ് മിഷൻ ചെയർമാനും ഫാമിലി കൗൺസിലറുമായ ഡോ. സണ്ണി സ്റ്റീഫൻ 2026 ജൂൺ ആദ്യവാരം അമേരിക്കയിലെത്തുന്നു.

ബൈബിൾ കൺവൻഷൻ, ഫാമിലി റിട്രീറ്റ്, വിമൻ എംപവർമെന്റ് പ്രോഗ്രാം തുടങ്ങി ഒക്ടോബർ 31-ാം തീയതി വരെ അമേരിക്കയിലെ വിവിധ ദേവാലയങ്ങളിൽ ശുശ്രൂഷകൾ നടത്തുന്നു.

സമാനതകളില്ലാത്ത പ്രസംഗ ശൈലിയിലൂടെ ജീവിതത്തിനാവശ്യമായ അറിവുകളും അനുഭവങ്ങളും പങ്കുവെച്ച് ഒരിക്കലും മറക്കാനാവാത്ത ദൈവാനുഭവം നല്കി വിശ്വാസത്തിലാഴപ്പെടുത്തി പ്രാർത്ഥിക്കുന്ന, സ്നേഹിക്കുന്ന, പങ്കുവെക്കുന്ന മാതൃകയുള്ള കൂട്ടായ്മകളായി ഇടവക സമൂഹത്തെ ഒരുക്കിയെടുക്കുന്നതിൽ ഡോ. സണ്ണി സ്റ്റീഫന്റെ ക്ലാസുകൾ ശക്തമാണ്. ആഴമേറിയ തിരുവചന ജ്ഞാനത്തോടെ നല്കുന്ന ലളിതമായ ക്ലാസുകളും പ്രായോഗിക പാഠങ്ങളും ഒരിക്കലും മറക്കാനാവാത്ത ദൈവാനുഭവമാണ്.

കൂടുതൽ വിവരങ്ങൾക്ക്: സണ്ണി മാത്യു (സണ്ണിച്ചൻ) 678 866 5336, താരാ കുര്യൻ 423 316 8272.

wpmissionoffical@gmail.com, www.worldpeacemission.net

# സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സിനെ ഇനി ഡോ. ജോർജ് എം. കാക്കനാട്ട് നയിക്കും

ഹൂസ്റ്റൺ: യുഎസിലെ ഹൂസ്റ്റൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ബിസിനസ് സംഘടനയായ സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സിന്റെ (SIUCC) പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. സാമൂഹിക പ്രവർത്തകനും മാധ്യമപ്രവർത്തകനുമായ ഡോ. ജോർജ് എം. കാക്കനാട്ട് ആണ് പുതിയ പ്രസിഡണ്ട്. ബ്രൂസ് കൊളംബേലിനെ സെക്രട്ടറിയായും സണ്ണി കാരിക്കലിനെ ട്രഷററായും ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. അമേരിക്കയിലെ ഇന്ത്യൻ ബിസിനസ് സമൂഹത്തിന്റെ വളർച്ചയ്ക്കും ഉന്നമനത്തിനുമായി പ്രതിജ്ഞാബദ്ധമായ സംഘടനയെ വരും വർഷങ്ങളിൽ കൂടുതൽ കരുത്തോടെ മുന്നോട്ട് നയിക്കാൻ പുതിയ ഭരണസമിതിക്ക് സാധിക്കുമെന്ന് യോഗം വിലയിരുത്തി.

നിലവിൽ 35 അംഗ ബോർഡ് ഓഫ് ഡയറക്ടേഴ്സുമായി പ്രവർത്തിക്കുന്ന സംഘടനയിലേക്ക് കൂടുതൽ അംഗങ്ങൾ എത്തുന്നത് വളർച്ചയുടെ അടയാളമാണെന്ന് മുൻ പ്രസിഡണ്ട് ഫിലിപ്പ് കൊച്ചുമ്മൻ അഭിപ്രായപ്പെട്ടു.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ ബിസിനസ് മേഖലയിൽ അഗ്രഗണ്യരും കമ്മ്യൂണിറ്റിക്ക് പ്രിയപ്പെട്ടവരുമാണെന്നും ഇത് സംഘടനയുടെ അടുത്ത ഘട്ടത്തിലേക്കുള്ള വളർച്ചയ്ക്ക് സഹായകമാകുമെന്നും മുൻ പ്രസിഡണ്ടും നിലവിൽ ഫോമായുടെ പ്രസിഡണ്ടുമായ ബേബി മണക്കുന്നേൽ പറഞ്ഞു. ബിസിനസ് മേഖലയിലെ മുൻഗണനകൾ പുതുക്കി നിശ്ചയിക്കാനുള്ള പുതിയ ടീമിന്റെ തീരുമാനം ശ്ലാഘനീയമാണെന്ന് മുൻ പ്രസിഡണ്ട് ജിജി ഓലിക്കൻ അഭിപ്രായപ്പെട്ടു.

പുതിയ സംരംഭകർക്ക് അമേരിക്കയിലെ ബിസിനസ് സാധ്യതകൾ മനസ്സിലാക്കി കൊടുക്കുന്നതിനും അവർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനും സംഘടന എന്നും ഒപ്പമുണ്ടാകുമെന്ന് മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ജിജു കുളങ്ങര അറിയിച്ചു. ദേശീയ-അന്തർദേശീയ തലങ്ങളിൽ ഇന്ത്യൻ ബിസിനസ് സമൂഹത്തിന് കരുത്തു പകരാനുള്ള കർമ്മപദ്ധതികളുമായി SIUCC മുന്നോട്ട് കുതിക്കണമെന്ന് മുൻ പ്രസിഡണ്ട് സക്കറിയ കോശി അഭിപ്രായപ്പെട്ടു.



**പുതിയ ഭരണസമിതി അംഗങ്ങൾ:**

ഡോ. ജോർജ് എം. കാക്കനാട്ട് (പ്രസിഡണ്ട്), ജോമോൻ ഇടയാടിയിൽ (വൈസ് പ്രസിഡണ്ട്), ബ്രൂസ് കൊളംബേൽ (സെക്രട്ടറി), സോണി ജോസഫ് (ജോയിന്റ് സെക്രട്ടറി), സണ്ണി കാരിക്കൽ (ട്രഷറർ), സാം സുരേന്ദ്രൻ (ജോയിന്റ് ട്രഷറർ).

**ബിസിനസ് മേഖലയിൽ കരുത്തായി 15 വർഷങ്ങൾ**

ഹൂസ്റ്റണിലെ ഇന്ത്യൻ ബിസിനസ് സമൂഹത്തിന്റെ വളർച്ച ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന SIUCC (South Indian US Chamber of Commerce) വിജയകരമായ 15 വർഷങ്ങൾ പിന്നിടുന്നു. പ്രാദേശിക സാമ്പത്തിയ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനായി ബിസിനസ് സ്ഥാപനങ്ങളുടെ ഒരു സന്നദ്ധ കൂട്ടായ്മയായിട്ടാണ് SIUCC പ്രവർത്തിക്കുന്നത്. വ്യവസായ മേഖലയ്ക്ക് അനുകൂലമായ ബിസിനസ് സൗഹൃദ നയരൂപീകരണത്തിനായി ഭരണകൂടങ്ങളിൽ സമ്മർദ്ദം ചെലുത്തുന്നു. സംരംഭകർക്ക് പരസ്പരം ബന്ധപ്പെടാനും സഹകരിക്കാനും സാമ്പത്തിക ഉന്നമനത്തിനുമായി നിരന്തരം പ്രവർത്തിക്കുന്നു. ബിസിനസ് സ്ഥാപനങ്ങൾക്ക് മികച്ച പ്രതിച്ഛായയും വിശ്വാസ്യതയും ഉറപ്പാക്കാൻ സഹായിക്കുന്നു തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സംഘടന വ്യവസായി സമൂഹത്തിനിടെ ആഴത്തിൽ ഇറങ്ങി ചെന്നിരിക്കുന്നു.

ഹൂസ്റ്റണിലെ ഇന്ത്യൻ ബിസിനസ് സമൂഹത്തിന്റെ ഉന്നമനത്തിനായി സുതാര്യവും ആധികാരികവുമായ ഇടപെടലുകളാണ് SIUCC നടത്തിവരുന്നത്. സംഘടനയുടെ 10-ാം വാർഷികാഘോഷം ഹൂസ്റ്റണിലെ പ്രമുഖ സാമൂഹിക-രാഷ്ട്രീയ നേതാക്കളുടെ സാന്നിധ്യത്തിൽ ചരിത്രപരമായ ചടങ്ങായി മാറിയിരുന്നു.

**പതിനഞ്ചാം വാർഷികവും ബിസിനസ് കോൺക്ലേവും**

കഴിഞ്ഞ 15 വർഷത്തിലേറെയായി ഹൂസ്റ്റണിലെ ബിസിനസ് മേഖലയിൽ നിർണ്ണായക സ്വാധീനമായി മാറിയ SIUCC, പുതിയ സംരംഭകർക്ക് മാർഗനിർദ്ദേശങ്ങൾ നൽകുന്നതിലും ബിസിനസ് സൗഹൃദ നയങ്ങൾക്കായി വാദിക്കുന്നതിലും മുൻപന്തിയിലുണ്ട്. സംഘടനയുടെ 15-ാം വാർഷികത്തോടനുബന്ധിച്ച് വിപുലമായ രീതിയിലുള്ള ബിസിനസ് കോൺക്ലേവ് സംഘടിപ്പിക്കുമെന്ന് സെക്രട്ടറി ബ്രൂസ് കൊളംബേൽ അറിയിച്ചു. ബിസിനസ് സ്ഥാപനങ്ങളെ കോർത്തിണക്കി കൂടുതൽ ചിട്ടയായ പ്രവർത്തനങ്ങൾ വരുംനാളുകളിൽ കാഴ്ചവെക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**അനുഭവസമ്പത്തും പുതിയ ദിശാബോധവും**

സ്ഥാപക പ്രസിഡണ്ട് ഡോ. ജോർജ് എം. കാക്കനാട്ട്, സ്ഥാപക ട്രഷറർ സണ്ണി കാരിക്കൽ എന്നിവരുടെ നേതൃത്വത്തിലുള്ള അനുഭവസമ്പത്ത് സംഘടനയെ പുതിയ ഉയരങ്ങളിലെത്തിക്കുമെന്ന് സ്ഥാപക സെക്രട്ടറി ജോർജ് കൊളാച്ചേരിൽ പ്രത്യാശ പ്രകടിപ്പിച്ചു.

## 16-ാമത് കെസിസിഎൻഎ കൺവൻഷൻ: ഏർലി ബേർഡ് രജിസ്ട്രേഷൻ ഫെബ്രുവരി 21-ന് അവസാനിക്കും

**ബൈജു ആലപ്പാട്ട്**

ഡാളസ്: 16-ാമത് കെസിസിഎൻഎ കൺവൻഷൻ, ഫ്ളോറിഡയിലെ ഫോർട്ട് ലോഡർഡെയിലിൽ ചരിത്ര സംഗമത്തിന് ഒരുക്കങ്ങൾ അതിവേഗം മുന്നേറുന്നതായും കൺവൻഷന്റെ ഏർലി ബേർഡ് രജിസ്ട്രേഷൻ ഫെബ്രുവരി 21-ന് അവസാനിക്കുമെന്നും കൺവൻഷൻ സ്റ്റിയറിംഗ് കമ്മിറ്റി അറിയിച്ചു.

ഫ്ളോറിഡയിലെ ഫോർട്ട് ലോഡർഡെയിലെ ബ്രോവാർഡ് കൗണ്ടി കൺവൻഷൻ സെന്ററിൽ, 2026 ആഗസ്റ്റ് ആറ് മുതൽ ഒൻപത് വരെ നടക്കുന്ന 16-ാമത് കെസിസിഎൻഎ നാഷണൽ കൺവൻഷൻ വടക്കേ അമേരിക്കയിലെ ക്നാനായ കത്തോലിക്ക സമൂഹത്തിന്റെ മഹത്തായ സംഗമമാണ്. KCASF (മയാമി), KCCCF (ടാമ്പാ) എന്നീ യൂണിറ്റുകളുടെ സംയുക്ത ആതിഥേയത്വത്തിലാണ് ഈ മഹാസംഗമം സംഘടിപ്പിക്കുന്നത്.

ക്നാനായ സമൂഹത്തിന്റെ പാരമ്പര്യം, വിശ്വാസം, ഐക്യം എന്നിവ ആഘോഷിക്കുന്നതിനുള്ള അപൂർവ അവസരമാണ് ഈ കൺവൻഷൻ. ഉത്തര അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ആയിരക്കണക്കിന് സമുദായ അംഗങ്ങൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.




കുടുംബങ്ങൾക്കും യുവജനങ്ങൾക്കും വ്യക്തിഗത പങ്കാളികൾക്കും ഒരുപോലെ ആത്മീയവും സാമൂഹികവുമായ അനുഭവങ്ങൾ സമ്മാനിക്കുന്ന ചരിത്രപ്രധാനമായ സംഗമമായിരിക്കും ഇത്.

ഇതുവരെ 550-ൽപരം രജിസ്ട്രേഷനുകൾ ലഭിച്ചിട്ടുണ്ട്. ഏർലി ബേർഡ് രജിസ്ട്രേഷൻ അവസാന തീയതി 2026 ഫെബ്രുവരി 21 ആണ്. അതിനുശേഷം ഫാമിലി രജിസ്ട്രേഷന് $100 സിംഗിൾ രജിസ്ട്രേഷന് $50 അധികമായി ഈടാക്കുന്നതായിരിക്കും. അതിനാൽ എല്ലാവരും ഈ സമയപരിധിക്കുള്ളിൽ രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ രജിസ്ട്രേഷൻ പേയ്മെന്റ് ചെയ്തതിനുശേഷമേ രജിസ്ട്രേഷൻ പൂർത്തിയായതായി കണക്കാക്കുകയുള്ളൂ. ഹോട്ടൽ റൂമുകൾ പേയ്മെന്റ് ചെയ്ത തീയതിയുടെ അടിസ്ഥാനത്തിലാണ് അനുവദിക്കുക. അതിനാൽ മികച്ച താമസ സൗകര്യം ഉറപ്പാക്കാൻ എത്രയും വേഗം രജിസ്റ്റർ ചെയ്ത് പേയ്മെന്റ് പൂർത്തിയാക്കണമെന്നും സംഘാടകർ ഓർമ്മിപ്പിക്കുന്നു.

രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനായി ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കുക:

https://convention.kccna.com

3,500-ൽ അധികം പ്രതിനിധികൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്ന ഈ കൺവൻഷൻ, ക്നാനായ സമൂഹത്തിന്റെ ഐക്യവും ശക്തിയും പ്രതിഫലിപ്പിക്കുന്ന വൻസംഗമമായിരിക്കും.

ഇത്തവണ Golf, Pickle Ball, 3X3 ബാസ്കറ്റ്ബോൾ for 35 & up തുടങ്ങിയ ആകർഷണീയമായ സ്പോർട്സ് ഗെയിമുകൾ ഉൾപ്പെടുത്തി ഒരു കംപ്ലീറ്റ് ഗെയിംസ് പാക്കേജ് ആണ് കൺവെൻഷനിൽ പങ്കെടുക്കുന്നവരെ കാത്തിരിക്കുന്നത്.

16-മത് കെസിസിഎൻഎ കൺവൻഷനെ ഏറ്റവും വലിയതും വിജയകരവുമായ സംഗമമാക്കി മാറ്റാൻ എല്ലാവരും ഒന്നുചേരാം.

ജെയിംസ് ഇല്ലിക്കൽ (ഫ്ളോറിഡ) പ്രസിഡണ്ട്, സിജു ചെരുവൻകാലായിൽ (ന്യൂയോർക്ക്) എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്, വിപിൻ ചാലുങ്കൽ (ചിക്കാഗോ) ജനറൽ സെക്രട്ടറി, സൂസൻ തെങ്ങുംതറയിൽ (സാൻ ഹൊസെ) ജോയിന്റ് സെക്രട്ടറി, ജോജോ തറയിൽ (ഹൂസ്റ്റൺ) ട്രഷറർ, ജേക്കബ് കുസുമാലയം (ന്യൂയോർക്ക്) വൈസ് പ്രസിഡണ്ട്, ജെസ്നി കൊട്ടിയാനിക്കൽ (അറ്റ്ലാന്റ) ജോയിന്റ് ട്രഷറർ എന്നിവരാണ് KCCNA-യ്ക്ക് നേതൃത്വം നൽകുന്നത്. ഇവരോടൊപ്പം കൺവൻഷൻ ചെയർപേഴ്സൺ ജോബി ഊരാളിൽ ആതിഥേയ യൂണിറ്റ് പ്രസിഡണ്ടുമാരായ ജയമോൾ മൂശാരിപ്പറമ്പിൽ (ടാമ്പാ), എബി തെക്കനാട്ട് (മയാമി) തുടങ്ങി നിരവധി കമ്മിറ്റി അംഗങ്ങൾ കൺവൻഷന്റെ ഒരുക്കത്തിനായി അഹോരാത്രം പ്രയത്നിക്കുന്നു.

## നായർ അസ്സോസിയേഷൻ വിഷു, ഓണം ആഘോഷം

**സതീശൻ നായർ**

ചിക്കാഗോ: നായർ അസ്സോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോയുടെ ഈ വർഷത്തെ വിഷു ആഘോഷം ഏപ്രിൽ 19-ാം തീയതി ശനിയാഴ്ച വിവിധ കലാപരിപാടികളോടുകൂടി നൈൽസിലുള്ള ഗോൾഫ് മെയ്നി പാർക്ക് ഓഡിറ്റോറിയത്തിൽ വെച്ചും ഓണാഘോഷ പരിപാടികൾ ലമണ്ടിലുള്ള ഹിന്ദു ക്ഷേത്ര ഓഡിറ്റോറിയത്തിൽ വെച്ച് ഓഗസ്റ്റ് 29-ാം തീയതി ശനിയാഴ്ചയും വിവിധ കലാപരിപാടികളോടുകൂടി നടത്തുന്നതാണെന്ന് പ്രസിഡണ്ട് വിജി നായർ അറിയിച്ചു. പരിപാടികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

# മലയാളി അസ്സോസിയേഷൻ ഓഫ് ടാമ്പായുടെ (MAT) പ്രവർത്തനോദ്ഘാടനവും ഫാമിലി നൈറ്റും ഫെബ്രുവരി 28–ന് ആഘോഷിക്കുന്നു

**രാജു മൈലപ്ര**

ടാമ്പാ: മാതൃകാപരമായ പ്രവർത്തനമികവുകൊണ്ട് വളരെ ചുരുങ്ങിയ ഒരു കാലഘട്ടത്തിനുള്ളിൽത്തന്നെ, അമേരിക്കൻ മലയാളി സംഘടനകളുടെ മുൻനിരയിലെത്തിയ 'മലയാളി അസ്സോസിയേഷൻ ഓഫ് ടാമ്പാ'യുടെ പ്രവർത്തനോദ്ഘാടനവും ഫാമിലി നൈറ്റും സംയുക്തമായി ഫെബ്രുവരി 28-നു ശനിയാഴ്ച നടത്തപ്പെടുന്നു.

വൈകുന്നേരം ആറുമണിയോടുകൂടി ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ (2620 Washington Road, Valarico) ആരംഭിക്കുന്ന ആഘോഷ പരിപാടികൾ പ്രൗഢഗംഭീരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതായി പ്രസിഡണ്ട് ബിജോയ് ജോസഫ്, സെക്രട്ടറി ജെഫി ജോസഫ്, ട്രഷറർ ബാബു വർക്കി തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രസ്താവിച്ചു.

'മാറ്റ്' അസ്സോസിയേഷൻ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും കൂടുതൽ ജനപ്രിയമാക്കുന്നതിനുമായി രൂപം കൊടുത്തിട്ടുള്ള 'She MAT, MAT Youth Forum, MAT Cultural Forum' എന്നീ സബ്കമ്മിറ്റികൾ ആഘോഷ പരിപാടികളിൽ സജീവ പങ്കാളിത്തം വഹിക്കുന്നു.

ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്നത് ഡോ. സൗമ്യ വിശ്വനാഥനാണ്. പതിനഞ്ച് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും നൂറിലധികം അനുബന്ധ ആരോഗ്യ പരിപാലന കേന്ദ്രങ്ങളുമുള്ള Bay Care Medical Group-ന്റെ Physician Executive ചുമതല വഹിക്കുന്ന വനിതയാണ് ഡോ. സൗമ്യ വിശ്വനാഥ്. ആരോഗ്യരംഗത്ത് ക്രിയാത്മകമായ നൂതന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി, നിർണ്ണായകമായ തീരുമാനങ്ങൾ എടുക്കുന്ന ചുമതലയാണ് ഡോ. സൗമ്യയ്ക്ക്.

അനേകം മെഡിക്കൽ പ്രൊഫഷനുകൾ സേവനമനുഷ്ഠിക്കുന്ന Bay Care Health System-ത്തിന്റെ സുപ്രധാന ചുമതല വഹിക്കുന്ന ഡോ. സൗമ്യ വിശ്വനാഥ് ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നത് തികച്ചും അഭിമാനകരമാണെന്ന് ഭാരവാഹികൾ പ്രസ്താവിച്ചു.

വിശിഷ്ടാതിഥിയായി എത്തുന്നത് ഇന്ത്യൻ സിനിമാ സംഗീത സംവിധായകനും ഗായകനുമായ ഗിരീഷ് നാരായണനാണ്. പാരമ്പര്യ ശാസ്ത്രീയ സംഗീതത്തെ, സമകാലിക സംഗീതവുമായി സംയോജിപ്പിച്ചുകൊണ്ട്, സംഗീതത്തിന്റെ ഒരു മാസ്മരിക ലോകം തീർക്കുന്ന ഗിരീഷ് നാരായണൻ മലയാളം, തമിഴ്, ഹിന്ദി സിനിമാരംഗത്തെ സജീവ സാന്നിദ്ധ്യമാണ്. സഹ്യാദ്രിയിലെ ചുവന്ന പൂക്കൾ, ഹാപ്പി ഡർബാർ, പെരുമാൾ, ക്ലിയോപാട്രാ, നാല്പതുകളിലെ പ്രണയം തുടങ്ങിയ ചിത്രങ്ങളിൽ അദ്ദേഹത്തിന്റെ സംഗീത്യ സാന്നിദ്ധ്യമുണ്ട്.

ഇന്ത്യയിലും വിദേശത്തുമായി നിരവധി സ്റ്റേജ്ഷോകളിലൂടെ സംഗീത പ്രേമികളുടെ മനംകവർന്ന ഗിരീഷ് നാരായണന്റെ സാന്നിദ്ധ്യം 'മാറ്റിന്റെ' ആഘോഷരാവിന് പത്തരമാറ്റ് മിഴിവേകുന്നു.

ഉദ്ഘാടന സമ്മേളനത്തോടനുബന്ധിച്ച്, കൾച്ചറൽ ഫോറത്തിന്റെ നേതൃത്വത്തിൽ പ്രാദേശിക യുവപ്രതിഭകളെ ഉൾപ്പെടുത്തി, വൈവിധ്യമാർന്ന വർണ്ണശബളമായ കലാപരിപാടികളാണ് അണിയറയിൽ ഒരുങ്ങുന്നത്.

ഫൈവ്സ്റ്റാർ റേറ്റിംഗുള്ള ടാമ്പായിലെ 'Curry Leaves Restaurent' തയ്യാറാക്കുന്ന കേരളത്തനിമയുള്ള ഡിന്നറോടുകൂടി പരിപാടികൾ സമാപിക്കും.


മലയാളി അസ്സോസിയേഷന്റെ (MAT) ഈ ആഘോഷങ്ങളിൽ പങ്കെടുക്കുവാൻ ഏവരേയും ഹൃദയപൂർവ്വം ക്ഷണിക്കുന്നതായി ഭാരവാഹികൾ അറിയിച്ചു.




# നാരായണൻകുട്ടി മേനോൻ കെ.എച്ച്.എൻ.എ ഡി.സി റീജിയണൽ വൈസ് പ്രസിഡണ്ട്

**കെഎച്ച്എൻഎ ന്യൂസ് മീഡിയ**

വാഷിങ്ടൺ: നോർത്ത് അമേരിക്കയിലെ മലയാളി ഹിന്ദുക്കളുടെ ദേശീയ സംഘടനയായ കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (കെഎച്ച്എൻഎ) യുടെ ഡിസി റീജിയണൽ വൈസ് പ്രസിഡണ്ടായി നാരായണൻകുട്ടി മേനോനെ നിയമിച്ചു. വാഷിങ്ടൺ ഡിസി, മേരിലാൻഡ്, വിർജീനിയ, വെസ്റ്റ് വെർജീനിയ എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഡി.സി മേഖലയിൽ സംഘടനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും സാമൂഹിക, സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്യുന്നതാണ് അദ്ദേഹത്തിന്റെ പ്രധാന ചുമതല.



പ്രവാസി മലയാളി സമൂഹത്തിൽ ദീർഘകാലം സംഘടനാനുഭവമുള്ള നേതാവാണ് നാരായണൻകുട്ടി മേനോൻ. കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിങ്ടണിന്റെ മുൻ പ്രസിഡണ്ടായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം സമൂഹ സംഘടനകളെ സജീവമാക്കുന്നതിലും അംഗങ്ങളെ ഒരുമിപ്പിക്കുന്നതിലും ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇതിനു മുൻപ് ഡി.സി മേഖലയിൽ കെഎച്ച്എൻഎയുടെ റീജിയണൽ വൈസ് പ്രസിഡണ്ടായി സേവനമനുഷ്ഠിച്ച അനുഭവവും അദ്ദേഹത്തിനുണ്ട്.

സാമൂഹിക സേവനരംഗത്ത് സജീവസാന്നിദ്ധ്യമുള്ള നാരായണൻകുട്ടി മേനോൻ നായർ സൊസൈറ്റി ഓഫ് ഗ്രേറ്റർ വാഷിങ്ടണിൽ പ്രവർത്തിക്കുന്ന ഒരു സജീവ വോളന്റിയറുമാണ്. പ്രവാസി സമൂഹത്തിന്റെ സാമൂഹിക-സാംസ്കാരിക ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതും സംഘടനകൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതുമാണ് അദ്ദേഹത്തിന്റെ പ്രവർത്തനശൈലി.

തന്റെ നിയമനത്തെക്കുറിച്ച് പ്രതികരിച്ചുകൊണ്ട് നാരായണൻകുട്ടി മേനോൻ പറഞ്ഞു: "സമൂഹ സേവനത്തിലൂടെ ഐക്യവും മൂല്യബോധവും ശക്തിപ്പെടുത്താനാണ് എന്റെ ശ്രമം. കെഎച്ച്എൻഎയുടെ ദൗത്യവുമായി വീണ്ടും ചേർന്ന് പ്രവർത്തിക്കാൻ ലഭിച്ച അവസരം ഞാൻ അഭിമാനത്തോടെ ഏറ്റെടുക്കുന്നു."

നാരായണൻകുട്ടി മേനോന്റെ നിയമനത്തെ സ്വാഗതം ചെയ്തുകൊണ്ട് കെഎച്ച്എൻഎ പ്രസിഡണ്ട് ടി. ഉണ്ണിക്കൃഷ്ണൻ പറഞ്ഞു: "കെഎച്ച്എൻഎയുടെ പ്രവർത്തനങ്ങളിൽ വർഷങ്ങളായുള്ള അനുഭവസമ്പത്തുള്ള നേതാവാണ് നാരായണൻകുട്ടി മേനോൻ. ഡി.സി. മേഖലയിലെ കുടുംബങ്ങളെ ആത്മവിശ്വാസത്തോടെയും ഐക്യത്തോടെയും മുന്നോട്ട് നയിക്കാൻ അദ്ദേഹത്തിന്റെ നേതൃത്വം നിർണ്ണായകമാകും."

ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡണ്ട് കെ.വി. സഞ്ജീവ് കുമാർ, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻപിള്ള എന്നിവർ ഉൾപ്പെടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയും ട്രസ്റ്റി ബോർഡ് അംഗങ്ങളും നാരായണൻകുട്ടി മേനോന് ഹൃദയപൂർവ്വമായ ആശംസകൾ നേർന്നു.

# ടാമ്പ സേക്രഡ് ഹാർട്ട് ക്നാനായ ദേവാലയത്തിന് പുതിയ പാരിഷ് കൗൺസിൽ കമ്മിറ്റി

**റോബിൻ ചമ്പനിയിൽ**

ടാമ്പാ: ടാമ്പ സേക്രഡ്ഹാർട്ട് ക്നാനായ ഫൊറോനാ കാത്തോലിക്ക ദേവാലയത്തിൽ 2026-2027 കാലയളവിലേക്കുള്ള പാരിഷ് കൗൺസിൽ പ്രതിനിധികളെ തെരഞ്ഞെടുത്തു. ഫെബ്രു. 8-ന് ഞായറാഴ്ച ദേവാലയത്തിൽവച്ച് ഇടവകവികാരി ഫാ. ജോസ് ആദോപ്പള്ളിയുടെ നേതൃത്വത്തിൽ ഏവരും സത്യപ്രതിജ്ഞ ചൊല്ലി സ്ഥാനം ഏറ്റെടുത്തു. കിഷോർ വട്ടപ്പറമ്പിൽ, ബേബി മാക്കിൽ, ജോസ്മോൻ തത്തംകുളം, റെനിമോൻ പച്ചിലമാക്കിൽ എന്നിവരാണ് കൈക്കാരന്മാർ. സ്റ്റീഫൻ തൊട്ടിയിൽ, സാബു കുന്നക്കാട്ടുമലയിൽ, അനിത തെക്കനാട്ട്, ഷൈനി കിഴക്കനടിയിൽ, റെജി മഠത്തിലേട്ട്, അനിത ചെമ്മരപ്പള്ളി. സ്റ്റെബി വെളിമറ്റം, ജീവ പ്രാലേൽ, സ്റ്റീഫൻ തൊട്ടിയിൽ, തോമസ് ആക്കൽകൊട്ടാരം, സജിമോൻ പൂവത്തിങ്കൽ, മോളി ഒടിമുഴങ്ങായിൽ, റോബിൻ ചമ്പനിയിൽ, സിറിൽ തെക്കനാട്ട്, എബി മണലേൽ എന്നിവർ കൂടാരയോഗങ്ങളുടെ പ്രസിഡണ്ടുമാരായും ബിൽഡിംഗ് ബോർഡിനെ പ്രതിനിധീകരിച്ചുകൊണ്ട് രാജീവ് കൂട്ടുങ്കൽ, റെനിമോൻ ചെറുതാന്നി എന്നിവരും മെൻസ് മിനിസ്ട്രിക്കുവേണ്ടി ജിമ്മി എരുമേലിക്കരയും വിമെൻസ് മിനിസ്ട്രിക്കുവേണ്ടി സബീന പഴുക്കായിലും, ലീജിയൺ ഓഫ് മേരി പ്രതിനിധി ആൻസി മോഹൻ കണ്ണച്ചാംകുന്നേലും, പാസ്റ്ററൽ കൗൺസിലിനുവേണ്ടി സിജോയ് സിറിയക് പറപ്പള്ളി, ജിമ്മി കളപ്പുരയിൽ, ജീവ പ്രാലേൽ എന്നിവരും ഡി.ആർ.ഇ ആയി സാലി കുളങ്ങരയും വിസിറ്റേഷൻ കോൺവെന്റ് സുപ്പീരിയർ സിസ്റ്റർ സാന്ദ്രയും, യൂത്ത് മിനിസ്ട്രിക്കുവേണ്ടി എബിൻ തടത്തിലും ചേർന്നതാണ് ഈ വർഷത്തെ പാരിഷ് കൗൺസിൽ. പാരിഷ് കൗൺസിൽ സെക്രട്ടറിയായി സ്റ്റീഫൻ തൊട്ടിയിലും പി.ആർ.ഒ ആയി റോബിൻ ചമ്പനിയിലിന്റെ നേതൃത്വത്തിൽ മീഡിയ ടീമും സ്ഥാനമേറ്റു. പുതിയ ദേവാലയ നിർമാണത്തിന്റെ നിർണായകഘട്ടത്തിലേക്ക് പ്രവേശിക്കുന്ന സാഹചര്യത്തിൽ ഇതുവരെ ഇതിനുപിന്നിൽ പ്രവർത്തിച്ചവരെ കമ്മിറ്റിയിൽ നിലനിർത്തുകയെന്ന നിർദേശം സ്വീകരിച്ച് കൈക്കാരൻമാരുൾപ്പെടെ പല കൂടാരയോഗപ്രതിനിധികളും ഈവർഷവും കമ്മിറ്റിയിൽ തുടരുകയാണ് ചെയ്തത്. ദൈവാലയ നിർമാണത്തിൽ ഏവരുടെയും ഊർജിതമായ സഹകരണം വേണമെന്ന് ഈ അവസരത്തിൽ ഫാ. ജോസ് ആദോപ്പള്ളി ഓർമപ്പെടുത്തി. പുതിയ കർമപദ്ധതികളുമായി പുരോഗമന ചിന്താഗതിയോടെ യുവജനങ്ങളെ മുൻനിർത്തി ഇടവകസമൂഹം മുന്നോട്ട് നീങ്ങണമെന്നും അദ്ദേഹം ആശംസിച്ചു.



# വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന് നവ നേതൃത്വം: പ്രസിഡണ്ട് ദേവസി ഇട്ടൂപ്പ്, സെക്രട്ടറി ടെറൻസൺ തോമസ്, ട്രഷറർ എ.വി. വർഗീസ്

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ ജനറൽ ബോഡിയോഗം 2026-ലെ ഭരണസമിതിയെ തെരഞ്ഞെടുത്തു. അരനൂറ്റാണ്ട് പിന്നിട്ട അമേരിക്കയിലെ പ്രബല സംഘടനകളിൽ ഒന്നുകൂടിയാണ് വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ.

പുതിയ പ്രസിഡണ്ടായി ദേവസി ഇട്ടൂപ്പ്, സെക്രട്ടറി ടെറൻസൺ തോമസ്, ട്രഷറർ എ.വി. വർഗീസ്, വൈസ് പ്രസിഡണ്ട് വർഗീസ് എം. കുര്യൻ (ബോബൻ) ജോ. സെക്രട്ടറി: ജോൺ കെ. മാത്യു (ബോബി), ജോയിന്റ് ട്രഷറർ ചാക്കോ പി. ജോർജ് (അനി) എന്നിവരെ തെരഞ്ഞെടുത്തു.

കമ്മിറ്റി അംഗങ്ങൾ: ജെ. മാത്യൂസ്, ജോയി ഇട്ടൻ, ശ്രീകുമാർ ഉണ്ണിത്താൻ, ആന്റോ വർക്കി, കെ.കെ. ജോൺസൺ, നിരീഷ് ഉമ്മൻ, ഷോളി കുമ്പിളുവേലിൽ, മാത്യു ജോസഫ്, ജോൺ തോമസ്, ജോ ഡാനിയേൽ, സുരേന്ദ്രൻ നായർ, മോളമ്മ വർഗീസ്, ജോർജ് കുഴിയാഞ്ഞാൽ, ബിനു വർഗീസ് എന്നിവരും തെരഞ്ഞെടുത്തു.

ട്രസ്റ്റി ബോർഡ് അംഗങ്ങൾ: രാജൻ ടി. ജേക്കബ്, ജോൺ സി. വർഗീസ്, കുരിയാക്കോസ് വർഗീസ്, ജോൺ ഐസക്, തോമസ് കോശി. ട്രസ്റ്റി ബോർഡ് ചെയർമാൻ ആയി രാജൻ ടി. ജേക്കബ് നിയമിതനാവും.

നിലവിലുള്ള ട്രസ്റ്റി ബോർഡ് ചെയർമാൻ കെ.ജെ. ഗ്രിഗറി ഇലക്ഷന് നേതൃത്വം നൽകി.

പ്രസിഡണ്ട് ദേവസി ഇട്ടൂപ്പ് അസോസിയേഷന്റെ ദീർഘകാലമായുള്ള പ്രവർത്തകൻ ആണ്. കമ്മിറ്റി മെമ്പർ, ട്രഷറർ, ട്രസ്റ്റി ബോർഡ് മെമ്പർ എന്നീ സ്ഥാനങ്ങൾ വഹിച്ച ശേഷമാണ് അദ്ദേഹം പ്രസിഡണ്ട് പദവി ഏറ്റെടുക്കുന്നത്. സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ-സാമുദായിക മേഖലകളിൽ അറിയപ്പെടുന്ന അദ്ദേഹം ബ്രോങ്ക്സ് കാത്തലിക് ചർച്ചിലെ മെമ്പർ കൂടിയാണ്.



സെക്രട്ടറി ടെറൻസൺ തോമസ് മൂന്ന് തവണ ഈ അസോസിയേഷന്റെ പ്രസിഡണ്ട് ആയും നിരവധി തവണ സെക്രട്ടറി ആയും മറ്റു സ്ഥാനമാനങ്ങളും വഹിച്ചിട്ടുള്ള വ്യക്തിയാണ്. ഫൊക്കാനയുടെ മുൻ സെക്രട്ടറി കൂടിയായ അദ്ദേഹം ന്യൂയോർക്കിലെ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ നിറസാന്നിദ്ധ്യമാണ്.

ട്രഷറർ എ.വി. വർഗീസ് അസോസിയേഷന്റെ ആദ്യകാല മെമ്പർമാരിൽ ഒരാളാണ്. അസോസിയേഷന്റെ മുൻ പ്രസിഡണ്ട് തുടങ്ങി നിരവധി സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള അദ്ദേഹം ഫോമയുടെ മുൻ കമ്മിറ്റി മെമ്പറും സീനിയർ നേതാവ് കൂടിയാണ്.

വൈസ് പ്രസിഡണ്ട് എ.വി. കുര്യൻ അസോസിയേഷന്റെ മുൻ പ്രസിഡണ്ട് കൂടിയാണ്, ദീർഘകാലമായുള്ള പ്രവർത്തകൻ, കമ്മിറ്റി മെമ്പർ, ട്രസ്റ്റി ബോർഡ് മെമ്പർ, ട്രഷറർ, വൈസ് പ്രസിഡണ്ട്, ട്രസ്റ്റി ബോർഡ് ചെയർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള വ്യക്തി കൂടിയാണ്. ഫൊക്കാനയുടെ നേതാവ് കൂടിയാണ്.

ജോയിന്റ് സെക്രട്ടറി ജോൺ കെ. മാത്യു (ബോബി) അസോസിയേഷന്റെ മുൻ പ്രസിഡണ്ട് കൂടിയാണ്. അസോസിയേഷന്റെ വളരെ കാലമായുള്ള മെമ്പർ ആണ്. അസോസിയേഷന്റെ കമ്മിറ്റി മെമ്പർ, ട്രസ്റ്റി ബോർഡ് മെമ്പർ, ട്രസ്റ്റി ബോർഡ് ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്. ഫൊക്കാനയുടെ നേതാവ് കൂടിയായ അദ്ദേഹം ന്യൂയോർക്ക് മലയാളി സമൂഹത്തിൽ നിറസാന്നിദ്ധ്യമാണ്.

ജോയിന്റ് ട്രഷറർ ചാക്കോ പി. ജോർജ് (അനി) അസോസിയേഷന്റെ വളരെ കാലമായുള്ള മെമ്പർ ആണ്. അസോസിയേഷന്റെ കമ്മിറ്റി മെമ്പർ, ട്രസ്റ്റി ബോർഡ് മെമ്പർ, ട്രസ്റ്റി ബോർഡ് ചെയർമാൻ ആയി രണ്ടു തവണ സേവനം അനുഷ്ഠിച്ചിട്ടുമുണ്ട് അദ്ദേഹം. അഞ്ജലി ട്രാവൽസ് എന്ന ബിസിനസ്സ് സംരംഭം നടത്തിവരുന്ന അദ്ദേഹം ധാരാളം ടൂർപ്ലാനുകളും നടത്തി വരുന്നു.

അമേരിക്കയിലെ ഏറ്റവും പ്രബലമായ മലയാളി സംഘടനകളിൽ ഒന്നാണ് വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ. ഒരു വ്യക്തിയല്ല മറിച്ച് ഒരു സമൂഹമായിത്തന്നെയാണ് അസോസിയേഷന്റെ എക്കാലത്തേയും പ്രവർത്തനങ്ങൾ നടത്തുന്നത്. നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന സംഘടന ആണ് വെസ്റ്റ്ചെസ്റ്റർ.

തെരഞ്ഞെടുക്കപ്പെട്ടവർക്ക് നല്ല ഒരു പ്രവർത്തനം നടത്താൻ ഈ വർഷം കഴിയട്ടെ എന്ന് സ്ഥാനം ഒഴിഞ്ഞ പ്രസിഡണ്ട് തോമസ് കോശി തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ആശംസിച്ചു.

# വേൾഡ് മലയാളി കൗൺസിൽ 'ആർദ്രം 2026' ഗ്ലോബൽ സംഗമം ഫെബ്രുവരി 25-ന് തിരുവനന്തപുരത്ത്

തിരുവനന്തപുരം: വേൾഡ് മലയാളി കൗൺസിൽ (ഡബ്ല്യു.എം.സി) സംഘടിപ്പിക്കുന്ന "ആർദ്രം 2026-സേവനത്തിന്റെയും സംസ്കാരത്തിന്റെയും മികവിന്റെയും ആഗോള സംഗമം" ഫെബ്രുവരി 25-ന് തിരുവനന്തപുരം മാസ്കോട്ട് ഹോട്ടലിൽ വച്ച് ഭംഗിയായി നടക്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മലയാളി നേതാക്കളെയും സാമൂഹിക-രാഷ്ട്രീയ പ്രമുഖരെയും ഒരുമിപ്പിക്കുന്ന മഹാസംഗമമാണിത്.




കേരള നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ മുഖ്യാതിഥിയായി ചടങ്ങ് ഉദ്ഘാടനം ചെയ്യും.

**പരിപാടിയിൽ പങ്കെടുക്കുന്ന പ്രമുഖർ:**

ജി.ആർ. അനിൽ (സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി), ജെ. ചിഞ്ചുറാണി (മൃഗസംരക്ഷണ-ഡയറി വികസന മന്ത്രി), അഹമ്മദ് ദേവർകോവിൽ (എം.എൽ.എ & മുൻ മന്ത്രി), അനൂപ് ജേക്കബ് (എം.എൽ.എ), പി. ഉബൈദുള്ള (എം.എൽ.എ), കെ. മുരളീധരൻ (മുൻ മന്ത്രി & മുൻ എം.പി), വി.വി. രാജേഷ് (തിരുവനന്തപുരം മേയർ), അജിത് കൊല്ലശ്ശേരി (സി.ഇ.ഒ നോർക റൂട്ട്സ്).

വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ ആരംഭിച്ച ഗ്ലോബൽ നേഴ്സിംഗ് സ്കോളർഷിപ്പ് പദ്ധതിയാണ് പരിപാടിയുടെ പ്രധാന ആകർഷണം. ഈ പദ്ധതിയിലൂടെ 100 അർഹരായ നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് ഓരോരുത്തർക്കും 100000 (ഒരു ലക്ഷം രൂപ) വീതം ധനസഹായം നൽകുന്നു.

പദ്ധതിയുടെ ആദ്യഘട്ടമായി 25 നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ഫെബ്രുവരി 25ലെ ചടങ്ങിൽ നടക്കും. ഗ്ലോബൽ എക്സിക്യൂട്ടീവ് കൗൺസിൽ യോഗത്തോടെയാണ് പരിപാടി ആരംഭിക്കുന്നത്. തുടർന്ന് ഹെൽത്ത്കെയർ എക്സലൻസ് അവാർഡുകൾ, നേഴ്സിംഗ് സ്കോളർഷിപ്പ് വിതരണം, സാംസ്കാരിക പരിപാടികൾ, വനിതാ ഫോറം ഭവനത്തിന്റെ താക്കോൽദാനം, ഫെല്ലോഷിപ്പ്, ഡിന്നർ, നെറ്റ്വർക്കിംഗ്, വാക്കത്തോൺ എന്നിവയും സംഘടിപ്പിക്കും.

ഗ്ലോബൽ ചെയർമാൻ തോമസ് മൊട്ടാക്കൽ, ഗ്ലോബൽ പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ, ജനറൽ സെക്രട്ടറി ഷാജി മാത്യു, ട്രഷറർ സണ്ണി ജി. വെളിയത്ത്, ഗ്ലോബൽ വൈസ് പ്രസിഡണ്ട് (അഡ്മിൻ) ജെയിംസ് കൂടൽ, അഡ്വൈസറി ബോർഡ് ചെയർമാൻ ടി.പി. വിജയൻ എന്നിവരുടെ നേതൃത്വത്തിലും, ഇന്ത്യ റീജിയനും ട്രാവൻകൂർ പ്രൊവിൻസിന്റെയും സഹകരണത്തോടെയാണ് പരിപാടി നടക്കുന്നത്. ലോകമെമ്പാടുമുള്ള മലയാളി സമൂഹത്തെ ഒന്നിപ്പിക്കുന്നതും, സേവന-സാമൂഹിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുമായ ഈ മഹാസംഗമത്തിൽ വലിയ പങ്കാളിത്തം പ്രതീക്ഷിക്കുന്നതായി വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ വൈസ് പ്രസിഡണ്ട് ജെയിംസ് കൂടൽ അറിയിച്ചു.

# മാർത്തോമാ സഭാ കൗൺസിൽ സ്ഥാനാർത്ഥിയായി ആൻഡ്രൂസ് അഞ്ചേരി മത്സരിക്കുന്നു

പി.പി. ചെറിയാൻ



ഡാളസ്: മാർത്തോമാ നോർത്ത് അമേരിക്കൻ ഭദ്രാസനത്തിലെ പ്രമുഖ ഇടവകകളിൽ ഒന്നായ ഡാളസ് മാർത്തോമാ ചർച്ച്-ഫാർമേഴ്സ് ബ്രാഞ്ച് ഇടവകയിൽനിന്ന് സഭാ പ്രതിനിധി മണ്ഡലാംഗമായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട ആൻഡ്രൂസ് അഞ്ചേരി മാർത്തോമാ സഭാ കൗൺസിൽ സ്ഥാനാർത്ഥിയായി മത്സരിക്കുന്നു.

അറിയപ്പെടുന്ന മാധ്യമപ്രവർത്തകനും കവിയും ഗാനരചയിതാവും സംഗീതസംവിധായകനുമായ അദ്ദേഹം മാർത്തോമാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസന അസംബ്ലി അംഗമായും മുൻപ് സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1982-ൽ ഡാളസിലെ ആദ്യ ഗായക സംഘത്തിന് നേതൃത്വം നൽകിയ ആൻഡ്രൂസ് പിന്നീട് ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവകയുടെ ക്വയർ ഡയറക്ടറായി ദീർഘകാലം അനുഗൃഹീതമായ ശുശ്രൂഷ നിർവഹിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ അഞ്ചേരി സ്വദേശിയായ ആൻഡ്രൂസ്, മുൻപ് കൊൽക്കത്ത മാർത്തോമാ ഇടവകയിലും സജീവ അംഗമായി പ്രവർത്തിച്ചിരുന്നു. ചിരിപ്പിക്കയും ചിന്തിപ്പിക്കയും ചെയ്യുന്ന നിരവധി കവിതകളും ലേഖനങ്ങളും ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അദ്ദേഹം സാഹിത്യരംഗത്തും ശ്രദ്ധേയ സാന്നിദ്ധ്യമാണ്. അഖില കേരള ബാലജനസഖ്യത്തിലൂടെ വളർന്നുവന്ന അദ്ദേഹം, മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രതിനിധീകരിച്ചിരുന്ന പുതുപ്പള്ളി യൂണിയനിൽനിന്ന് ബാലജനസഖ്യത്തിന്റെ സെൻട്രൽ കമ്മിറ്റി അംഗമായും നന്നേ ചെറുപ്പത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. സഭയുടെ വിവിധ മേഖലകളിൽ സജീവ പങ്കാളിത്തം പുലർത്തുന്ന ആൻഡ്രൂസ് സേവന മനോഭാവത്താലും നേതൃപക്ഷത്തിലുള്ള കഴിവാലും ശ്രദ്ധേയനാണ്.

അമേരിക്കയിലെ എല്ലാ സംസ്ഥാനങ്ങളും സന്ദർശിച്ചിട്ടുള്ള അദ്ദേഹം, ജോലിയിൽ നിന്ന് വിരമിച്ചതിനുശേഷം കൊച്ചുമക്കളുമായി സമയം ചെലവിടുന്നതോടൊപ്പം കുടുംബമായി വിവിധ രാജ്യങ്ങൾ സന്ദർശിക്കുന്നത് തന്റെ ഹോബിയായി തുടരുകയും ചെയ്തുവരുന്നു. ആൻഡ്രൂസ് അഞ്ചേരിയുടെ പ്രതിജ്ഞാബദ്ധമായ സേവനം മാർത്തോമാ സഭയ്ക്കെന്നും ഒരു മുതൽക്കൂട്ട് തന്നെയാണ്.

കേരളാ എക്സ്പ്രസ് KERALA EXPRESS
വാരാന്ത്യം



# നിലപാടുകളാണ് ടീം ഇന്റഗ്രിറ്റിയുടെ ശക്തി: സന്തോഷ് നായർ

## ഫൊക്കാന 2026 – 2028 ജനറൽ സെക്രട്ടറി സ്ഥാനാർത്ഥി

അഭിമുഖം



അനിൽ പെണ്ണുക്കര

നിലപാടുകളാണ് ആത്മാർത്ഥതയുള്ള നേതാക്കന്മാരുടെ ആത്മബലം. ആ ആത്മബലം ലോകത്തിന്റെ ഏതറ്റത്തു വരെ പോയാലും കരുത്താകും. അവർ ഇടപെടുന്ന ഇടങ്ങളിലെല്ലാം ആ നന്മ തിളങ്ങിനിൽക്കും. സ്വന്തം നിലപാടുകളാണ് എക്കാലത്തേയും തന്റെ വിജയത്തിനാധാരം എന്ന് അഭിമാനത്തോടെ പറയുന്ന ഒരു വ്യക്തിത്വമാണ് സന്തോഷ് നായർ ചിക്കാഗോ. സാമൂഹ്യ പ്രവർത്തകനും ഫൊക്കാനയുടെ ശബ്ദവുമായ ഫിലിപ്പോസ് ഫിലിപ്പ് ഫൊക്കാന പ്രസിഡന്റായി മത്സരിക്കുന്ന 2026–2028 ടീം ഇന്റഗ്രിറ്റി പാനലിൽ ജനറൽ സെക്രട്ടറിയായി മത്സരിക്കുകയാണ് സന്തോഷ് നായർ ചിക്കാഗോ. ചിക്കാഗോയുടെ സാമൂഹ്യ സാംസ്കാരിക രംഗത്ത് സജീവ സാന്നിധ്യമായ സന്തോഷ് നായർ സംഘടനാ വികസന കാഴ്ചപ്പാട് വിശദീകരിക്കുന്നു.

**2026 – 2028 കാലയളവിൽ ഫൊക്കാന ജനറൽ സെക്രട്ടറിയായി ടീം ഇന്റഗ്രിറ്റിയുടെ പാനലിൽ മത്സരിക്കുകയാണല്ലോ? സംഘടനാരംഗത്ത് വളരെ നേതൃത്വ പാടവമുള്ള ഫിലിപ്പോസ് ഫിലിപ്പ് നയിക്കുന്ന പാനലിൽ ജനറൽ സെക്രട്ടറിയായി മത്സരിക്കുമ്പോൾ എന്ത് തോന്നുന്നു?**

ഞാൻ സംഘടനാ പ്രവർത്തനം തുടങ്ങിയത് എന്റെ സ്കൂൾ കാലം മുതൽക്കാണ്. അടിയുറച്ച കോൺഗ്രസ് പ്രവർത്തകൻ. കെ.എസ്.യുവിൽ തുടങ്ങിയ പ്രവർത്തനം കോൺഗ്രസ് പ്രസ്ഥാനത്തിലൂടെ ഇപ്പോഴും തുടരുന്നു. അതിനിടയിൽ അമേരിക്കയിൽ എത്തുന്നു. ഇവിടെ നിരവധി മലയാളി സംഘടനകളിലൂടെ ഫൊക്കാനയിലേക്കും സജീവമായി. ഇവിടെയെല്ലാം ഞാൻ കാത്തു സൂക്ഷിക്കുന്നത് സത്യസന്ധതയും വിശ്വാസ്യതയുമാണ്. അത് കൃത്യമായി പാലിക്കുന്നുമുണ്ട്. ശ്രീ. ഫിലിപ്പോസ് ഫിലിപ്പ് നയിക്കുന്ന പാനലിന്റെ ഭാഗമായി മാറിയത് അഭിമാനമായി കരുതുന്നു. കാരണം അദ്ദേഹം ഫൊക്കാനയുടെ രക്ഷകനാണ്. കാരണം ഫൊക്കാനയ്ക്കെതിരെ ഉണ്ടായ കേസുകൾ നടത്തി ഫൊക്കാനയെ വിജയത്തിലെത്തിച്ച നേതാവ് എന്നു പറയുമ്പോൾ അതിൽ മറ്റൊരു അഭിമാനം കൂടിയുണ്ട്.

കാരണം ഫൊക്കാനയ്ക്ക് അല്പമെങ്കിലും പ്രശ്നം ഉണ്ടാകുന്ന കാലഘട്ടം ചിലർ ഫൊക്കാനയ്ക്കെതിരെ നൽകിയ കേസുകളാണ്. ഈ സമയത്തൊക്കെ ഫൊക്കാനയ്ക്കൊപ്പം നിലകൊണ്ട് ആ കേസുകളിൽ വിധി ഫൊക്കാനയ്ക്ക് അനുകൂലമായി നേടിയെടുക്കാനുള്ള പോരാട്ടം നടത്തിയ വ്യക്തികളിൽ മുൻപന്തിയിലാണ് ഫിലിപ്പോസ് ഫിലിപ്പ്. അതുകൊണ്ട് തന്നെയാണ് അദ്ദേഹത്തിനൊപ്പം പ്രവർത്തിക്കുവാൻ താല്പര്യം തോന്നിയത്. ടീം ഇന്റഗ്രിറ്റിയുടെ ഭാഗമായി വളരെ ഒരു മികച്ച ടീം തന്നെ ഞങ്ങൾ അവതരിപ്പിക്കുന്നു.

**ഫൊക്കാനയുടെ പുതിയ ഭരണ സമിതി എപ്പോഴും പഴയതിന്റെ പിന്തുടർച്ച ആണല്ലോ? ഡോ. സജിമോൻ ആന്റണി, ശ്രീകുമാർ ഉണ്ണിത്താൻ കോമ്പോ ഫൊക്കാനയ്ക്ക് നിരവധി നേട്ടങ്ങൾ നൽകിയ ടീമാണ്. പുതിയ ജനറൽ സെക്രട്ടറിയായി മത്സരിക്കുമ്പോൾ നിലവിലെ ടീമിനെ എങ്ങനെ വിലയിരുത്തുന്നു?**

അതിനുത്തരം ഞങ്ങളുടെ ടാഗ് ലൈൻ തന്നെയാണ് 'ഇന്റഗ്രിറ്റി'. ഡോ. സജിമോൻ ആന്റണി, ശ്രീകുമാർ ഉണ്ണിത്താൻ, ജോയി ചാക്കപ്പൻ ടീം വളരെ വിശ്വാസ്യതയോടും സത്യസന്ധമായും പ്രവർത്തിച്ചു വരുന്ന ഫൊക്കാന നേതൃത്വമാണ്. പരസ്പര വിശ്വാസമാണ് ഏതൊരു സംഘടനയുടെയും പ്രവർത്തനത്തെ മൂല്യവത്താക്കുന്നത്. 2024 – 2026 ടീം അധികാരം ഏറ്റെടുത്തതു മുതൽ ഏറ്റവും പുതിയ പദ്ധതിയായ മെഡിക്കൽ പദ്ധതി വരെ ഫൊക്കാനയുടെ ഏറ്റവും ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ്. ഒരു ടീമായി നിന്ന് പ്രവർത്തിക്കുവാൻ അവർക്ക് സാധിക്കുന്നതാണ് അവരുടെ വിജയം. സാധാരണ പ്രസിഡന്റായി വരുന്നവരൊക്കെ അധികാരത്തിന്റെ തിമിർപ്പിൽ സ്വയം മറന്നു പോകാറുണ്ട്. ഡോ. സജിമോൻ ആന്റണി, ശ്രീകുമാർ ഉണ്ണിത്താൻ, ജോയ് ചാക്കപ്പൻ ടീം ഫൊക്കാനയ്ക്ക് എന്നും മാതൃകയായ ഒരു ടീമായിരിക്കും എന്നതിൽ യാതൊരു സംശയവും ഇല്ല. കാരണം അവരുടെ പ്രവർത്തനങ്ങൾ എല്ലാം ഫൊക്കാനയ്ക്ക് വേണ്ടിയും കേരളത്തിന്റെ നിർദ്ധനരായ ജനങ്ങളുടെ വികസനത്തിനും, വിദ്യാഭ്യാസ, ആതുര സേവന രംഗത്തും പുരോഗമനം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്. മെഡിക്കൽ കാർഡ്, അമേരിക്കയിലെ മെഡിക്കൽ ചികിത്സ, സ്വിം കേരള സ്വിം, പ്രിവിലേജ് കാർഡ് ഇവയെല്ലാം വളരെ ദീർഘ വീക്ഷണത്തോടെ നടപ്പിലാക്കുന്ന പദ്ധതികളാണ്. അതുകൊണ്ടു തന്നെ ഈ ടീം ഞങ്ങൾക്കും ഒരു മാതൃകയാണ്.




**മികച്ച പ്രവർത്തനങ്ങളുടെ പിൻമുറക്കാരായി ഫിലിപ്പോസ് ഫിലിപ്പ്, സന്തോഷ് നായർ, ആന്റോ വർക്കി ടീം വരികയാണെങ്കിൽ ഇത്തരം പദ്ധതികൾ ഒരു ബാധ്യതയായി മാറില്ലേ നിങ്ങളുടെ ടീമിന്?**

ഒരിക്കലുമില്ല, ഫൊക്കാന ഒരു തുടർച്ചയാണ്. ഫൊക്കാനയുടെ പദ്ധതികളും അങ്ങനെ തന്നെ. ഇപ്പോഴത്തെ ടീം എന്തെല്ലാം ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ അവയെല്ലാം തുടരേണ്ടവ തന്നെയാണ്. അമേരിക്കൻ മലയാളികൾക്കും, അവരുടെ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ഇതിനോടകം വലിയ നേട്ടങ്ങൾ ഉണ്ടായിട്ടുള്ള ഹെൽത്ത്, പ്രിവിലേജ് കാർഡുകൾ തുടരുക തന്നെ വേണം. ഹെൽത്ത് കാർഡ് കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുക യാണ് പ്രധാനം. ഏത് പദ്ധതിയും നിന്നു പോകാൻ എളുപ്പമാണ്. അതിന്റെ നന്മ തിരിച്ചറിഞ്ഞ് മുന്നോട്ട് കൊണ്ടുപോയാൽ അതിന്റെ ക്രെഡിറ്റ് ഫൊക്കാനയ്ക്ക് മാത്രമായിരിക്കും.

അതുപോലെ സ്വിം കേരള സ്വിം പോലെയുള്ള പദ്ധതികൾ തുടരേണ്ടവ തന്നെയാണ്. കേരളത്തിലെ കുട്ടികളെ ആക്ടീവായി നിർത്തേണ്ട കാലമാണിത്. അതിനായി നിരവധി പദ്ധതികൾ തന്നെ നടപ്പിലാക്കണം എന്നാണ് എന്റെ അഭിപ്രായം. മൊബൈൽ അഡിക്റ്റിൽ നിന്ന് തുടങ്ങി എന്തെല്ലാം അഡിക്ഷനുകളിലേക്ക് ഇന്നത്തെ യുവ തലമുറ മാറിക്കഴിഞ്ഞു. ഇതിനൊക്കെ പരിഹാരമായി പല കാര്യങ്ങളും ചെയ്യാൻ കഴിയും. അതിന് ഞങ്ങൾക്ക് പുതിയതായി എന്ത് ചെയ്യാൻ കഴിയും എന്ന് ആലോചിച്ച് വേണ്ടത് ചെയ്യും.

**എന്തെല്ലാമാണ് ടീം ഇന്റഗ്രിറ്റി ടീം അധികാരത്തിലെത്തിയാൽ ഫൊക്കാന നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ?**

ഞങ്ങളുടെ ടീം മുന്നോട്ട് വയ്ക്കുന്ന പ്രധാനപ്പെട്ട ഒരാശയം അമേരിക്കൻ മലയാളികൾക്കായി ഒരു ഹെൽപ്പ് ലൈൻ നമ്പർ കൊണ്ടുവരിക എന്നതാണ്. താൽക്കാലിക വാസത്തിനോ മറ്റോ വരുന്ന ഒരാൾക്ക് മരണം സംഭവിക്കുമ്പോഴോ അന്യായമായ അറസ്റ്റുകൾ നടക്കുമ്പോഴോ എമർജൻസി സിറ്റുവേഷനുകളിൽ സഹായത്തിന് വേണ്ടി ഒരു നമ്പർ രൂപീകരിക്കുകയും എവിടെയാണോ സഹായം വേണ്ടത് അവിടെയുള്ള സംഘടനാ പ്രവർത്തകരെ ഉടനടി കാര്യം വിളിച്ചറിയിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇത് പ്രവാസികൾക്ക് വലിയൊരു ആശ്വാസമായിരിക്കും. കഴിഞ്ഞ കമ്മിറ്റി തുടങ്ങിവെച്ച മെഡിക്കൽ കാർഡ്, പ്രിവിലേജ് കാർഡ് തുടങ്ങിയ പദ്ധതികൾ തുടരുകയും അതിന്റെ പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യും.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി സ്കോളർഷിപ്പുകൾ നൽകുക, നാഷണൽ കമ്മിറ്റി അംഗങ്ങളെ സജീവമായ ഉപസമിതികളായി വിഭജിച്ച് ചാരിറ്റി, എമിഗ്രേഷൻ, ലഹരിവിരുദ്ധ പ്രവർത്തനം തുടങ്ങിയ മേഖലകളിൽ പ്രവർത്തനസജ്ജമാക്കുക എന്നിവ അദ്ദേഹത്തിന്റെ പ്രധാന ലക്ഷ്യങ്ങളാണ്.

**പലപ്പോഴും ഫൊക്കാനയുടെ പ്രവർത്തനങ്ങൾ രണ്ടോ മൂന്നോ നേതാക്കളിൽ ഒതുങ്ങി പോകാറുണ്ട് എന്ന് തോന്നിയിട്ടുണ്ട്. പലരും കാഴ്ചക്കാരായി മാറുന്ന അവസ്ഥ. എന്താണിതിന് കാരണം?**

അത് നേതൃത്വത്തിന്റെ കുഴപ്പമല്ല. പ്രവർത്തിക്കാൻ സജ്ജരായി സംഘടനയുടെ ഭാഗമാവുക എന്നതാണ് പ്രധാനം. ഫൊക്കാന വിശാലമായ കാഴ്ചപ്പാടുള്ള സംഘടനയാണ്. ഓരോ അംഗങ്ങൾക്കും വലിയ ഒരു സ്പേസ് ഫൊക്കാനയിലുണ്ട്. അത് ഉപയോഗിക്കുവാൻ ശ്രമിക്കണം എന്നാണ് എന്റെ പക്ഷം. ടീം ഇന്റഗ്രിറ്റിയുടെ ഓരോ മീറ്റിംഗുകൾ നടക്കുമ്പോൾ ഞങ്ങൾ ഈ വിഷയങ്ങൾ ചർച്ച ചെയ്യുകയും എല്ലാവരേയും ഒരു പോലെ മുന്നോട്ട് നയിക്കുവാൻ സ്വയം നേതൃത്വം എടുക്കണം എന്ന നിർദ്ദേശം വെക്കാറുണ്ട്. നാഷണൽ കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെ എല്ലാവർക്കും ഫൊക്കാനയിൽ സ്ഥാനമുണ്ടാവുകയും അവരുടെ കഴിവുകൾ ആശയങ്ങൾ എന്നിവ ഫൊക്കാനയ്ക്കായി സ്വീകരിക്കുകയും വേണം. അതിന് വിശാലമായ കാഴ്ചപ്പാട് ടീം ഇന്റഗ്രിറ്റിക്ക് ഉണ്ട് എന്നാണ് എന്റെ പക്ഷം.

**പലപ്പോഴും കേസ് വഴക്കുകൾ ഫൊക്കാനയെ പിറകിലേക്ക് കൊണ്ടു പോയിട്ടില്ലേ? അത്തരം അവസ്ഥകൾ ഉണ്ടാകാതിരിക്കാൻ ടീം ഇന്റഗ്രിറ്റി അധികാരത്തിൽ വന്നാൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊള്ളും.?**

പല പ്രശ്നങ്ങളും ഇലക്ഷനുമായി ബന്ധപ്പെട്ടാണ് ഉണ്ടായിട്ടുള്ളത്. അത്തരം സങ്കീർണ്ണതകൾ ടീം ഇന്റഗ്രിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകില്ല. കാരണം ഞങ്ങൾ അത്തരം പ്രവർത്തനങ്ങൾക്ക് എതിരാണ്. ഫൊക്കാന തുടങ്ങിയത് എന്തിനാണോ ആ ആശയത്തിന് മുൻതൂക്കം നൽകുന്ന ടീമാണ് ഞങ്ങളുടേത്. അമേരിക്കൻ



മലയാളികളുടെ ഐക്യവും, സമാധാനവുമാണ് ലക്ഷ്യം. ഫൊക്കാനയുടെ ഭരണഘടനയും നിയമവശങ്ങളും നന്നായി അറിയുന്ന ഒരു നേതാവ് എന്ന നിലയിൽ, ഫൊക്കാനയുടെ ഐഡന്റിറ്റി കാത്തുസൂക്ഷിക്കുക എന്നതിനാണ് പ്രസിഡന്റ് സ്ഥാനാർത്ഥിയായി മത്സരിക്കുന്ന ഫിലിപ്പോസ് ഫിലിപ്പ് നയിക്കുന്ന ടീമിന്റെ പ്രഥമ ലക്ഷ്യം. അനുഭവ സമ്പന്നരായ ഒരു കൂട്ടം ആളുകളുമായി അദ്ദേഹം ലക്ഷ്യമിടുന്നത് ഫൊക്കാനയുടെ സുവർണ്ണ കാലഘട്ടമാണ്. പറയുന്ന കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കുക എന്നതാണ് ഈ പാനലിന്റെ കരുത്ത്. അതിന് വേണ്ടതെല്ലാം ചെയ്യുകയും അത് അമേരിക്കൻ മലയാളികളിൽ എത്തിക്കുകയും ചെയ്യുക എന്നതാണ് ജനറൽ സെക്രട്ടറി സ്ഥാനാർത്ഥി എന്ന നിലയിൽ എന്റെ ഉത്തരവാദിത്വം.

**ഫൊക്കാനയുടെ ഭാഷയ്ക്കൊരു ഡോളർ പുരസ്കാരം, സാഹിത്യ അവാർഡ്, സ്കോളർഷിപ്പ് പദ്ധതികൾ എക്കാലത്തേയും ഫൊക്കാനയുടെ സുവർണ്ണ പദ്ധതികളാണ്. നിങ്ങളുടെ ടീം ഈ പദ്ധതികളെ എങ്ങനെ നോക്കി കാണുന്നു?**

കേരളത്തിലെ ചാരിറ്റി പ്രവർത്തനങ്ങളും 'ഭാഷയ്ക്കൊരു ഡോളർ' പദ്ധതിയും, സ്കോളർഷിപ്പ്, ഫൊക്കാന സാഹിത്യ അവാർഡ് തനിമ ചോരാതെ മുന്നോട്ട് കൊണ്ടു പോകാൻ ടീം ഇന്റഗ്രിറ്റി പ്രതിജ്ഞാബദ്ധരാണ്. അവയെല്ലാം ഏറ്റവും ഭംഗിയായി തന്നെ സംഘടിപ്പിക്കും. ഫൊക്കാന പ്രൊഫഷണൽ സ്കോളർഷിപ്പ് കൂടുതൽ വിദ്യാർത്ഥികളിലേക്ക് എത്തിക്കും. ഫൊക്കാന സാഹിത്യ പുരസ്കാരം കേരള സാഹിത്യ അക്കാദമി അവാർഡിന് സമമായി മാറിക്കഴിഞ്ഞിരിക്കുന്നു. ചാരിറ്റി പ്രവർത്തനങ്ങളുടെ സത്യസന്ധത കേരളത്തിലെ സാധാരണക്കാർക്ക് എക്കാലവും കരുത്താണ്. ആ വിശ്വാസമാണ് ഞങ്ങളുടെ ശക്തി.

**ഒരു രാഷ്ട്രീയക്കാരൻ ഫൊക്കാനയുടെ നേതൃത്വത്തിലേക്ക് വരുമ്പോൾ എന്താണ് കൂടുതലായി സാംസ്കാരിക സംഭാവനകൾ നൽകാൻ കഴിയുക?**

ഞാനൊരു രാഷ്ട്രീയ പ്രവർത്തകൻ എന്ന നിലയിൽ ഫൊക്കാനയെ സമീപിക്കുന്ന ആളല്ല. എന്റെ എല്ലാ ബന്ധങ്ങളും ഫൊക്കാനയ്ക്കായി ഉപയോഗിക്കുക എന്നതിലാവും ശ്രദ്ധ കേന്ദ്രീകരിക്കുക. നമ്മൾക്ക് ലഭിക്കുന്ന നന്മകളെ നമ്മൾ ഷെയർ ചെയ്യുമ്പോഴാണ് നമുക്ക് വിജയം ഉണ്ടാകുന്നത്. നമ്മൾ മാത്രമല്ല നമുക്ക് ഒപ്പമുള്ള മനുഷ്യരും അതിന്റെ ഭാഗമാകുന്നത് സംഘടനയുടെ മുഴുവൻ വിജയമായി മാറും. ഫൊക്കാന ഒരു സാംസ്കാരിക സംഘടനയാണ്. അവിടെ രാഷ്ട്രീയമില്ല. പക്ഷേ, ഫൊക്കാനയുടെ രാഷ്ട്രീയ സുഹൃത്തുക്കൾ എല്ലാ പാർട്ടികളിൽ നിന്നുമുണ്ട്. അവരെല്ലാം രാഷ്ട്രീയം മറന്ന് ഫൊക്കാനയുടെ സാംസ്കാരിക മുഖങ്ങളായി മാറുന്നവരാണ്. അതാണ് ഫൊക്കാനയുടെ വിജയം

സന്തോഷ് നായർ ഫൊക്കാന ജനറൽ സെക്രട്ടറി പദത്തിലേക്ക് മത്സരിക്കുന്നത് ഫൊക്കാനയെ കൂടുതൽ ശക്തിയാക്കി മുന്നോട്ട് നയിക്കാനാണ്. അതിന് ഒരു ടീം വർക്കായി മുന്നോട്ട് പോകാനാണ് അദ്ദേഹത്തിന്റെ ശ്രമം. അതിന് ഫിലിപ്പോസ് ഫിലിപ്പ് എന്ന സാംസ്കാരിക നേതൃത്വം കൂടി ആകുമ്പോൾ ടീം ഇന്റഗ്രിറ്റി ചരിത്രമെഴുതാനുള്ള സാധ്യതയുണ്ട്. ആ ചരിത്രത്തിലേക്ക് നടന്നു കയറാൻ ഇനിയും പ്രവർത്തനങ്ങളിലൂടെ കൂടുതൽ അമേരിക്കൻ മലയാളി മനസുകളിലേക്ക് നടന്നു കയറണം. അതിനായുള്ള സംഘാടന ശ്രമങ്ങളിൽ വ്യാപൃതരാണ് സന്തോഷ് നായരും ടീം ഇന്റഗ്രിറ്റിയും.

# ഒക്കലഹോമ മലയാളി അസോസിയേഷൻ (ഒഎംഎ) 2026 പുതിയ ഭരണസമിതി ചുമതലയേറ്റു

**ശങ്കരൻകുട്ടി**

ഒക്കലഹോമ: ഒക്കലഹോമയിലുടനീളമുള്ള മലയാളി സമൂഹത്തിന് ഐക്യത്തിന്റെയും സേവനത്തിന്റെയും സാംസ്കാരിക ആഘോഷത്തിന്റെയും പുതിയ അദ്ധ്യായമായി 2026-ലേക്കുള്ള പുതിയ നേതൃത്വകമ്മിറ്റി രൂപീകരിച്ചതായി ഒക്കലഹോമ മലയാളി അസോസിയേഷൻ (ഒഎംഎ) അഭിമാനത്തോടെ പ്രഖ്യാപിക്കുന്നു. പുതുക്കിയ കാഴ്ചപ്പാടോടെയും കൂട്ടായ മനോഭാവത്തോടെയും പുതുതായി തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി ഔദ്യോഗികമായി ചുമതലയേറ്റു. കേരളത്തിന്റെ സമ്പന്നമായ പൈതൃകം സംരക്ഷിക്കുക, സമൂഹ ബന്ധങ്ങൾ ശക്തിപ്പെടുത്തുക, സാംസ്കാരിക-സാമൂഹിക-ജീവകാരുണ്യ പ്രവർത്തനത്തിനായി അർത്ഥവത്തായ വേദികൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളുമായി ഒഎംഎയെ മുന്നോട്ട് കൊണ്ടുപോകുന്നു. ഈ പുതിയ നേതൃത്വത്തിന്റെ ചുക്കാൻ പിടിക്കുന്നത് പ്രസിഡണ്ട് എയ്ഞ്ചലാ ഉമ്മനാണ്. അവരുടെ സമർപ്പണവും ചലനാത്മകവുമായ സമീപനവും സംഘടനയ്ക്ക് ആധുനികമായ ഉൾക്കാഴ്ച നൽകുന്നു. ഈ യാത്രയിൽ അവരെ പിന്തുണയ്ക്കുന്നത് കമ്മ്യൂണിറ്റി ഏകോപനത്തിനും ആശയവിനിമയത്തിനുമുള്ള പ്രതിബദ്ധതയ്ക്ക് പേരുകേട്ട സെക്രട്ടറി ജോഷ്ന ഫിലിപ്പോസും സാമ്പത്തിക കാര്യനിർവ്വഹണത്തിൽ സുതാര്യതയും മികവും ഉറപ്പാക്കാൻ ചുമതലപ്പെടുത്തിയ ട്രഷറർ അനിൽ പിള്ളയുമാണ്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ മൻസൂർ മുസ്തഫ, ഷിബു ജേക്കബ്, മിഷാൽ മൻസൂർ, നാൻസി ജേക്കബ്, സനു എബ്രഹാം, ഷിജി ജോയിക്കുട്ടി, അജിത് എബ്രഹാം, എലിസബത്ത് സ്റ്റീഫൻ, കുര്യൻ സക്കറിയ, നവീൻ നായർ, സാൻജോ ബാബു, ഷേർലി സൈലസ്, സൂസൻ ജേക്കബ് എന്നിവരെ ഒഎംഎ ഹൃദയംഗമമായി അഭിനന്ദിക്കുന്നു. 2026-ലെ കമ്മിറ്റി നേതൃത്വത്തിന്റെയും സേവനത്തിന്റെയും ഒരു ഊർജസ്വലമായ മിശ്രിതത്തെ പ്രതിനിധീകരിക്കുന്നു, പാരമ്പര്യവും പുരോഗതിയും ഉൾക്കൊള്ളുന്നു. ഈ ടീമിന്റെ മാർഗ്ഗനിർദ്ദേശത്തിൽ, ഒക്കലഹോമയിലെ മലയാളികളുടെ വികസിച്ചുകൊണ്ടിരിക്കുന്ന അഭിലാഷങ്ങളെ പ്രതിഫലിപ്പിക്കുന്ന ഫലപ്രദമായ സാംസ്കാരിക പരിപാടികൾ, കുടുംബ കേന്ദ്രീകൃത ഒത്തുചേരലുകൾ, യുവജന സംരംഭങ്ങൾ, സമൂഹ പ്രവർത്തന ശ്രമങ്ങൾ എന്നിവയ്ക്ക് ആതിഥേയത്വം വഹിക്കാൻ ഒഎംഎ ആഗ്രഹിക്കുന്നു. ചടങ്ങിൽ സംസാരിച്ച ഒഎംഎ നേതൃത്വം, കൂട്ടായ്മയുടെയും പങ്കിട്ട ഉത്തരവാദിത്വത്തിന്റെയും പ്രാധാന്യത്തെ ഊന്നിപ്പറഞ്ഞു. സംഘടനയുടെ യഥാർത്ഥ ശക്തി അതിന്റെ അംഗങ്ങളിലാണെന്നും അവരുടെ സ്വത്വം, ഭാഷ, സാംസ്കാരിക പൈതൃകം എന്നിവയിൽ അവർ പുലർത്തുന്ന കൂട്ടായ അഭിമാനമാണെന്നും പ്രസ്താവിച്ചു. ഒക്കലഹോമ മലയാളി അസോസിയേഷൻ എല്ലാ സമൂഹാംഗങ്ങളെയും കുടുംബങ്ങളെയും അഭ്യുദയകാംക്ഷികളെയും പുതിയ കമ്മിറ്റിയെ പിന്തുണയ്ക്കാനും 2026-ൽ ഉടനീളം വരാനിരിക്കുന്ന പരിപാടികളിൽ സജീവമായി പങ്കെടുക്കാനും വിനയപുരസ്സരം ക്ഷണിക്കുന്നു. ഒക്കലഹോമ മണ്ണിൽ മുന്നോട്ട് കൊണ്ടുപോകുന്ന കേരളത്തിന്റെ ആത്മാവിന്റെ സജീവമായ ആഘോഷമായി ഇത് തുടരുവാൻ ആത്മാർത്ഥമായി സഹായിക്കണമെന്നും സഹകരിക്കണമെന്നും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.




# കെ.എച്ച്.എൻ.എ മിഡ്‌വെസ്റ്റ് റീജിയണൽ വൈസ് പ്രസിഡണ്ടായി ദീപു നായർ

**കെഎച്ച്എൻഎ ന്യൂസ് മീഡിയ**

ചിക്കാഗോ: നോർത്ത് അമേരിക്കയിലെ മലയാളി ഹിന്ദുക്കളുടെ ദേശീയ സംഘടനയായ Kerala Hindus of North America (KHNA)-യുടെ മിഡ്‌വെസ്റ്റ് റീജിയണൽ വൈസ് പ്രസിഡണ്ടായി ദീപു നായരെ നിയമിച്ചു. മിനസോട്ട, വിസ്കോൺസിൻ, ഇല്ലിനോയി എന്നിവ ഉൾപ്പെടുന്ന മിഡ്‌വെസ്റ്റ് മേഖലയിൽ കെഎച്ച്എൻഎയുടെ പ്രവർത്തനങ്ങൾക്ക് പുതുജീവൻ നൽകുകയും യുവതലമുറയെ കൂടുതൽ സജീവമായി സംഘടനയിലേക്ക് ആകർഷിക്കുകയും ചെയ്യുന്നതാണ് അദ്ദേഹത്തിന്റെ പ്രധാന ദൗത്യം.

കഴിഞ്ഞ പതിമൂന്ന് വർഷങ്ങളായി അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ സംഘടനാപാടവവും പ്രവർത്തനക്ഷമതയും തെളിയിച്ച വ്യക്തിയാണ് ദീപു നായർ. കാലിഫോർണിയയിൽ ആരംഭിച്ച അദ്ദേഹത്തിന്റെ കലാപ്രവർത്തനങ്ങൾ പിന്നീട് ചിക്കാഗോയിലേക്ക് വ്യാപിച്ചു. കലാ-സാംസ്കാരിക രംഗങ്ങളിൽ സജീവ സാന്നിദ്ധ്യമായ അദ്ദേഹം, സാംസ്കാരിക പ്രവർത്തനങ്ങളെ സമൂഹ ഏകോപനത്തിന്റെ ശക്തമായ വേദിയായി മാറ്റണമെന്ന ലക്ഷ്യത്തോടെയാണ് കെഎച്ച്എൻഎയുടെ ചുമതല ഏറ്റെടുത്തിരിക്കുന്നത്.



കെഎച്ച്എൻഎയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'സദ്ഗമയ ടിവി'യുടെ പ്രധാന പ്രവർത്തകരിൽ ഒരാളായി ദീർഘകാലം പ്രവർത്തിച്ചുവരുന്ന ദീപു, ആത്മീയവും സാംസ്കാരികവുമായ ആശയങ്ങളെ ആധുനിക മാധ്യമങ്ങളിലൂടെ സമൂഹത്തിലേക്ക് എത്തിക്കുന്നതിൽ ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുണ്ട്. പുതുതലമുറയിൽ ആത്മവിശ്വാസവും പൈതൃകബോധവും വളർത്തിയെടുക്കുന്നതിൽ സാങ്കേതികവിദ്യയും മാധ്യമങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്തണമെന്നാണ് അദ്ദേഹത്തിന്റെ ദർശനം.

ഇൻഫർമേഷൻ ടെക്നോളജി മേഖലയിൽ പ്രവർത്തിക്കുന്ന ദീപു നായർ First American Title എന്ന സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്നു. ഭാര്യയോടും മകളോടുമൊപ്പം ചിക്കാഗോയിൽ താമസിക്കുന്ന അദ്ദേഹം പ്രവാസി മലയാളി സമൂഹത്തിന്റെ വിവിധ സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു. ദീപു നായരുടെ നിയമനത്തെക്കുറിച്ച് പ്രതികരിച്ച കെഎച്ച്എൻഎ പ്രസിഡണ്ട് റ്റി. ഉണ്ണികൃഷ്ണൻ പറഞ്ഞു: "മാറ്റങ്ങളെ സ്വീകരിക്കാൻ ധൈര്യമുള്ള, ആശയങ്ങളെ പ്രവർത്തിയാക്കി മാറ്റാനുള്ള കഴിവുള്ള യുവ നേതാക്കളെയാണ് കെഎച്ച്എൻഎ തേടുന്നത്. ദീപു നായർ അത്തരത്തിലുള്ള വ്യക്തിയാണ്. സാംസ്കാരിക ദർശനവും സാങ്കേതിക പരിചയവും ഒരുമിക്കുന്ന അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മിഡ്‌വെസ്റ്റ് മേഖലയിൽ കെഎച്ച്എൻഎയുടെ പ്രവർത്തനങ്ങൾക്ക് പുതിയ വേഗത ലഭിക്കും."

ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡണ്ട് കെ.വി. സഞ്ജീവ് കുമാർ, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള എന്നിവർ ഉൾപ്പെടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയും ട്രസ്റ്റി ബോർഡ് അംഗങ്ങളും ദീപു നായരുടെ പുതിയ നേതൃത്വ ചുമതലയ്ക്ക് ഹൃദയംഗമമായ ആശംസകൾ നേർന്നു.

# ഡിട്രോയിറ്റ് മലയാളി അസോസിയേഷന് (ഡിഎംഎ) പുതുനേതൃത്വം

**സൈജൻ കണിയോടിക്കൽ**

ഡിട്രോയിറ്റ്: മിഷിഗണിലെ ഡിട്രോയിറ്റ് മലയാളി അസോസിയേഷന്റെ 2026-ലേക്കുള്ള ഭരണസമിതിയെ തെരഞ്ഞെടുത്തു. ഡിസംബർ 13-ന് നടന്ന വാർഷിക പൊതുയോഗത്തിൽ ഐകകണ്ഠ്യേനയാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. ചീഫ് ഇലക്ഷൻ ഓഫിസറായി തെരഞ്ഞെടുപ്പ് പ്രക്രിയക്ക് മേൽനോട്ടം വഹിച്ചത് ബിഒടി ചെയർമാൻ സുദർശനകുറപ്പായിരുന്നു.




ബോബി തോമസ് (പ്രസിഡണ്ട്), രാജേഷ് നായർ (വൈസ് പ്രസിഡണ്ട്), അശോക് ജോർഡൻ (ജനറൽ സെക്രട്ടറി), സദീപ് മുരളീധരൻ (ജോയിന്റ് സെക്രട്ടറി), ഓസ്ബോൺ ഡേവിഡ് (ട്രഷറർ), നാരായണൻ നമ്പൂതിരി (ജോയിന്റ് ട്രഷറർ), എന്നിവരാണ് ഈ വർഷം ഡി.എം.എയുടെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുക. വിമൻസ് ഫോറം പ്രസിഡണ്ട് സുമിനി ജോർഡനേയും, സെക്രട്ടറി ജയശ്രീ ബ്രിജേഷിനേയും തെരഞ്ഞെടുത്തു. യൂത്ത് ഫോറം ചെയർമാനായി മാധവ് നായരേയും, വൈസ് ചെയർമാനായി മരിയ സ്കറിയയേയുമാണ് തെരഞ്ഞെടുത്തത്. ഡി.എം.എയുടെ ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാനായി സുദർശന കുറുപ്പ്, വൈസ് ചെയർമാനായി രാജേഷ് കുട്ടി, സെക്രട്ടറിയായി സൈജൻ കണിയോടിക്കൽ, ബിജു ജോസഫ് (എക്സ് ഒഫീഷ്യോ) എന്നിവർ സേവനമനുഷ്ഠിക്കുന്നു.

ഡി.എം.എയുടെ 2025-ലെ ക്രിസ്മസ് ആഘോഷമായ ഗ്ലോറിയായുടെ ഭാഗമായി നടത്തിയ ചടങ്ങിൽ ബിഒടി ചെയർമാൻ പുതിയ ഭാരവാഹികളെ സദസ്സിന് പരിചയപ്പെടുത്തി. മലയാളികളുടെ സ്പന്ദനങ്ങളെ തൊട്ടറിഞ്ഞ് ഏവർക്കും പ്രയോജനപ്രദമായ പല പുതിയ പദ്ധതികൾ വിഭാവന ചെയ്യുമെന്നും മലയാള സമൂഹത്തിന്റെ ഉന്നമനമാണ് ഡിഎംഎയുടെ ലക്ഷ്യമെന്നും പുതിയ ഭാരവാഹികൾ അറിയിച്ചു.

സാമൂഹ്യ സേവനത്തിന്റെയും പരസ്പര സഹായത്തിന്റെയും സഹകരണത്തിന്റെയും 46 വർഷങ്ങൾ പിന്നിടുന്ന ഡിട്രോയിറ്റ് മലയാളി അസോസിയേഷന്റെ ധനസമാഹരണാർഥം, മലയാള സിനിമയുടെ അഭിനയ ചക്രവർത്തിയും മലയാളികളുടെ സ്വകാര്യ അഹങ്കാരവുമായ മോഹൻലാൽ, മനോജ് കെ.ജയൻ, സ്റ്റീഫൻ ദേവസി എന്നിവർ നേതൃത്വം നൽകുന്ന കിലുക്കം 25 എന്ന പരിപാടി ഏപ്രിൽ 25-ന് ഡിട്രോയിറ്റ് സെക്കന്റ് എബനേസർ ഓഡിറ്റോറിയത്തിൽ നടക്കും.

# സീറോമലബാർ കൺവൻഷനിൽ രൂപതാതലത്തിൽ കലാപരിപാടികൾ ഒരുങ്ങുന്നു

**ബ്രിജിറ്റ് ജോർജ്**

ചിക്കാഗോ: 2021-ൽ സ്ഥാപിതമായ ചിക്കാഗോ സീറോമലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജൂലൈ 9, 10, 11, 12 തീയതികളിൽ നടക്കുന്ന കൺവൻഷനിൽ രൂപതാതലത്തിൽ നിറപ്പകിട്ടാർന്ന കലാപരിപാടികൾ സംഘടിപ്പിക്കുന്നു.

ജൂലൈ 10-ന് വെള്ളിയാഴ്ച സായാഹ്നത്തിൽ രൂപതയിലെ എല്ലാ ഇടവകകളെയും സംഘടിപ്പിച്ച് പാരിഷ് ഫെസ്റ്റ് നടത്തുന്നു. അനുവദിക്കപ്പെട്ട പത്ത് മിനിട്ടിൽ ഇടവകാംഗങ്ങൾ ഒന്നുചേർന്ന് അവരുടെ വിശ്വാസവും കൂട്ടായ്മയും കലാഭിരുചികളും കോർത്തിണക്കി വേദിയിലെത്തുന്നു എന്നതു തന്നെ ഈ സായാഹ്നത്തെ ഏറെ മനോഹരമാക്കുമെന്നതിൽ സംശയമില്ല. പാരിഷ് ഫെസ്റ്റിനു പുറമെ എല്ലാ ഇടവകകളിലെയും മുതിർന്ന പെൺകുട്ടികളെയും യുവതികളെയും സ്ത്രീകളെയും ഉൾപ്പെടുത്തി വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ മെഗാ ഡാൻസ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. പരമ്പരാഗത കലാരൂപമായ മാർഗ്ഗംകളിയാണ് ഇതിലേക്കായി തെരഞ്ഞെടുത്തിരിക്കുന്നത്.

പാരിഷ് ഫെസ്റ്റ്, മെഗാ ഡാൻസ് പ്രോഗ്രാം പരിപാടികളുടെ കൂടുതൽ വിവരങ്ങൾക്കായി വിളിക്കുക: കൾച്ചറൽ കോ-ഓർഡിനേറ്റർ ജൂഡി റോസ് ജെയിംസ് (317) 490-5839, പ്രോഗ്രാം കോ-ഓർഡിനേറ്റേഴ്സ് റോസ് വടകര (708) 662-0774, ഷീബ ഷാബു (630) 730-622. ഈ കലാസന്ധ്യയിൽ ഒരുക്കിയിരിക്കുന്ന പരിപാടികളിലേക്ക് പങ്കെടുക്കാനും സഹകരിക്കുന്നതിനുമായി താല്പര്യപ്പെടുന്നവർ എത്രയും വേഗം പേർ രജിസ്റ്റർ ചെയ്യണമെന്ന് സംഘാടകർ അഭ്യർത്ഥിക്കുന്നു.

ജൂബിലി ആഘോഷങ്ങളോടൊപ്പം തന്നെ രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും ആഘോഷിക്കുന്നതായിരിക്കും.

വിശ്വാസക്കൂട്ടായ്മയുടെ പ്രതീകമായ ഈ കൺവൻഷൻ ചിക്കാഗോ നഗരഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിലും അതിനോടു ചേർന്ന മൂന്ന് ഹോട്ടലുകളിലും ആയിട്ടാണ് നടക്കുന്നത്.

കഴിഞ്ഞ 25 വർഷങ്ങളിലായി അമേരിക്കയിൽ സീറോമലബാർ രൂപത കൈവരിച്ച ആത്മീയ വളർച്ചയും ദൈവകൃപയും ഓർക്കുന്നതിനോടൊപ്പം ഭാവിയെ വിശ്വാസത്തോടും പ്രതീക്ഷയോടും നോക്കിക്കാണുന്നതിനുള്ള വേദിയാവുകയാണ് ഈ മഹാകൺവൻഷൻ.

ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധന എന്നിവയ്ക്കൊപ്പം ആഴത്തിലുള്ള വിഷയാവതരണങ്ങൾ, കുടുംബ-യുവജന സെഷനുകൾ, സംഘടനാ കൂട്ടായ്മകൾ, കലാപരിപാടികളും മത്സരങ്ങളും കൺവൻഷന്റെ ഭാഗമായി ഒരുക്കിയിരിക്കുന്നു.

അമേരിക്കയുടെ വിവിധഭാഗങ്ങളിലായി കഴിയുന്ന എല്ലാ സീറോമലബാർ വിശ്വാസികളും ഈ വിശ്വാസസംഗമത്തിലേക്ക് എത്തണമെന്നാണ് രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് തന്റെ സന്ദേശത്തിൽ അറിയിക്കുന്നു.


കൂടുതൽ വിവരങ്ങൾക്കും കൺവൻഷൻ രജിസ്ട്രേഷനും www.syro-Convention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.




# പിസിനാക് ചിക്കാഗോ 40 ദിന ഉപവാസപ്രാർത്ഥന സമാപനം ബുധനാഴ്ച

**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: ജൂലൈ ആദ്യവാരം ചിക്കാഗോയിൽ നടക്കുന്ന നാല്പതാമത് പെന്തെക്കോസ്തൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കയുടെ അനുഗ്രഹത്തിനു വേണ്ടി ജനുവരി 10-ന് ആരംഭിച്ച 40 ദിവസത്തെ ഉപവാസ പ്രാർത്ഥന ഫെബ്രുവരി 18-ന് ബുധനാഴ്ച സമാപിക്കും. അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി എഴുപതോളം പേരാണ് 40 ദിവസം നീണ്ടുനിന്ന ഉപവാസ പ്രാർത്ഥനാചങ്ങലയിൽ അണിചേർന്നത്. നാഷണൽ പ്രയർ കോ-ഓർഡിനേറ്റർ പാസ്റ്റർ പി.വി. മാമ്മൻ, ലോക്കൽ പ്രയർ കോ-ഓർഡിനേറ്റേഴ്സായ പാസ്റ്റർ ബാബു മാത്യു കുമ്പഴ, പാസ്റ്റർ ആൻഡ്രൂസ് കെ. ജോർജ്, ചാക്കോ തോമസ് എന്നിവർ നേതൃത്വം നല്കി. ഞായറാഴ്ച വൈകുന്നേരം ഓൺലൈൻ പ്ലാറ്റ്ഫോമിലും പ്രാർത്ഥനയുണ്ടായിരുന്നു.




ഗിൽഗാൽ പെന്തെക്കോസ്തൽ അസംബ്ലിയിൽ ബുധനാഴ്ച വൈകിട്ട് നടക്കുന്ന സമാപനസമ്മേളനത്തിൽ പാസ്റ്റർ ഫിന്നി മാത്യു മുഖ്യാതിഥിയായിരിക്കും. ലോക്കൽ കമ്മിറ്റി ഭാരവാഹികളായ പാസ്റ്റർ ജിജു പി. ഉമ്മൻ, ഡോ. ടൈറ്റസ് ഈപ്പൻ, ഡോ. ബിജു ചെറിയാൻ, ജോൺ മത്തായി, കെ.ഒ. ജോസ് സിപിഎ, വർഗീസ് സാമുവൽ എന്നിവർ നേതൃത്വം നല്കും.

# രാജീവ് സുകു അച്ചന് യാത്രയയപ്പ് നല്കി

**എബി മക്കപ്പുഴ**

ഡാളസ്: കഴിഞ്ഞ മൂന്നു വർഷത്തെ സ്തുത്യർഹമായ സേവനം പൂർത്തിയാക്കി നാട്ടിലേക്കു മടങ്ങുന്ന സിഎസ്ഐ കോൺഗ്രിഗേഷൻ ഗാർലന്ഡ് ഇടവക വികാരി റവ. രാജീവ് സുകു അച്ചന് ഡാളസ് സെന്റ് പോൾസ് നടത്തിയ ഫ്രൈഡേ പ്രയറിൽ മുഖ്യ പ്രസംഗകൻ സുകു അച്ചനായിരുന്നു. ഉപവാസ പ്രാർത്ഥനയോടനുബന്ധിച്ച് നടത്തിയ ലളിതമായ യാത്രയയപ്പ് പ്രസംഗങ്ങൾ നടത്തി.

പ്രയർ ഗ്രൂപ്പ് അംഗങ്ങൾ ശേഖരിച്ച സമ്മാനത്തുക പ്രയർ ഗ്രൂപ്പിനെ പ്രതിനിധീകരിച്ച് എൻ.വി. ഏബ്രഹാം സ്നേഹപൂർവം സുകു അച്ചന് നല്കി. റവ. രാജീവ് സുകു അച്ചന്റെയും



ഫ്രൈഡേ ഫാസ്റ്റിംഗ് പ്രയർ ഗ്രൂപ്പ് അംഗങ്ങൾ സ്നേഹോഷ്മളമായ യാത്രയയപ്പ് നല്കി.

ഫെബ്രുവരി 13-ന് വെള്ളിയാഴ്ച യോഗത്തിൽ ഇടവക വികാരി റെജിൻ അച്ചൻ അദ്ധ്യക്ഷതവഹിച്ചു. കെ.എസ്. മാത്യു, സാറാ ചെറിയാൻ, എം.സി. അലക്സാണ്ടർ എന്നിവർ ആശംസാ കൊച്ചമ്മയുടെയും മറുപടി പ്രസംഗത്തോടെ യോഗം അവസാനിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്നേഹവിരുന്നും ഒരുക്കിയിരുന്നു.

# കെ.ഒ. കുഞ്ഞുവർഗീസ് അന്തരിച്ചു



My beloved father, K.O. Kunjuvarghese, was called to his eternal rest today, February 14, in Kerala. He was 94 years old. He was a guiding light to me, our family, and to many whose lives he touched. He served as the Librarian at Catholicate College, Pathanamthitta until his retirement in 1991. He was a member of St. Stephen's Cathedral, Makkamkunnu, Pathanamthitta and served faithfully as a Sunday School teacher and Headmaster for decades. He was predeceased by his beloved wife, Mrs. Annamma Kunjuvarghese. He is lovingly remembered by his children and grandchildren:

**Children:**

- Abraham Kappil & Lalitha Abraham – Fort Myers, Florida
- Mariamma Jacob & Jacob Samuel – Thumpamon, Kerala
- Joseph Kappil & Beena Kappil – Syracuse, NY
- Oommen Kappil & Maya Kappil – Philadelphia, PA
- Lizy Kunnel & Abraham Kunnel – Philadelphia, PA
- John Kappil & Daya Kappil – Philadelphia, PA

**ഉമ്മൻ കാപ്പിൽ**

# ഒരു കോടീശ്വരന്റെ ദാരുണാന്ത്യം

എൽസി ബേബി

കോൺഫിഡന്റ് ഗ്രൂപ്പ് ഉടമ സി.ജെ. റോയിയുടെ അപ്രതീക്ഷിത ആത്മഹത്യയുടെ വാർത്ത കാട്ടു തീ പോലെയാണല്ലോ കത്തിപ്പടർന്നത്. കേരളത്തിലേയും കർണ്ണാടകയിലേയും ബിസ്സിനസ് ലോകത്തിന്റെ അത്യുച്ചകോടിയിൽ എത്തിനിന്നിരുന്ന സഹൃദയനും, സൽസ്വഭാവിയും, സ്നേഹസമ്പന്നനായ ഭർത്താവും, വാത്സല്ല്യ പിതാവും, കുടുംബ സ്നേഹിയുമായിരുന്ന ഈ ബിസ്സിനസ്സ് സാമ്രാട്ട് സ്വയം ജീവനൊടുക്കി എന്നു പറഞ്ഞാൽ അതു വിശ്വസിക്കാൻ അത്ര എളുപ്പമല്ല. തന്റെ സ്ഥാപനത്തിൽ ആദായ നികുതിയുടെ റെയ്ഡ് നടക്കുന്ന സമയത്ത് സ്വയം വെടിവെച്ച് ആത്മഹത്യചെയ്യുന്നുവെങ്കിൽ അതിനു തക്കതായകാരണം കാണുമല്ലോ? "മൂന്നു ദിവസം തുടർച്ചയായി റെയ്ഡ്, മണിക്കൂറുകൾ കടുത്ത മാനസിക സമ്മർദ്ദം ഉണ്ടാകത്തക്കരീതിയിലുള്ള ചോദ്യം ചെയ്യലുകൾ, അറസ്റ്റു ഭീഷണി" ഇവ താങ്ങാൻ കഴിയാതെ താൻ തന്റെ സകലജീവിത സാഫല്ല്യങ്ങളും മരണത്തിനു വിട്ടുകൊടുക്കുകയായിരുന്നു എന്നു പറയപ്പെടുന്നു. ആഡംബരത്തിന്റെ കൊടുമുടിയിൽ എത്തിനിന്നിരുന്ന കേവലം 57 വയസുമാത്രം പ്രായമുണ്ടായിരുന്ന കോടീശ്വരൻ തന്റെ സകലതിനും സകലമായി കരുതി സ്നേഹിച്ചു പോറ്റിപ്പുലർത്തിയ പ്രിയഭാര്യയേയും, പൊന്നോമന മക്കളേയും, ബിസിനസ്സ് ലോകത്തേയും മലയാളി സ്നേഹിതരേയും കുടുംബാംഗങ്ങളേയും കണ്ണുനീർ സാഹചര്യത്തിലേക്കു വലിച്ചെറിഞ്ഞ് സ്വയം ഹത്യക്കൊരുങ്ങി എന്നതിന്റെ ദുരൂഹത ദൈവം മാത്രം അറിയുന്നു. കേവലം സാധാരണ ബേക്കറി നടത്തിയിരുന്ന ഒരു സാധാരണ പിതാവിന്റെ മകൻ വെറും 20 വർഷം കൊണ്ട് എണ്ണായിരം കോടിയിലധികം ആസ്തിയുള്ള ഒരു ബിസിനസ്സ് സാമ്രാജ്യം കെട്ടിപ്പടുത്ത് അതിന്റെ 'സാമ്രാട്ടായി' വാഴേണ്ട ഒരു ചക്രവർത്തി ഇത്ര നിസ്സാരമായി അവിവേകം കാണിച്ചു എന്നത് വിശ്വസിക്കാൻ പ്രയാസം. അദ്ദേഹത്തെക്കുറിച്ചുള്ള നല്ല നല്ല ഓർമ്മകളും, അഭിപ്രായങ്ങളും തന്റെ ജീവിതത്തിന്റെ നല്ല നല്ല ആദർശങ്ങളും പങ്കുവയ്ക്കുവാൻ നിരവധി സ്നേഹിതരും ബന്ധുമിത്രാദികളും കാണിക്കുന്ന വ്യഗ്രത തന്നേ അദ്ദേഹത്തിന്റെ ജീവിത മാഹാത്മ്യങ്ങളെ ഉയർത്തിക്കാണിക്കുന്നു എന്നുള്ളത് പ്രശംസനീയം തന്നെ. അദ്ദേഹം തന്റെ മക്കളെ പഠിപ്പിച്ച പാഠം 'സ്വഭാവവും മനോഭാവവുമാണ് ഒരു വ്യക്തിയുടെ മൂല്യം നിർണ്ണയിക്കുന്നത്' എന്നതായിരുന്നത്രെ. അതുപോലെതന്നെ എത്ര തിരക്കേറിയ ജീവിത രീതികളുടെ ഇടയിലും തന്റെ പ്രിയ ഭാര്യയോടും മക്കളോടും കൂടെ സമയം ചിലവഴിക്കുന്നതിൽ പ്രിയ റോയ് സന്തോഷവും സംതൃപ്തിയും കണ്ടെത്തിയിരുന്നു എന്നത് എത്ര നല്ല അനുകരിക്കത്തക്ക പ്രശംസനീയമായ മാതൃകയാകുന്നു. ആഡംബര കാറുകൾ ശേഖരിക്കുന്നതു തന്റെ ഹോബിയായിരുന്നു. അതുപോലെതന്നെ സിനിമാ ലോ



ലേഖിക

കത്തോടും മികച്ച പ്രമുഖനടന്മാരുമായി റോയി അടുത്ത സംസ്സർഗം പുലർത്തിയിരുന്നു ഇങ്ങനെ നിരവധി നല്ല നല്ല ഓർമ്മകളുടെ സാമ്രാട്ടായി ഒരു സൂപ്പർമാൻ ആയി സമൂഹത്തിലെ തിളങ്ങുന്ന നക്ഷത്രമായി ശോഭിച്ചിരുന്ന സി.ജെ. റോയ് എന്തുകൊണ്ട് സ്വയം വെടിവച്ച് ജീവിതം അവസാനിപ്പിച്ചു എന്നു ഉത്തരമില്ലാത്ത ചോദ്യത്തിന്റെ മുമ്പാകെ ലോകം പകച്ചു നിൽക്കുന്നു എന്നതാകുന്നു യാഥാർത്ഥ്യം. ഒരു പക്ഷേ, താൻ അദ്ധ്വാനിച്ചു പടുത്തുയർത്തിയ ബിസ്സിനസ്സ് സാമ്രാജ്യത്തിനും തന്റെ ആത്മാഭിമാനത്തിനും, സൽകീർത്തിക്കും ക്ഷതം തട്ടുവിധം ഏതെങ്കിലും ആദായനികുതി റെയ്ഡിൽ കണ്ടെത്തുമൊ എന്ന ഭയമായിരിക്കാം തന്നെ ഈ അവിവേകത്തിലേക്കു നയിച്ചത് എന്നനുമാനിക്കാം. ബാഹ്യമായി ധീരനായ ഒരു യോദ്ധാവോ യുവാവോ ആയിരുന്നാലും ആന്തരികമായി ഒരു ബലഹീന മനസ്സിന്റെ ഉടമയായിരുന്നിരിക്കാം. കാരണം എന്തുതന്നെ ആയിരുന്നാലും 'ആത്മഹത്യ' എന്നത് പ്രശ്നപരിഹാരമാകുന്നില്ല. അദ്ദേഹത്തിന്റെ ആത്മഹത്യക്കു പ്രേരിപ്പിച്ച ഊഹാപോഹങ്ങളും ആളുകൾ പറയുന്നുണ്ട് എങ്കിലും അദ്ദേഹം ആത്മഹത്യചെയ്തത് തനിക്കു താങ്ങാനാവാത്ത ഏതോ മാനസികസംഘർഷം മൂലമായിരിക്കാം. പക്ഷേ, അതുമൂലം നഷ്ടമായ ഭൗതികവും ആത്മീകവുമായ 'ധനം' അഥവാ വില എത്രയോ വിലയേറിയതാകുന്നു എന്ന് അദ്ദേഹം ഒരു നിമിഷം ഓർത്തിരിന്നുവെങ്കിൽ ഏതു പ്രതിസന്ധികളേയും അഭിമുഖീകരിക്കാം എന്ന ഒരു മനോധൈര്യം ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം ആ വിധത്തിലുള്ള അവിവേകം പ്രവർത്തിക്കയില്ലായിരുന്നു. ആത്മഹത്യ എന്നത് കൊലപാതകമാകുന്നു എന്ന സത്യം മനസ്സിലാക്കുക. കാരണം നാം ഒരാളെ കൊല-ഹത്യ ചെയ്താലും സ്വയം-കൊല-ഹത്യ ചെയ്താലും അത് ശിക്ഷാർഹമായ കുറ്റം തന്നെയായിരുന്നു എന്ന് ബാല്യകാലം മുതലേ കുഞ്ഞുങ്ങളെ ബോധവത്കരണം ചെയ്യുക. അതുപോലെ തന്നെ പരിഹാരമില്ലാത്ത യാതൊരു പ്രശ്നങ്ങളും ഈ ഭൂമിയിലില്ല എന്നു മനസ്സിലാക്കുക അതുമാത്രമല്ല പരമാധികാരിയും, സർവ്വശക്തനായ ദൈവം തമ്പുരാനു മാത്രം അവകാശപ്പെട്ടതാണ് നമ്മുടെ ഓരോരുത്തരുടെയും ജീവനും ജീവിതവും അത് എത്രയും സൂക്ഷ്മതയോടെ കാത്തുസൂക്ഷിക്കേണ്ട ചുമതല നമുക്കുണ്ട്. ആ ജീവനും, ജീവിതവും യാതൊരു കാരണവശാലും നശിപ്പിക്കുവാനോ എടുക്കുവാനോ പാടുള്ളതല്ല. കാരണം അതിന്റെ ഉടയവൻ സർവ്വശക്തിമാനും പരമാധികാരിയുമായ ദൈവം മാത്രമാകുന്നു. ദൈവം തമ്പുരാന്റെ അവകാശത്തിന്മേൽ കൈവച്ച് നശിപ്പിച്ചാൽ അത് ഏറ്റവും ഘോരതരമായ ശിക്ഷാർഹമായ കുറ്റമാകുന്നു. എന്ന ബോധവല്ക്കരണം ബാല്യകാലം മുതലേ ആഴമായും, ഗൗരവമായും പറഞ്ഞു പഠിപ്പിക്കേണ്ട വിഷയമാകുന്നു. ഡോ. സി.ജെ. റോയ് ഒരു അഭിമുഖത്തിൽ തനിക്കു മരണത്തേക്കുറിച്ചു ഭീതിയില്ലെന്നും ജീവിതം ഒരു ചോയ്സ് ആണെന്നും കഴിയുന്നതും ആവോളം നന്മ ചെയ്തു ജീവിക്കണം എന്നൊക്കെയുള്ള ഒരു ആദർശങ്ങളുള്ള ഒരു നന്മയുടെ വൃക്ഷമായിരുന്നു. എങ്കിലും അദ്ദേഹം തന്റെ ഓഫീസ് മുറിയിൽ ആദായ നികുതി ഉദ്യോഗസ്ഥരുടെ കൺമുമ്പിൽ വച്ച് സ്വയം വെടിവെച്ച് ജീവനൊടുക്കി എന്ന അപ്രതീക്ഷിതമായ അന്ത്യം പലർക്കും മനസ്സിലാക്കാൻ പ്രയാസമുള്ള ഒരപൂർവ്വ സംഭവമായി നിലനിൽക്കുന്നു. തന്റെ പല അഭിമുഖ സംഭാഷണങ്ങളും ശ്രദ്ധിച്ചാൽ അദ്ദേഹം ധീരനായ ഒരു യോദ്ധാവാണ് എന്നു മനസ്സിലാക്കണം. തന്റെ ജീവിതം മുഴുവനും തന്റെ ബിസ്സിനസ്സിനായി മാത്രം സമർപ്പിച്ച ഒരു നല്ല മനുഷ്യൻ അദ്ദേഹം ഒരു ഈശ്വരവിശ്വാസിയായിരുന്നു എന്നും നമ്മുടെ നന്മകളും തിന്മകളുമെല്ലാം ദൈവത്തിന്റെ ദാനമാകുന്നു എന്നും വിശ്വസിച്ചിരുന്നു. സാധുക്കളെ സഹായിക്കുന്നതിനും, നന്മകൾ ചെയ്യുന്നതിനും മുൻപന്തിയിലായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹത്തിന്റെ നന്മകളെ വിളിച്ചുപറയാൻ ആയിരമായിരം നാവുകളുണ്ടായിരുന്നു എന്ന് അദ്ദേഹത്തേക്കുറിച്ചു ജനങ്ങൾ വിവരിക്കുന്നതു കേട്ടാൽ മനസ്സിലാക്കാവുന്നതേയുള്ളു. തന്റെ സ്വയം രക്ഷയ്ക്കായി സൂക്ഷിച്ചിരുന്ന തോക്കു കൊണ്ടുതന്നേ സ്വയം വെടിവച്ചു ജീവനൊടുക്കി എന്നത് അപൂർവ്വ സംഭവം തന്നെ. തന്റെ ആത്മാഭിമാനത്തെ തകർക്കുന്ന എന്തോ തനിക്കു താങ്ങാനാവാതെ വന്നപ്പോൾ ഒരു നിമിഷം മനസ്സുമരവിച്ച അവസ്ഥയിൽ ചെയ്തുപോയ ഒരു ഭോഷത്വത്തിന്റെ ദുഃഖങ്ങളും, നഷ്ടങ്ങളും കണ്ണുനീരും നാം ഊഹിക്കുന്നതിനും അപ്പുറം തന്നെ അതിനു സമാനമായ (ശേഷം 28-ാം പേജിൽ)

# ഷോർട്ട് ഫിലിമുകളിൽ നിന്ന് ആർജിച്ച കരുത്തുമായി ജോമി ജോസ് കൈപ്പാറേട്ട് സംവിധാന മികവിൽ തിളങ്ങുന്നു

"കരുതൽ" എന്ന സിനിമയുടെ സംവിധായകനായി മലയാള സിനിമാ ലോകത്തേക്ക് നവാഗത സംവിധായകനായി ജോമി ജോസ് കൈപ്പാറേട്ട് കടന്ന് വന്നിരിക്കുന്നു. ഫിലിം മേക്കിംഗ് കോഴ്സുകൾ ഒന്നും പഠിക്കാതെ, ഒരു സിനിമ പോലും അസിസ്റ്റന്റ് ഡയറക്ടർ ആയിട്ട് പോലും വർക്ക് ചെയ്യാതെ കുറച്ച് ഷോർട്ട് ഫിലിമുകൾ മാത്രം സംവിധാനം ചെയ്ത പരിചയത്തിലാണ് ജോമി സംവിധായകനായി അരങ്ങേറ്റം കുറിച്ചിരിക്കുന്നത്.




രണ്ട് മണിക്കൂറിൽ അഭ്രപാളികളിൽ തീർത്ത മനോഹരമായ സാമൂഹ്യ സന്ദേശം ഉൾക്കൊള്ളുന്ന ഒരു ചിത്രമാണ് 'കരുതൽ'. മനോഹരമായ 4 പാട്ടുകൾ, വളരെ ലഘുവായ കോമഡികൾ, ചെറിയ ആക്ഷൻ രംഗങ്ങൾ, അല്പം റൊമാൻസ്, ചെറിയ സെന്റിമെന്റൽസ്, കുറച്ച് സസ്പെൻസ്, മികച്ച നവാഗത പ്രതിഭകൾക്ക് അരങ്ങേറ്റം കുറിക്കാനുള്ള അവസരം, പേരെടുത്ത നടന്മാരുടെ മികച്ച പ്രകടനം പുറത്തെടുക്കാനുള്ള അവസരം അങ്ങനെ ആദ്യ ചിത്രത്തിലൂടെ മലയാള സിനിമാ ലോകത്ത് സംവിധായകൻ എന്ന നിലയിൽ തന്റേതായ ഒരു ഇരിപ്പിടം കണ്ടെത്തുന്ന ജോമി ജോസ് കൂടുതൽ പുതിയ സിനിമകൾ സംവിധാനം ചെയ്യട്ടെ എന്ന് ആശംസിക്കുന്നു.

പ്രൊഫഷണൽ നേഴ്സായ ജോമി കോവിഡ്-19 കാലത്ത് ഷോർട്ട് ഫിലിമുകൾ സംവിധാനം ചെയ്ത് സാമൂഹ്യ ബോധവത്ക്കരണങ്ങളിൽ പങ്കാളിയായി. ജാഗ്രത- നമുക്കു വേണ്ടിയും നാടിന് വേണ്ടിയും, അന്നയും കോശിയും, പ്രതീക്ഷ, ഹെവൻ, അങ്ങനെ ദേശീയ-അന്തർദേശീയ അവാർഡുകൾ സ്വന്തമാക്കിയ നിരവധി ഷോർട്ട് ഫിലിമുകൾ. നേഴ്സുമാരെ മാത്രം അണിനിരത്തി ഷോർട്ട് ഫിലിം ചെയ്ത ജോമി, യുവജനങ്ങളെ ഉൾപ്പെടുത്തി സാമൂഹ്യ സന്ദേശം നൽകുന്ന ഷോർട്ട് ഫിലിമും ചെയ്ത് സംസ്ഥാന യുവജന അവാർഡും നേടിയെടുത്തു.

മികച്ച സംഘാടകൻ, വാഗ്മി, യുവജന നേതാവ് തുടങ്ങി നിരവധി മേഖലകളിൽ തന്റേതായ വ്യക്തിമുദ്രപതിപ്പിച്ച ജോമി നിലവിൽ അയർലന്റിൽ നേഴ്സായി ജോലി ചെയ്യുന്നു.

ഉഴവൂർ കൈപ്പാറേട്ട് ജോസിന്റെ



യും, മേരിയുടെയും ഇളയ മകനാണ് ജോമി. കുടുംബാംഗങ്ങളെല്ലാവരും ജോമിയുടെ സിനിമാ മോഹങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകുന്നവരാണ്.

'കരുതൽ' സിനിമയിൽ ശ്രദ്ധ നേടുന്ന ഒരു സഹനടനായി ജോമിയുടെ പിതാവ് ജോസ് കൈപ്പാറേട്ട് അഭിനയിച്ചിട്ടുണ്ട്. ജോമിയുടെ അളിയൻ വിനോദ് ചേരിയിലും നല്ല ഒരു വേഷത്തിൽ സ്ക്രീനിൽ എത്തുന്നു. കരുതലിന്റെ റിലീസിനു ശേഷം 3 മാസത്തിനുള്ളിൽ അടുത്ത ചിത്രം സംവിധാനം ചെയ്യുന്നതിനുള്ള തയ്യാറെടുപ്പിലാണ് ജോമി. മികച്ച ഒരു നടൻ കൂടിയായ ജോമി കരുതലിൽ "ഫിലിപ്പ്" എന്ന ഒരു കഥാപാത്രത്തെയും അവതരിപ്പിച്ചിട്ടുണ്ട്. ജോമിയുടെ ആദ്യത്തെ സിനിമയായ "കരുതൽ" തിയറ്ററുകളിൽ നിറഞ്ഞ സദസ്സിൽ 2-ാം വാരത്തിലേക്ക് കടന്നിരിക്കുന്നു.

വിദേശ രാജ്യങ്ങളിലും കരുതൽ സിനിമ റിലീസ് ചെയ്യാൻ തുടങ്ങിയിരുന്നു. ജോമിക്ക് എല്ലാവിധ ആശംസകളും അറിയിക്കുന്നു.

# ഒർലാന്റോയിലെ ക്നാനായ കത്തോലിക്കാ പള്ളിയിൽ എസ്തപ്പാനോസ് സഹദായുടെ തിരുനാൾ ആഘോഷപൂർവം കൊണ്ടാടി

ഒർലാന്റോ: സെന്റ് സ്റ്റീഫൻസ് ക്നാനായ കത്തോലിക്കാ പള്ളിയിലെ ഈ വർഷത്തെ തിരുനാൾ മഹാമഹം ഭക്തിനിർഭരമായി കൊണ്ടാടി. ഒൻപത് ദിവസത്തെ എസ്തപ്പാനോസ് പുണ്യവാളന്റെ നൊവേനയോടുകൂടി തുടങ്ങിയ തിരുകർമ്മങ്ങളിൽ ഇടവകാംഗങ്ങൾ ഒന്നടങ്കം പങ്കെടുത്തു. ഇടവക വികാരി ഫാദർ ലിജോ കൊച്ചുപറമ്പിൽ

ജിജോ ചിറയിൽ

ഫെബ്രുവരി ആറിനു ഇടവകാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ തിരുനാൾ കൊടിയേറ്റ് നടത്തി. കൊടിയേറ്റിനുശേഷം നടത്തിയ വിശുദ്ധ കുർബാനയിൽ മരിച്ചുപോയ വിശ്വാസികൾക്ക് വേണ്ടിയുള്ള ഒപ്പീസും പ്രാർത്ഥനകളും നടത്തി. ഫെബ്രുവരി ഏഴിന് ശനിയാഴ്ച തിരുക്കർമങ്ങൾ ഫാദർ നിക്കോളാസ് തലക്കോട്ടൂരിന്റെ നേതൃത്വത്തിൽ വൈകിട്ട് അഞ്ചിന് നടത്തപ്പെട്ടു. തിരുക്കർമ്മങ്ങൾക്ക് ശേഷം ദൈവാലയത്തിനു ചുറ്റുമായി നടത്തിയ ആഘോഷമായ പ്രദക്ഷിണത്തിൽ വിവിധ പ്രദേശങ്ങളിലെ വിശ്വാസികൾ പങ്കെടുത്തു. പ്രദക്ഷിണത്തിലുടനീളം ഇടവകയിലെ തന്നെ യുവതീയുവാക്കൾ നടത്തിയ ചെണ്ടമേളം ഏവരുടെയും പ്രശംസ പിടിച്ചുപറ്റി. പിന്നീട് ഏവരും കാത്തിരുന്ന കരിമരുന്ന് കലാപ്രകടനം അരങ്ങേറി. പത്തുമിനിറ്റോളം നീണ്ടുനിന്ന കരിമരുന്നു പ്രകടനം ഏവരിലും ഗൃഹാതുരസ്മരണകൾ ഉണർത്തി. അതിനെത്തുടർന്ന് ഇടവകാംഗങ്ങൾ ചേർന്ന് ഒരുക്കിയ കൾച്ചറൽ പ്രോഗ്രാം അരങ്ങേറി. കൾച്ചറൽ പ്രോഗ്രാമിന്റെ ഔദ്യോഗിക ഉദ്ഘാടനം ഫൊറോന വികാരി ഫാദർ ജോസ് ആദോപ്പള്ളിൽ, വികാരി ഫാദർ ലിജോ കൊച്ചുപറമ്പിൽ, കാനഡ ലണ്ടൻ വികാരി ഫാദർ സജി ചാഴിശ്ശേരിൽ, കൈക്കാരന്മാരായ ജോസ് ചാമക്കാല, ജോസുകുട്ടി കൂവക്കട, പ്രസുദേന്തിമാരായ ബിജു പോളക്കൽ, ബിജു കുപ്പെനാനിക്കൽ, സിന്റോ വെട്ടുകല്ലേൽ, മറ്റു കമ്മിറ്റികളിലെ നേതൃനിരയിലുള്ളവർ ഒന്ന്ചേർന്ന് തിരിതെളിയിച്ചു നിർവഹിച്ചു. ജിജോ ചിറയിൽ രചനയും സംവിധാനവും നിർവഹിച്ച 'ക്നായി തോമായും കൊച്ചുമക്കളും' എന്ന സ്കിറ്റ് ഏവരേയും ആവേശഭരിതരാക്കി. ക്രിസ കൂവക്കടയും ഏയ്ഞ്ചൽ വെട്ടുകല്ലേലും കൊറിയോഗ്രാഫി നിർവഹിച്ചു അരങ്ങിലെത്തിച്ച വിവിധ സിനിമാറ്റിക് ഡാൻസുകൾ ഏവർക്കും നവ്യാനുഭവം നൽകി. സ്നേഹവിരുന്നോടുകൂടി അന്നത്തെ പരിപാടികൾ അവസാനിച്ചു.

ആഘോഷമായ തിരുനാൾ റാസ കുർബ്വാന എട്ടിന് ഞായറാഴ്ച 10.30 -ന് ന്യൂയോർക്ക് ഇടവക വികാരി ഫാദർ ജോബി പൂച്ചുകണ്ടത്തിലിന്റെ നേതൃത്വത്തിൽ ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ നടന്നു. അതിനെത്തുടർന്ന് ദൈവാലയത്തിനു ചുറ്റുമുള്ള പരമ്പരാഗത രീതിയിലുള്ള പ്രദക്ഷിണം നടന്നു. തുടർന്ന് നടന്ന ഏലക്കമാല ലേലംവിളി വൻ വിജയമായിരുന്നു. വിഭവസമൃദ്ധമായ സ്നേഹവിരുന്നോടെ ഈ വർഷത്തെ തിരുനാളിന് കൊടിയിറങ്ങി.









Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana
We can provide you a PRE-APPROVAL IN MINUTES
Purchase
Jumbo Loan
Refinance
Cashout
WWW.CITYWIDEMA.COM
EQUAL HOUSING LENDER
Illinois Residential Mortgage Licensee
Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296
4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241
General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# സ്റ്റാൻലി ജോർജിന് മദർ തെരേസ പുരസ്കാരം



ന്യൂഡൽഹി: സുവിശേഷകനും മനുഷ്യാവകാശ പ്രവർത്തകനും യുഎസ് റിപ്പബ്ലിക്കൻ സ്ട്രാറ്റജിസ്റ്റുമായ സ്റ്റാൻലി ജോർജിന് മദർ തെരേസ സമാധാന സൗഹാർദ്ദ പുരസ്കാരം.

ഫെബ്രുവരി 15-ന് ഡൽഹി ശ്രീനിവാസപുരിയിൽ നടന്ന എക്യുമെനിക്കൽ സമ്മേളനത്തിൽ കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ സെക്രട്ടറി ജനറൽ ഡൽഹി ആർച്ച്ബിഷപ് അനിൽ കൂട്ടോ പുരസ്കാരം സമ്മാനിച്ചു.

മനുഷ്യാവകാശ, മതസ്വാതന്ത്ര്യ പ്രവർത്തന രംഗങ്ങളിലെ സംഭാവന

സിബിൻ മുല്ലപ്പള്ളി

കൾക്കും ക്രൈസ്തവ സഭകൾ തമ്മിലുള്ള ഐക്യത മുൻനിർത്തിയുള്ള നേതൃത്വത്തിനും ഇടപെടലുകൾക്കുമാണ് പുരസ്കാരം എന്ന് അവാർഡ് നിർണയ സമിതി ചെയർമാൻ ഡോ. രാജീവ് ജോസഫ് അറിയിച്ചു.

അമേരിക്കയിലെ ഇന്ത്യൻ ക്രിസ്ത്യൻ കേന്ദ്ര സംഘടനയായ ഫിയക്കോണ അഡ്വക്കസി ഡയറക്ടറായും അന്തർദേശീയ സംഘടനയായ എക്യുമെനിസിയ യുണൈറ്റഡ് ഇന്റർനാഷണൽ വൈസ് ചെയർമാനായും മനുഷ്യാവകാശ, മതസ്വാതന്ത്ര്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കുന്നു.

ഐപിസി സഭാംഗമായ സ്റ്റാൻലി ജോർജ് ഇന്ത്യയിലും അമേരിക്കയിലും സഭാ സാമൂഹിക, രാഷ്ട്രീയ രംഗങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുന്നു.

# പൗരന്മാർക്ക് മുന്നറിയിപ്പ് നല്കി യുഎസ് എംബസി

ആൻഡ്രൂസ് അഞ്ചേരി

ന്യൂഡൽഹി: ഇന്ത്യയിൽ താമസിക്കുന്ന അമേരിക്കൻ പൗരന്മാർക്ക് യുഎസ് എംബസിയുടെ അടിയന്തര മുന്നറിയിപ്പ്. വിദേശത്തുനിന്ന് ഓൺലൈൻ പാസ്പോർട്ട് റിന്യൂവൽ സിസ്റ്റം ഉപയോഗിക്കുന്നത് അപകടകാരിയാകുമെന്ന് മുന്നറിയിപ്പിൽ പറയുന്നു. നിലവിലുള്ള പാസ്പോർട്ട് തന്നെ റദ്ദാക്കപ്പെടുകയും യുഎസിലേക്ക് മടങ്ങാൻ സാധിക്കുന്ന സാധുവായ രേഖകൾ ഇല്ലാതാവുകയും ചെയ്യും.

യുഎസ് പൗരന്മാർ അറിയേണ്ടത് ഓൺലൈൻ റിന്യൂവൽ സിസ്റ്റം വെറും യുഎസിൽ ഉള്ളവർക്കു മാത്രമാണ് ലഭ്യമാകുന്നത്. ഇന്ത്യയിൽ ഉള്ളവർക്ക് പാസ്പോർട്ട് പുതുക്കാൻ ഏതെങ്കിലും യുഎസ് എംബസി കോൺസുലേറ്റിലേക്ക് മെയിൽവഴി പാസ്പോർട്ട് അയയ്ക്കുകയോ നേരിട്ട് അപേക്ഷിക്കുകയോ വേണം. ഇന്ത്യയിലെ എംബസി കോൺസുലേറ്റുകൾ ന്യൂഡൽഹി, മുംബൈ, ചെന്നൈ, ഹൈദരാബാദ്, കൊൽക്കത്ത എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. നല്കിയിട്ടുള്ള മുന്നറിയിപ്പുകൾ പാലിക്കാതെ ഓൺലൈനിൽ അപേക്ഷ നല്കുന്നത് പാസ്പോർട്ട് റദ്ദാക്കലിന് കാരണമാകും.

ഒസിഐ കാർഡ് ഉടമകൾക്ക്: പുതിയത് ലഭിച്ച പാസ്പോർട്ടിന്റെ വിവരങ്ങൾ ഓൺലൈൻ പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. 21-49 വയസ്സുള്ളവർക്ക് ഫിസിക്കൽ ഒസിഐ കാർഡ് പുതുക്കേണ്ടതില്ല.

# വൈക്കം ആദ്യത്തെ പൂർണ്ണ സോളാർ ഫെറി സ്റ്റേഷനാകും

വൈക്കം: ഇന്ത്യയിലെ ആദ്യ സോളാർ യാത്രാബോട്ട് സർവീസ് ആരംഭിച്ച ജലഗതാഗത വകുപ്പിന്റെ വൈക്കം സ്റ്റേഷന് പുതിയ മൂന്ന് സോളാർ ബോട്ടുകൾകൂടി അനുവദിച്ചു. വൈക്കത്തുനിന്ന് തവണക്കടവിലേക്ക് സർവീസ് നടത്തുന്ന ഡീസൽ ബോട്ടുകൾക്ക് പകരമായാണ് ആധുനിക സൗകര്യങ്ങളോടെ നിർമ്മിച്ച സോളാർ ബോട്ടുകൾ വരുന്നത്.

20-ന് ഗതാഗതമന്ത്രി ബി. ഗണേഷ്കുമാർ സോളാർ ബോട്ടുകൾ ഉദ്ഘാടനം ചെയ്യുമെന്ന് സി.കെ. ആശ എംഎൽഎ അറിയിച്ചു. പുതിയ സ്റ്റേഷൻമാസ്റ്റർ ഓഫീസിന്റെ നിർമ്മാണോദ്ഘാടനവും ഇതിനോടനുബന്ധിച്ചു നടക്കും. ഇത് പൂർണമായും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന സ്റ്റേഷനായിരിക്കും.




ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സോളാർ വാട്ടർ ട്രാൻസ്പോർട്ട് സ്റ്റേഷനായിരിക്കും ഇതെന്ന് എംഎൽഎ പറഞ്ഞു.

2017 മുതൽ സർവീസ് നടത്തുന്ന ആദിത്യയാണ് ഇന്ത്യയിലെ ആദ്യ സോളാർ യാത്രാബോട്ട്. പുതിയ ബോട്ടുകൾ വരുന്നതോടെ നിലവിലുള്ള ഡീസൽ ബോട്ടുകൾ പിൻവലിക്കും. ഒരു സോളാർ ബോട്ടിന് 3.15 കോടിയാണ് നിർമാണച്ചെലവ്. ഇന്ത്യൻ രജിസ്ട്രാർ ഓഫ് ഷിപ്പിംഗ് (ഐആർഎസ്) ക്ലാസിൽ ഉൾപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മിച്ച ബോട്ടുകൾക്ക് 80 കിലോവാട്ട് ബാറ്ററി ശേഷിയുണ്ട്. മണിക്കൂറിൽ ശരാശരി 10.8 കിലോമീറ്റർ വേഗത്തിൽ സർവീസ് നടത്തുന്ന ഇവയ്ക്ക് 15 മിനിറ്റിനുള്ളിൽ വൈക്കത്തുനിന്ന് തവണക്കടവിലെത്താൻ കഴിയും. ഡീസൽ ബോട്ടുകളേക്കാൾ അഞ്ചു മിനിട്ട് സമയലാഭം. 75 പേർക്ക് യാത്ര ചെയ്യാം. സോളാർ ബോട്ടുകൾ ഉപയോഗിക്കുമ്പോൾ ജലാശയങ്ങളിലെ മലിനീകരണം പൂർണമായും ഒഴിവാക്കാനാകും. വർഷംതോറും ഏകദേശം ഒരു കോടി രൂപയുടെ ഡീസൽ ലാഭിക്കാം. ഏഴു വർഷത്തിനുള്ളിൽ നിർമ്മാണച്ചെലവ് തിരിച്ചു പിടിക്കാവുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കേരള മാരിടൈം ബോർഡ്, അനർട്ട് എന്നിവിടങ്ങളിലെ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പുകയും ശബ്ദവുമില്ലാത്ത യാത്രാനുഭവമാണ് യാത്രക്കാരെ കാത്തിരിക്കുന്നത്. ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറച്ച് പരിസ്ഥിതി സംരക്ഷണത്തിന് വലിയ സംഭാവന നല്കുന്നതായിരിക്കും ഈ പദ്ധതി. സോളാർ ബോട്ടുകൾക്കു മുകളിലുള്ള 20 കിലോവാട്ട് ശേഷിയുള്ള സോളാർ പാനലുകൾക്ക് പുറമേ, സ്റ്റേനിൽ ഷോർ ചാർജിംഗ് സൗകര്യം ഒരുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണെന്ന് ഗതാഗതവകുപ്പ് ഡയറക്ടർ ഷാജി വി. നായർ പറഞ്ഞു.

# പ്രഗത്ഭ അഭിനേത്രി കലാലയം രാധ അന്തരിച്ചു

നെല്ലിക്കുന്ന്/തൃശൂർ: ചലച്ചിത്ര-നാടകനടി കലാലയം രാധ (79) അന്തരിച്ചു. തുടർച്ചയായി നാലുതവണ സംഗീതനാടക അക്കാദമിയുടെ പ്രൊഫഷണൽ നാടകമത്സരത്തിലെ മികച്ച

പി.പി. ചെറിയാൻ

നടിയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അഭിനേത്രിയാണ് കലാലയം രാധ. പ്രശസ്ത നാടകപ്രവർത്തകനും നടനുമായിരുന്ന അന്തരിച്ച ജോസ് പായമ്മലിന്റെ പത്നിയാണ്.

മലയാള പ്രൊഫഷണൽ നാടകവേദിയിൽ തന്റേതായ മുദ്ര പതിപ്പിച്ച കലാകാരിയായിരുന്നു രാധ. ജോസ് പായമ്മൽ-രാധ ദമ്പതികൾ നാടകരംഗത്തെ അവിസ്മരണീയമായ കൂട്ടുകെട്ടായിരുന്നു. പത്താം വയസ്സിൽ 'കടലിന്റെ കളിപ്പാട്ടങ്ങൾ' എന്ന നാടകത്തിലൂടെയാണ് അഭിനയരംഗത്തേക്ക് കടന്നുവന്നത്.

ഭർത്താവ് ജോസ് പായമ്മലിനോടൊപ്പം ഏകദേശം ആയിരത്തോളം വേദികളിൽ അഭിനയിച്ചിട്ടുണ്ട്. തൃശൂർ പൂരം എക്സിബിഷൻ വേദിയിൽ തുടർച്ചയായി 50 വർഷം നാടകം അവതരിപ്പിച്ച അപൂർവ്വ റെക്കോർഡിന് ഉടമയാണ് ഇവർ.



ജമ്നാപ്യാരി, അച്ചുവിന്റെ അമ്മ, ഇസബെല്ല തുടങ്ങി നിരവധി സിനിമകളിലും ശ്രദ്ധേയമായ വേഷങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്.



നാടകരംഗത്തെ മികച്ച സംഭാവനകൾ പരിഗണിച്ച് നിരവധി അംഗീകാരങ്ങൾ ഇവരെ തേടിയെത്തിയിട്ടുണ്ട്. കേരള സംഗീത നാടക അക്കാദമി നടത്തിയ സംസ്ഥാനതല നാടകമത്സരങ്ങളിൽ 1964, 1971, 1973, 1974 വർഷങ്ങളിൽ മികച്ച നടിയായി തെരഞ്ഞെടുക്കപ്പെട്ടു.

2012-ൽ കേരള സംഗീത നാടക അക്കാദമിയുടെ ഗുരുപൂജ പുരസ്കാരം നല്കി ആദരിച്ചു. ഇരിങ്ങാലക്കുട സ്വദേശിയായ ഇവർ വി.എസ്. കറുപ്പൻ ആചാരിയുടെയും വി.കെ. ജാനകിയുടെയും മകളാണ്.

മകൻ: ലോണ ബ്രിണ്ണർ (ഡെപ്യൂട്ടി ഡയറക്ടർ എൽ.എൽ.എച്ച് ആശുപത്രി, അബുദാബി). മരുമകൾ: സുനിത.

# കർണാടകത്തിൽ രണ്ട് മലയാളി വിദ്യാർത്ഥികളടക്കം ഏഴുപേർ മരിച്ചു

ബെംഗ്ളൂർ: പ്ലസ് വൺ വിദ്യാർത്ഥികൾ സഞ്ചരിച്ച കാർ ബൈക്കിലും ലോറിയിലും ഇടിച്ചുണ്ടായ അപകടത്തിൽ രണ്ട് മലയാളികൾ ഉൾപ്പെടെ ഏഴു പേർ മരിച്ചു. കർണാടകയിലെ ഹോസ്കോട്ടിൽ കാറിൽ യാത്ര ചെയ്ത ആറ് വിദ്യാർത്ഥികളും ബൈക്ക് യാത്രക്കാരനുമാണ് മരിച്ചത്. തിരുവനന്തപുരം വർക്കല ചെറുന്നിയൂർ ശ്രീവിലാസത്തിൽ ടി.എസ്. അജിത്-സ്മിത നായർ ദമ്പതികളുടെ മകൻ അശ്വിൻ നായർ, പത്തനംതിട്ട മല്ലപ്പള്ളി ആനിക്കാട് എനാട് വീട്ടിൽ തോമസ് ജോർജിന്റെ മകൻ ഈതൻ ജോർജ് ജോൺ (17) എന്നിവരാണ് മരിച്ച മലയാളി വിദ്യാർത്ഥികൾ. പുലർച്ചെ 5.30-ന് കോലാർ ഭാഗത്തേക്കു പോകുന്നതിനിടെ കാർ മുന്നിൽ പോയ ബൈക്കിനെ ഇടിച്ചശേഷം നിയന്ത്രണം വിട്ട് ലോറിക്കു പിന്നിലേക്ക് ഇടിച്ചുകയറുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ ആക്സിൽ വേർപെട്ട ലോറി സർവീസ് റോഡിലേക്കു മറിഞ്ഞു. ലോറിയുടെ ഊരിത്തെറിച്ച ടയർ ഇടിച്ചു മറ്റൊരു കാറിലെ യാത്രക്കാർക്കും പരുക്കേറ്റു. പത്താം ക്ലാസിൽ ഒരുമിച്ചു പഠിച്ചവരാണ് വിദ്യാർത്ഥികളെല്ലാം.

# വൈദികന്റെ പേരിൽ പുതിയ സസ്യവർഗം

ഇടുക്കി: പശ്ചിമഘട്ടത്തിലെ ഉയർന്ന പുൽമേടുകളിൽനിന്ന് ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ലാത്ത പുതിയൊരു സസ്യവർഗത്തെ ഗവേഷകർ കണ്ടെത്തി. ടെട്രാറ്റേനിയം പൈകടെ (Tetrataenium paikadae) എന്നു പേരിട്ടിരിക്കുന്ന ഈ സസ്യം ഇടുക്കി ജില്ലയിലെ ഇരവികുളം നാഷണൽ പാർക്കിൽ നിന്നാണ് കണ്ടെത്തിയിരിക്കുന്നത്. കാരറ്റ്, മല്ലി എന്നിവ ഉൾപ്പെടുന്ന അപ്പിയേസി (apiaceae) കുടുംബത്തിലെ പുതിയൊരു അംഗമാണിത്. കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ് കോളജ് (ഓട്ടോണമസ്) മുൻ പ്രിൻസിപ്പലും മാനേജരുമായ പരേതനായ ഫാ. ജോസഫ് പൈകട സിഎംഐയോടുള്ള ആദരസൂചകമായാണ് സസ്യത്തിന്റെ പേര്. വിദ്യാഭ്യാസ മേഖലയിൽ അദ്ദേഹം നൽകിയ മഹത്തായ സംഭാവനകളെ മുൻനിർത്തിയാണ് ഗവേഷകർ ഈ പേര് തെരഞ്ഞെടുത്തത്.

സമുദ്രനിരപ്പിൽനിന്ന് 1000 മുതൽ 2500 മീറ്റർ വരെ ഉയരത്തിലുള്ള പുൽമേടുകളിലെ നനവാർന്ന ചതുപ്പ് പ്രദേശങ്ങളിലാണ് ഈ പുതിയ സ്പീഷ്യസ് വളരുന്നത്. ഇരവികുളം നാഷണൽ പാർക്കിൽ ഈ സ്പീഷ്യസിലെ ഏകദേശം 150 ചെടികൾ മാത്രമാണ് കണ്ടെത്തിയിട്ടുള്ളത് എന്നത് ഈ സസ്യത്തിന്റെ അപൂർവതയും സംരക്ഷണത്തിന്റെ ആവശ്യകതയും സൂചിപ്പിക്കുന്നു.

ഏകദേശം 30 മുതൽ 80 സെന്റീമീറ്റർ വരെ ഉയരത്തിൽ വളരുന്ന ഈ ചെടിയുടെ തണ്ടുകൾ കട്ടിയുള്ള രോമങ്ങളാൽ നിറഞ്ഞതാണ്. വെളുത്ത നിറത്തിലുള്ള സമമിതിയുള്ള പൂക്കളും അണ്ഡാകൃതിയിലുള്ള ഇലകളുമാണ് ഇതിന്റെ സവിശേഷത. ജൂലൈ മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിൽ പൂവിടുന്ന ഈ ചെടികളിൽ ഒക്ടോബർ, നവംബർ മാസങ്ങളിലാണ് കായ്കൾ കാണപ്പെടുന്നത്. കായ്കളിലെ എണ്ണക്കുഴലുകളുടെ എണ്ണത്തിലും ഘടനയിലുമുള്ള വ്യത്യാസമാണ് സമാനമായ മറ്റ് രണ്ട് സസ്യങ്ങളിൽനിന്നും ഇതിനെ വേർതിരിക്കുന്നത്. ദേവഗിരി കോളജിലെ സസ്യശാസ്ത്രവിഭാഗം ഗവേഷകരായ സി.രേഖ, എം.കെ. പ്രശാന്ത്, ടി.പി. അശ്വിൻദാസ്, റിസർച് ഗൈഡ് ഡോ. കെ.എം. മനുദേവ് എന്നിവരുടെ നേതൃത്വത്തിലാണ് ഈ കണ്ടെത്തൽ. പശ്ചിമഘട്ടത്തിലെ സസ്യവൈവിധ്യത്തിന്റെ പ്രാധാന്യം വിളിച്ചോതുന്നതാണ് ഈ കണ്ടെത്തൽ.

KERALA EXPRESS പ്രവാസി താളുകൾ

# റവ.ഫാ. അലക്സാണ്ടർ ജെയിംസ് കുര്യനെ വരവേറ്റ് കോഴഞ്ചേരി

ജോസ് കോലത്ത്

കോഴഞ്ചേരി: ലോകപ്രശസ്തമായ മാരാമൺ കൺവൻഷൻ യുവജന വേദിയിൽ മുഖ്യപ്രഭാഷണം നടത്തുന്ന റവ.ഫാ. അലക്സാണ്ടർ ജെയിംസ് കുര്യന് കോഴഞ്ചേരിയിലെ കോലത്ത് തറവാട്ടിൽ ഊഷ്മളമായ സ്വീകരണം നല്കി ആദരിച്ചു.

വൈറ്റ് ഹൗസ് ഫെയ്ത്ത് ഓഫീസ് ലെയ്സൺ, സീനിയർ എക്സിക്യൂട്ടീവ് ഡെപ്യൂട്ടി അസോസിയേറ്റ് അഡ്മിനിസ്ട്രേറ്റർ, യുഎസ് ഗവൺമെന്റ് (വാഷിങ്ടൺ ഡിസി യുഎസ്എ) എന്നീ പ്രമുഖ നിലകളിൽ സേവനം ചെയ്യുന്ന റവ.ഫാ. അലക്സാണ്ടർ ജെയിംസ് കുര്യനെ ആദരിക്കുന്നതിനായി സംഘടിപ്പിച്ച സ്നേഹസമ്മേളനത്തിൽ വിവിധ മേഖലകളിലെ പ്രമുഖർ പങ്കെടുത്തു.



പ്രസ്തുത സ്നേഹസംഗമത്തിൽ ഡോ. കെ.എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ മാനേജിംഗ് ഡയറക്ടർ ഫാ. അലക്സാണ്ടർ കൂടാരം, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ വൈസ് പ്രസിഡണ്ട് ജെയിംസ് കൂടൽ, ഡബ്ല്യു എംസി ഖത്തർ പ്രൊവിൻസ് വനിതാ ഫോറം പ്രസിഡണ്ട് ഷീലാ ഫിലിപ്പോസ്, ഫോമാ സ്ഥാപക നേതാവ് ശശിധരൻ നായർ, റോയ് മൂത്തൂറ്റ്, റിട്ട. പോലീസ് സൂപ്രണ്ട് പി.എസ്. സുരേഷ്കുമാർ, ജില്ലാ കാൻസർ സെന്റർ ഡയറക്ടർ ഡോ. ശശിധരൻ പിള്ള, മുൻ പഞ്ചായത്ത് പ്രസിഡണ്ട് റോയ് ഫിലിപ്പ്, ബിന്ദു പ്രസാദ്, റെജി താഴമൺ, ബിജിലി പി. ഈശോ, ജിജി നെടുമണ്ണിൽ, ജിബു ജോൺ, ബാബു ചെന്നാട്ട്, ജോർജ് മാത്യു, മോട്ടി പുളിമൂട്ടിൽ, മാമ്മൻ കൊണ്ടൂർ, കുര്യൻ പ്രക്കാനം (കാനഡ), ഷാജി പുളിമൂട്ടിൽ, അനിൽ തൊള്ളായിരക്കുഴിയിൽ, മോട്ടി ചെറിയാൻ, വിജോ പൊയ്യാനിൽ, ജോജി കോലത്ത്, രാജൻ ആശാരത്ത്, ബാബു ചെമ്പോലിൽ, സാംകുട്ടി ചെറുകര, പ്രഫ. ഫിലിപ്പ് പാറെപ്പാട്ട്, ലില്ലി ജോർജ്, ശാന്തമ്മ ഏബ്രഹാം, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ഗുഡ്വിൽ അംബാസഡർ ജോസ് കോലത്ത്, രാജൻകുട്ടി കാഞ്ഞിരമണ്ണിൽ, ആൽവിൻ വർഗീസ്, റോജി കോശി എന്നിവർ ഉൾപ്പെടെ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ പങ്കെടുത്തു.

ഈ വർഷം മാരാമൺ കൺവൻഷനിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത് ജീവിതത്തിലെ മഹാഭാഗ്യമായി കരുതുന്നതായി റവ.ഫാ. അലക്സാണ്ടർ ജെയിംസ് കുര്യൻ പറഞ്ഞു. ദൈവത്തിന്റെ മഹത്വം എപ്പോഴും ദൈവത്തിനു തന്നെയാണെന്നും വിനയത്തോടെയും ആത്മാർത്ഥമായ സേവനത്തോടെയും മുന്നോട്ടു പോകണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

സ്നേഹവും ആത്മീയതയും നിറഞ്ഞ സാന്നിദ്ധ്യമായി മാറിയ ഈ സംഗമം കോഴഞ്ചേരി പ്രദേശത്തിന്റെ സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ ശ്രദ്ധേയമായി. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വ്യക്തിത്വങ്ങളുടെ സാന്നിദ്ധ്യം പരിപാടിയെ കൂടുതൽ ഗൗരവവത്കരിച്ചു.



# ഡാളസ് ക്രിസ്തുരാജ ദൈവാലയത്തിൽ പുതിയ പാരിഷ് കൗൺസിൽ ചുമതലയേറ്റു

ജോക്കുട്ടൻ മേലേടത്ത്



ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിന്റെ 2026-27 വർഷത്തേക്കുള്ള പുതിയ കൈക്കാരന്മാരെയും പാരിഷ് കൗൺസിൽ അംഗങ്ങളെയും തെരഞ്ഞെടുത്തു. റ്റെറി വാളാച്ചേരിൽ, ബിനോ പുല്ലുകാട്ട്, റെനി പഴേടത്ത്, ജെയിംസ് കൊല്ലമാരുപറമ്പിൽ എന്നിവരാണ് പുതിയ കൈക്കാരന്മാർ. ഇവരോടൊപ്പം പാരിഷ് കൗൺസിൽ അംഗങ്ങളായി രാകേഷ് തേവരുപറമ്പിൽ, സ്റ്റാൻലി തൈപറമ്പിൽ, ജോ പുതിയിടത്തുശ്ശേരിൽ, മിനി പടപുരയ്ക്കൽ, റോയ് പുത്തേട്ട്, തിയോഫിൽ ചാമക്കാല, സൈമൺ ചാമക്കാല, മെർലിൻ പാറയ്ക്കൽ പൂത്തറ, മാത്യു പാക്കാട്ടിൽ, പ്രിൻസ് പാറയ്ക്കശ്ശേരിൽ, ജെയിക്സൺ ചാലിൽ, മനോജ് വിരുത്തിക്കുളങ്ങര, രാഹുൽ ശ്രാമ്പിച്ചിറ, രത്ന കുടകശ്ശേരിൽ, കുരുവിള ചെമ്മാച്ചേൽ, സിൽവി നടക്കുഴയ്ക്കൽ, ബിനു അത്തിമറ്റത്തിൽ, ജിനു കുടിലിൽ, അബീന മാടപറമ്പത്ത്, ജോനത്തൻ പരുപണത്തേട്ട് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കു ശേഷം ദൈവതിരുമുമ്പാകെ അവർ തങ്ങളുടെ ശുശ്രൂഷ ഏറ്റെടുത്തു. പുതുതായി ദൈവഹിതത്താൽ തെരഞ്ഞെടുക്കപ്പെട്ട എല്ലാവരെയും അഭിനന്ദിച്ചുകൊണ്ട് ഇടവകയുടെ സമഗ്രമായ പുരോഗതിക്കു വേണ്ടി പുതിയ ഭാരവാഹികൾക്ക് എല്ലാ ആശംസകളും ക്രിസ്തുരാജന്റെ കൃപയും നേരുന്നതായി വികാരി ഫാ. ബിൻസ് ചേത്തലിൽ അറിയിച്ചു. കഴിഞ്ഞ വർഷം കൈക്കാരന്മാരായും പാരിഷ് കൗൺസിൽ അംഗങ്ങളായും ശുശ്രൂഷ ചെയ്ത എല്ലാവരെയും വികാരിയോടു ചേർന്ന് എല്ലാവരും അഭിനന്ദിക്കുകയും ചെയ്തു.

# വിസ്മയമൊരുക്കി ഡാളസ് മെൻസ് & വിമൻസ് മിനിസ്ട്രി കപ്പിൾസ് ഡേ കൂട്ടായ്മ



ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിൽ വിമൻസ് & മെൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഫെബ്രുവരി 15-ന് ഞായറാഴ്ച നടത്തപ്പെട്ട പേത്രത്ത സംഗമവും കപ്പിൾസ് ഡേ കൂട്ടായ്മയും ഏവർക്കും വിസ്മയ കൂട്ടായ്മയായി മാറി.

**ജോക്കുട്ടി മേലേത്ത്**

ഈ വർഷം വിവാഹ സിൽവർ, ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ പാരിഷ് ആദരിച്ചു.

സുവർണ്ണജൂബിലി (50 വർഷം) ആഘോഷിക്കുന്ന മാർക്കോസ് (തമ്പി) & ലില്ലി കേളചന്ദ്ര, തിയോഫിൻ & ലീല ചാമക്കാല ദമ്പതികളെയും സിൽവർ ജൂബിലി (25 വർഷം) ആഘോഷിക്കുന്ന ജോസ്മോൻ & ബിൻസി പുഴകരോട്ട്, ജോൺ (ജോജോ) & ലിൻസി പെരുമനത്തേട്ട്, ബിജു & ബിൻസി ആലപ്പാട്ട്, സുബാഷ് & ജ്യോതി അരീച്ചിറ, മജോ & ലിജി കരിസേരിക്കൽ ദമ്പതികളെയും പൊന്നാട അണിയിച്ചും പ്ലാക്ക് നല്കിയും കേക്ക് മുറിക്കൽ, കുടുംബ ഫോട്ടോ സെഷൻ, ഹൃദയപൂർവ്വമായ അഭിനന്ദനങ്ങൾ എന്നിവയോടെ സമൂഹം ആദരിച്ചു.

ഇടവകയിലെ എല്ലാ ദമ്പതികൾക്കും വിശുദ്ധ വാലന്റൈന്റെ തിരുശേഷിപ്പുകൊണ്ട് പ്രത്യേകം ആശീർവാദ പ്രാർത്ഥനയും നടത്തി. പേത്രത്ത ദിനത്തിന്റെ ഭാഗമായി മാതാപിതാക്കളുടെ നേതൃത്വത്തിൽ ഭക്ഷണം ഒരുക്കി എല്ലാവർക്കും വിതരണം ചെയ്തു.

മെൻസ് മിനിസ്ട്രി പ്രസിഡണ്ട് ബിനു അത്തിമറ്റം, വിമൻസ് മിനിസ്ട്രി പ്രസിഡണ്ട് സിൽവി നടക്കുഴയ്ക്കൽ എന്നിവരുടെ നേതൃത്വത്തിൽ കമ്മിറ്റി അംഗങ്ങൾ പരിപാടികൾ ക്രമീകരിച്ചു.

വാലന്റൈൻസ് ഡേയുടെ ഇന്നത്തെ വികലമായ കാഴ്ചപ്പാടിൽനിന്നും ദൈവം ആഗ്രഹിക്കുന്ന ദാമ്പത്യ സ്നേഹബന്ധത്തിന്റെ പാഠം പകർന്ന് നല്കുവാൻ ഉദ്ദേശിച്ചാണ് ദമ്പതീസംഗമം മിനിസ്ട്രി സംഘടിപ്പിച്ചത്.

# ക്നാനായ റീജിയൻ സീനിയർ മിനിസ്ട്രി സംഗമം 21-ന് ശനിയാഴ്ച

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ക്നാനായ റീജിയനിലെ മുതിർന്നവരുടെ കൂട്ടായ്മയായ സീനിയർ മിനിസ്ട്രിയുടെ ചിക്കാഗോ ഫൊറോനാ സംഗമം വരുന്ന 21-ന് ശനിയാഴ്ച 12 മണിക്ക് ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ നടക്കും.

ഡിട്രോയിറ്റ് സെ. മേരീസ് ഇടവകയിലെയും മോർട്ടൻഗ്രോവ് സെ. മേരീസ് ഇടവകയിലെയും ബെൻസൻവിൽ ഇടവകയിലെയും പ്രതിനിധികളാണ് ഈ സംഗമത്തിൽ പങ്കെടുക്കുന്നതെന്ന് കോ-ഓർഡിനേറ്റർമാരായ എ.സി. തോമസ്, കുര്യൻ നെല്ലാമറ്റം എന്നിവർ അറിയിച്ചു.

ഫൊറോനാതല സംഗമം മുതിർന്നവരുടെ കൂട്ടായ്മയുടെയും സമുദായ സ്നേഹത്തിന്റെയും ഉണർവിനു കാരണമാകുമെന്നും മുന്നോട്ടുള്ള കർമ്മപരിപാടികളുടെ ആസൂത്രണത്തിനും പ്രാർത്ഥനയുടെയും പങ്കുവെപ്പിന്റെയും നല്ല അവസരമായി ഇതു മാറട്ടെയെന്നും പ്രത്യാശിക്കുന്നതായി ക്നാനായ റീജിയൻ ഡയറക്ടർ ഫാ. തോമസ് മുളവനാൽ, സ്പിരിചൽ ഡയറക്ടർ ഫാ. ജോസ് തറയ്ക്കൽ. സേക്രഡ് ഹാർട്ട് ഇടവക വികാരി ഫാ. ഏബ്രഹാം കളരിക്കൽ എന്നിവർ ആശംസിച്ചു.





# രാഹുൽ മാങ്കൂട്ടത്തിലിന് മുൻകൂർ ജാമ്യം

കൊച്ചി: ബലാത്സംഗത്തിന് ആദ്യംവന്ന പരാതിയിൽ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്ക് ഹൈക്കോടതി കർശന ഉപാധികളോടെ മുൻകൂർജാമ്യം അനുവദിച്ചു. പ്രഥമദൃഷ്ട്യാ ഇരുവരും തമ്മിലുള്ള ബന്ധം ഉഭയസമ്മതപ്രകാരമായിരുന്നുവെന്നും ഗർഭച്ഛിദ്രത്തിനായി പരാതിക്കാരി മരുന്ന് സ്വമേധയാ കഴിക്കുകയായിരുന്നുവെന്നും വിലയിരുത്തിയാണ് ജസ്റ്റിസ് കൗസർ എടപ്പഗത്തിന്റെ ഉത്തരവ്. മുതിർന്ന രണ്ടുവ്യക്തികൾ തമ്മിൽ ഏറെനാൾ നീണ്ട ഉഭയ സമ്മതപ്രകാരമുള്ള ബന്ധത്തെ ഒരാൾ നടത്തിയ ലൈംഗികാതിക്രമമായി കാണാനാകില്ല. ധാർമിക മൂല്യങ്ങൾ കേസിന്റെ നിയമപരമായ സാദ്ധ്യതയ്ക്ക് മുൻപിൽ പരിഗണനാ വിഷയമല്ലെന്നും കോടതി പറഞ്ഞു. ഒട്ടേറെ സ്ത്രീകളുമായി ഹർജിക്കാരന് ഇത്തരത്തിലുള്ള ബന്ധം ഉണ്ടെന്നും മൂന്ന് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രോസിക്യൂഷൻ അറിയിച്ചത് തള്ളിയായിരുന്നു കോടതിയുടെ ഈ വിശദീകരണം.

ബന്ധം ഉഭയസമ്മതപ്രകാരമായിരുന്നോ ഗർഭച്ഛിദ്രത്തിനായി സ്വമേധയാ മരുന്ന് കഴിക്കുകയായിരുന്നോ എന്നിവയിൽ അന്തിമ തീരുമാനമുണ്ടാകേണ്ടത് വിചാരണയിലൂടെയാണെന്നും കോടതി വ്യക്തമാക്കി. 2025 ജനുവരിമുതൽ മേയ്വരെയുള്ള കാലയളവിലാണ് പരാതിക്കാരിയും രാഹുലുമായി ബന്ധം ഉണ്ടായിരുന്നത്. അവസാന കാലയളവിൽ സമ്മതമില്ലാതെ രാഹുൽ ലൈംഗികാതിക്രമത്തിന് ഇരയാക്കി എന്നായിരുന്നു യുവതിയുടെ പരാതി.

# ഫിലിപ്പ് ഫ്രാൻസിസ് പുളിക്കൽ അന്തരിച്ചു




എമേഴ്സൺ/ന്യൂജേഴ്സി: പാലാ മേരിലാൻഡ് സ്വദേശി പുളിക്കൽ ഫിലിപ്പ് ഫ്രാൻസിസ് (78) ന്യൂജേഴ്സിയിലെ എമേഴ്സണിൽ അന്തരിച്ചു. ഭാര്യ ലൈലാമ്മ ഫിലിപ്പ് കാഞ്ഞിരപ്പള്ളി കപ്പാട് നെടുവക്കാട് കുടുംബാംഗമാണ്. മക്കൾ: ഡെജി, ഡെന്നി (ഇരുവരും ന്യൂജേഴ്സി), ഡോൺ (ഓസ്ട്രേലിയ). മരുമക്കൾ: ബിന്ദു, റീനി, സിമി.

ഫെബ്രുവരി 17-ന് ചൊവ്വാഴ്ച വൈകുന്നേരം 4 മുതൽ 7 വരെ റോക്ക്ലാൻഡ് വെസ്ലി ഹിൽസ് ഹോളി ഫാമിലി സീറോമലബാർ കത്തോലിക്കാ പള്ളിയിൽ (5 Willow Tree Rd, Monsey, NY 10952) പൊതുദർശനവും 18-ന് ബുധനാഴ്ച രാവിലെ 10 മണിക്ക് ആരംഭിക്കുന്ന സംസ്കാര ശുശ്രൂഷകൾക്കുശേഷം എയർമോണ്ടിലെ അസൻഷൻ സെമിത്തേരിയിൽ (650 സാഡിൽ റിവർ റോഡ്, എയർമോണ്ട്, ന്യൂയോർക്ക് 10952) മൃതദേഹം സംസ്കരിക്കും.

# കൂടല്ലൂർ സംഗമം

സംഗമം സംഗമം കൂടല്ലൂർ സംഗമം
വർഷത്തിൽ ആദ്യം കൂടുന്ന സംഗമം
ലോകത്തിൻ കോണിൽനിന്നും എത്തിയ മക്കൾ
വന്ദനം നിങ്ങൾക്കു കൂടല്ലൂർ മക്കളെ
കൂടല്ലൂർ മാതാവിൻ പെരുന്നാളു കൂടാം
കൂട്ടത്തിൽ കൂടെ പഠിച്ചവർ ഒക്കെയും
കൂടല്ലൂർ കവലയും മണലേൽ ഷാപ്പും
എങ്ങനെ മറക്കും കൂടല്ലൂർ മക്കളെ
പരുവണം, കടക്കാലി, ചിങ്ങംകരി
പച്ചവിരിച്ച നെൽപാടമല്ലേ
വാളയും വരാലും പൊടിമീനുമെല്ലാം
പുഞ്ചപാടത്തു കർക്കടക മാസത്തിൽ
കൊമ്പനാകുന്നു കയറുന്ന മുൻപേ
കാണാം നമ്മുടെ പാലങ്ങൾ ഒക്കെ
ഒഴുകുന്ന പുഴയുടെ ശബ്ദവും കേൾക്കാം
കൂട്ടത്തിൽ അലക്കിയ തുണികൾ വിരിച്ചതും
മൂന്നോട്ടു കവലയിൽ ചെല്ലുമ്പോൾ ഓർക്കും
കടപ്ലാമറ്റത്തെ കുന്നുകൾ ഒക്കെ
ആടുമാടുകൾ, പന്നികൂട്ടങ്ങൾ
കൂടല്ലൂർകാരുടെ മിത്രവും അല്ലേ
പുലർകാല നേരത്തു തണുപ്പുള്ള ദിവസത്തിൽ
കാളവണ്ടി കിലുക്കം കേട്ടു ഉണരുന്നു
കട്ടേൽ പടിയും ചുടലയും ഒക്കെ
വടക്കോട്ടു നോക്കിയാൽ മനസ്സിൽ ഉദിക്കും
കശുഅണ്ടി വിൽക്കുവാൻ മൂക്കേ കവല
തൂക്കുമീൻ ചെമ്മീനും ചന്തയിൽ കിട്ടും
ആനിമരത്തിലെ ആനിക്കായും
വരിക്കയും കൂഴച്ചക്കയും നാവിന്റെ അകത്തു
ഉരുണ്ടു കിടക്കുന്ന ലോകത്തിൽ എല്ലാം
കൂടല്ലൂർ മക്കളെ കാണാൻ കഴിയുന്നു
പുതുവർഷ വേളയിൽ ഒന്നിച്ചുകൂടാൻ
സംഗമം മക്കളെ നിങ്ങൾക്കു നന്ദി.



**ജെയിംസ് ചെട്ടിയാത്ത്**

# ആഗോള അയ്യപ്പ സംഗമം നടത്തിപ്പിൽ വൻക്രമക്കേട്: വിശദീകരണം തേടി കോടതി

തിരുവനന്തപുരം: തിരുവിതാംകൂർ ദേവസ്വംബോർഡ് പമ്പയിൽ നടത്തിയ ആഗോള അയ്യപ്പ സംഗമത്തിലെ ലക്ഷങ്ങളുടെ ക്രമക്കേടുകളുടെ ഞെട്ടലിലാണ് കേരളം. ആറു കോടിയിലേറെ രൂപ ചെലവഴിച്ച പരിപാടി നടത്തിയത് ഒരു ടെൻഡർ പോലുമില്ലാതെ. തുക എഴുതിയെടുത്തതിൽ പലതിനും ബില്ലുകളില്ല. ഹൈക്കോടതി നിർദേശപ്രകാരം ദേവസ്വം ബോർഡ് സ്വകാര്യ ഓഡിറ്ററെക്കൊണ്ടു തയാറാക്കിയ റിപ്പോർട്ടാണ് തട്ടിപ്പുകൾ പുറത്തുകൊണ്ടുവന്നത്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡിന്റെ വിശദീകരണം തേടിയിരിക്കുകയാണ് ഹൈക്കോടതി. ടെൻഡറില്ലാതെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ കീഴിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻസ് (ഐഐഐസി) എന്ന സ്ഥാപനത്തിനായിരുന്നു പരിപാടിയുടെ മുഴുവൻ കരാറും. അതും എസ്റ്റിമേറ്റിനെക്കാൾ 10 ശതമാനം തുക ഭരണ-ഏകോപന ചെലവുകൾ എന്ന പേരിൽ അധികമായി അനുവദിച്ചുകൊണ്ട്. തോന്നിയപടിയുള്ള കരാർ എന്നാണ് ഹൈക്കോടതി നിയോഗിച്ച സ്പെഷൽ കമ്മീഷണർ ഇതിനെക്കുറിച്ച് പറഞ്ഞത്. കരാർ കിട്ടിയവർ പലതും ഉപകരാറായി നൽകിയെങ്കിലും ഒന്നിനും ഇനം തിരിച്ചുള്ള കൃത്യമായ ബില്ലുകളോ രേഖകളോ ഇല്ല. ബില്ലുകളിൽ ക്രമക്കേടുകൾവ്യക്തം.

ഫണ്ട് വിനിയോഗത്തിലെ അവ്യക്തതയിൽ ഇഡിക്കു പുറമേ കൂടുതൽ കേന്ദ്ര അന്വേഷണ ഏജൻസികൾ അന്വേഷണം നടത്തുമെന്നാണ് സൂചന. ഇതിനു പുറമേ പമ്പയിൽ നടന്ന ആഗോള അയ്യപ്പ സംഗമവും എസ്ഐടി അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തിയേക്കുമെന്നാണ് സൂചന. ശബരിമല സ്വർണക്കൊള്ള കേസുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ എസ്ഐടി നൽകിയ റിപ്പോർട്ടിൽ ആഗോള അയ്യപ്പ സംഗമത്തെക്കുറിച്ചും പരാമർശമുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് നടത്തിയ പരിപാടിയെന്നാണു സർക്കാർ വാദമെങ്കിലും അയ്യപ്പ സംഗമം പോലെ അതിവിപുലവും പ്രധാനപ്പെട്ടതുമായ ഒരു പൊതുപരുപാടി തീരുമാനിച്ച വിവരം ദേവസ്വം യോഗത്തിന്റെ മിനിട്സിൽ ഇല്ലെന്നാണ് എസ്.ഐ.ടി റിപ്പോർട്ടിൽ പറയുന്നത്. ആഗോള അയ്യപ്പ സംഗമത്തിലെ ഫണ്ട് വിനിയോഗത്തിലെ അവ്യക്തകളും റിപ്പോർട്ടിൽ എടുത്തുപറയുന്നു.

അതിനിടെ, ആഗോള അയ്യപ്പ സംഗമത്തിൽ നടത്തിയതിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് 3.4 കോടി രൂപയുടെ നഷ്ടമുണ്ടായെന്ന ഓഡിറ്റ് റിപ്പോർട്ട് ഹൈക്കോടതിയിൽ നൽകും. അയ്യപ്പ സംഗമത്തിനുവേണ്ടി ഒരു രൂപ പോലും സർക്കാരിൽ നിന്നോ ദേവസ്വം ബോർഡിൽ നിന്നോ കൈപറ്റാൻ പാടില്ലെന്നായിരുന്നു കോടതിയുടെ നിർദേശം. അയ്യപ്പസംഗമത്തിന് വേണ്ട പണം സ്പോൺസർഷിപ്പിലൂടെ കണ്ടെത്താം എന്നായിരുന്നു ദേവസ്വം ബോർഡ് പ്രതീക്ഷിച്ചിരുന്നത്. ഏകദേശം എട്ടു കോടി രൂപ ചെലവ് വരുമെന്ന് ദേവസ്വം വകുപ്പ് മന്ത്രിതന്നെ പത്രസമ്മേളനത്തിൽ പറഞ്ഞിരുന്നു എന്നാൽ ഈ തുക മുഴുവൻ സ്പോൺസർഷിപ്പിലൂടെ കണ്ടെത്താൻ കഴിഞ്ഞോ എന്നതിൽ വ്യക്തതയില്ല. ദേവസ്വം ബോർഡിന്റെ സർപ്ലസ് ഫണ്ടിൽ നിന്നാണ് 3.4 കോടി രൂപ നൽകിയിരിക്കുന്നത്.

# കർഷകരുടെ പ്രക്ഷോഭത്തിന് ഒപ്പമെന്ന് രാഹുൽ ഗാന്ധി

ന്യൂഡൽഹി: ഇന്ത്യ-യുഎസ് വ്യാപാരകരാറിനെതിരെ കർഷകർ ഇന്ത്യയിൽ വ്യാപകമായി നടത്തുന്ന പ്രക്ഷോഭങ്ങൾക്ക് പിന്തുണ നൽകുമെന്ന് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു. പാർലമെന്റ് മന്ദിരത്തിൽ വിവിധ കർഷക സംഘടനാ നേതാക്കളുമായി രാഹുൽ കൂടിക്കാഴ്ച നടത്തി. യുഎസുമായുള്ള കരാർ വിവിധ മേഖലകളിലെ കർഷകരെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്ക കർഷക നേതാക്കൾ രാഹുലുമായി പങ്കുവെച്ചു. കാർഷികോൽപന്നങ്ങളുടെ ഇറക്കുമതിക്കു കരാറിലൂടെ വാതിൽ തുറന്നിരിക്കുന്നു. ഉടൻ കൂടുതൽ വിളവുകളുടെ ഇറക്കുമതി ഉണ്ടാകുമെന്നും രാഹുൽ പറഞ്ഞു. ഇതിനെതിരെ ഇന്ത്യയിൽ വ്യാപകമായി വലിയ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ചും കർഷക നേതാക്കൾ രാഹുലുമായി കൂടിയാലോചിച്ചു.

അഖിലേന്ത്യാ കിസാൻ കോൺഗ്രസ് ദേശീയ വൈസ് ചെയർമാൻ പി. ടി. ജോൺ, ഓൾ ഇന്ത്യ കിസാൻ കോൺഗ്രസ് പ്രസിഡണ്ട് സുഖ്പാൽ എസ്. ഖാരിയ, ഭാരതീയ കിസാൻ മസ്ദൂർ യൂണിയൻ നേതാവ് അശോക് ബലാറ തുടങ്ങിയവരാണു രാഹുലുമായി കൂടിക്കാഴ്ച നടത്തിയത്.

അതേസമയം, രാഹുൽ കർഷകരെ തെറ്റിദ്ധരിപ്പിക്കുകയാണെന്ന് വാണിജ്യകാര്യമന്ത്രി പീയൂഷ് ഗോയൽ പറഞ്ഞു.

രാഹുലിന്റെ ആരോപണം അടിസ്ഥാനരഹിതമാണെന്ന് കൃഷിമന്ത്രി ശിവരാജ് സിങ് ചൗഹാൻ പറഞ്ഞു. കർഷകർക്ക് പുരോഗതിയുണ്ടാകുന്നത് ഇഷ്ടമില്ലാത്ത വ്യക്തിയാണ് രാഹുലെന്നും അദ്ദേഹം ആരോപിച്ചു.

# പ്രധാനമന്ത്രിയുടെ ഓഫീസ് സേവാതീർഥിലേക്ക് മാറി

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദി സേവാതീർഥിലെ പുതിയ ഓഫീസിലേക്ക് മാറി. റായ്സിനകുന്നിൽ രാഷ്ട്രപതിഭവന് സമീപമുള്ള, കൊളോണിയൽകാലത്തെ സൗത്ത് ബ്ലോക്കിൽ പ്രവർത്തിച്ചിരുന്ന പ്രധാനമന്ത്രിയുടെ ഓഫീസ് ഫെബ്രുവരി 13-ന് വെള്ളിയാഴ്ചയാണ് സേവാതീർഥിലേക്ക് മാറിയത്. ന്യൂഡൽഹിയിൽ ഇന്ത്യയുടെ പുതിയ തലസ്ഥാനം ഉദ്ഘാടനം ചെയ്യപ്പെട്ടത് 1931 ഫെബ്രുവരി 13-നായിരുന്നു. അതിന് 95 വർഷം പൂർത്തിയാകുന്ന ദിവസമാണ് മാറ്റം. ഗണപതിവിഗ്രഹത്തിൽ മാലചാർത്തിയശേഷം പ്രധാനമന്ത്രി മന്ദിരം ഉദ്ഘാടനം ചെയ്തു. സേവാതീർഥിലേക്ക് ഓഫീസ് മാറിയശേഷം സ്ത്രീകൾ, കർഷകർ, യുവാക്കൾ, പാവപ്പെട്ടവർ എന്നിവരുടെ ക്ഷേമത്തിന് ഊന്നൽനൽകുന്ന സേവനസ്വഭാവമുള്ള സർക്കാർ പദ്ധതികൾക്ക് അനുമതി നൽകുന്ന ഫയലിൽ പ്രധാനമന്ത്രി ഒപ്പുവെച്ചു.



## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 90.62 |
| യൂറോ | 107.52 |
| സ്റ്റെർലിംഗ്പൗണ്ട് | 123.73 |
| സ്വിസ് ഫ്രാങ്ക് | 117.86 |
| സിംഗപ്പൂർ ഡോളർ | 71.86 |
| കനേഡിയൻ ഡോളർ | 66.60 |
| ഒമാൻ റിയാൽ | 235.72 |
| ബഹ്റൈൻ ദിനാർ | 240.42 |
| സൗദി റിയാൽ | 24.17 |
| യു.എ.ഇ. ദിർഹം | 24.70 |
| കുവൈത്ത് ദിനാർ | 295.57 |

# മണിപ്പൂർ കലാപം: സുപ്രീംകോടതി റിപ്പോർട്ട് തേടി

ന്യൂഡൽഹി: മണിപ്പൂർ കലാപവുമായി ബന്ധപ്പെട്ട പതിനൊന്നു കേസുകളിലെ അന്വേഷണത്തെക്കുറിച്ചുള്ള തത്സ്ഥിതി റിപ്പോർട്ട് സമർപ്പിക്കാൻ സുപ്രീംകോടതി നിർദേശം. 2023-ൽ രജിസ്റ്റർചെയ്ത 11 കേസുകളിലെ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം സമർപ്പിക്കാനാണ് അന്വേഷണ ഏജൻസിയായ സിബിഐക്കു നിർദേശം നൽകിയിരിക്കുന്നത്.

കേസന്വേഷണത്തിന്റെ മേൽനോട്ടം മണിപ്പൂർ, ഗോഹട്ടി ഹൈക്കോടതികൾക്കു നിർവഹിക്കാൻ കഴിയുമെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്തും ജസ്റ്റിസ് ജോയ്മല്യ ബഗാച്ചിയും പറഞ്ഞു.

കലാപത്തിലെ ഇരകളുടെ ക്ഷേമം ലക്ഷ്യമിട്ട് ജസ്റ്റിസ് ഗീത മിത്തൽ കമ്മിറ്റി നിർദേശിച്ച ശിപാർശകൾ നടപ്പാക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകളോട് കോടതി ആവശ്യപ്പെടുകയും ചെയ്തു.



# കോൺഗ്രസ് നേതാക്കൾ പ്രേംകുമാറുമായി ചർച്ച നടത്തി

തിരുവനന്തപുരം: എൽഡിഎഫ് സർക്കാരിനെതിരെയും പാർട്ടി നേതൃത്വത്തിനെതിരെയും രൂക്ഷ വിമർശനം ഉന്നയിച്ച ചലച്ചിത്ര അക്കാദമി മുൻ ചെയർമാൻ പ്രേംകുമാറിനെ കോൺഗ്രസിലേക്ക് എത്തിക്കുന്നതിന് കോൺഗ്രസ് നേതാക്കൾ പ്രേംകുമാറുമായി ചർച്ച നടത്തി.

കോൺഗ്രസിൽ പ്രവേശിച്ചാൽ കഴക്കൂട്ടം മണ്ഡലത്തിൽനിന്നു നിയമസഭയിലേക്ക് മത്സരിക്കാൻ പ്രേംകുമാറിനെ പരിഗണിക്കാമെന്ന് ചർച്ചകൾ നടത്തിയെന്നാണ് ലഭിക്കുന്ന വിവരം. പ്രേംകുമാർ കഴക്കൂട്ടത്ത് മത്സരിക്കുമെന്ന അഭ്യൂഹങ്ങൾ പ്രചരിച്ചതിനെ തുടർന്ന് സിപിഎം നേതാവും എംഎൽഎയുമായ കടകംപള്ളി സുരേന്ദ്രൻ പ്രേംകുമാറിനെ കാണാൻ വീട്ടിലെത്തിയെങ്കിലും അദ്ദേഹം കാണാൻ കൂട്ടാക്കിയില്ലെന്നാണ് ലഭിക്കുന്ന വിവരം.

എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ ഉൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കൾ പ്രേംകുമാറുമായി സംസാരിച്ചിരുന്നു.

അദ്ദേഹം ഉടൻതന്നെ കോൺഗ്രസിൽ ചേരുമെന്നാണ് കോൺഗ്രസ് നേതാക്കൾ പ്രതീക്ഷിക്കുന്നത്.



കോൺഗ്രസ് കുടുംബമാണ് തന്റേതെന്നും വിദ്യാർത്ഥി രാഷ്ട്രീയത്തിൽ കെഎസ്‌യുവിൽ പ്രവർത്തിച്ചിരുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി. നാളെ എന്തു സംഭവിക്കുമെന്ന് ഇപ്പോൾ പറയാനാകില്ല. ദൈവനിശ്ചയം പോലെ കാര്യങ്ങൾ നടക്കുമെന്നും അതിനോടൊപ്പം താൻ നിലകൊള്ളുമെന്നും പ്രേംകുമാർ വ്യക്തമാക്കി. അതേസമയം കഴക്കൂട്ടത്ത് കോൺഗ്രസ് സ്ഥാനാർത്ഥിയാകാൻ പ്രവർത്തിച്ചുവന്നിരുന്ന ഡോ. എസ്.എസ്. ലാൽ, ജെ.എസ്. അഖിൽ എന്നിവരുടെ അവസരം പ്രേംകുമാർ കോൺഗ്രസിൽ എത്തുന്നതോടെ നഷ്ടമാകാൻ സാധ്യതയുണ്ട്.

ചലച്ചിത്ര അക്കാദമി ചെയർമാൻ സ്ഥാനത്ത് നിന്നു യാതൊരു മുന്നറിയിപ്പുമില്ലാതെ പ്രേംകുമാറിനെ മാറ്റിയതിൽ നിരാശയുണ്ടായിരുന്നു. ഇക്കാര്യത്തിലുള്ള തന്റെ അഭിപ്രായം പ്രേംകുമാർ പരസ്യമായി പ്രകടിപ്പിച്ചിരുന്നു.

കൂടാതെ സാഹിത്യകാരൻ സച്ചിദാനന്ദൻ സിപിഎമ്മിനെ രൂക്ഷമായി വിമർശിച്ചിട്ട് കൂടിയും അദ്ദേഹത്തെ പുറത്താക്കിയില്ലെന്നും തന്റെ കാര്യത്തിൽ മറിച്ചാണു സംഭവിച്ചതെന്നും പ്രേംകുമാർ അഭിപ്രായപ്പെട്ടിരുന്നു.

# കാലാവധി കഴിഞ്ഞ വാഹനങ്ങൾക്കെതിരെ നടപടിയുമായി ഡൽഹി സർക്കാർ

ന്യൂഡൽഹി: കാലാവധി കഴിഞ്ഞ വാഹനങ്ങൾക്കെതിരെ വീണ്ടും കർശന നടപടിയുമായി സർക്കാർ. പൊതുസ്ഥലങ്ങളിൽ പാർക്ക് ചെയ്തതും റോഡിൽ ഓടുന്നതുമായ കാലാവധി കഴിഞ്ഞ വാഹനങ്ങൾ മുൻകൂർ അറിയിപ്പ് കൂടാതെ പിടിച്ചെടുക്കുമെന്നു ഡൽഹി ഗതാഗത വകുപ്പ് അറിയിച്ചു. ദേശീയ തലസ്ഥാനത്ത് വായുമലിനീകരണ നിയന്ത്രണ മാനദണ്ഡങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമാണു നീക്കം.

10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഡീസൽ വാഹനങ്ങളും 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള പെട്രോൾ വാഹനങ്ങളും എൻഡ്-ഓഫ്-ലൈഫ് വാഹനങ്ങൾ (ഇഒവി) ആയി തരംതിരിച്ചിട്ടുണ്ട്. ബിഎസ്-III അല്ലെങ്കിൽ അതിലും കുറഞ്ഞ എമിഷൻ മാനദണ്ഡങ്ങളുമുള്ള വാഹനങ്ങളും ഇഒവി പരിധിയിൽ വരും.

ഡൽഹിയിലെ പൊതുസ്ഥലങ്ങളിൽ ഓടുന്ന ഇഒവി വാഹനങ്ങൾ നിയമപ്രകാരം മുൻകൂർ അറിയിപ്പ് കൂടാതെ പിടിച്ചെടുക്കുകയും പൊളിച്ചുമാറ്റുകയും ചെയ്യുമെന്നു ഗതാഗത വകുപ്പിന്റെ അറിയിപ്പിൽ പറയുന്നു. പഴയ വാഹനങ്ങളുടെ ഉടമകളോട് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) നേടാനും അവരുടെ വാഹനങ്ങൾ നഗരത്തിനു പുറത്തേക്കു മാറ്റാനും ഗതാഗത വകുപ്പ് അഭ്യർത്ഥിച്ചു. ഇഒവി വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനായി പ്രത്യേക സ്ക്വാഡുകളെ വിന്യസിക്കുമെന്നും അറിയിപ്പുണ്ട്.

# കൂടുതൽ സുരക്ഷാ ഫീച്ചറുള്ള നോട്ടുകൾ വരുന്നു

ന്യൂഡൽഹി: ഇന്ത്യയിൽ നിലവിൽ പ്രചാരത്തിലുള്ള 100, 500 നോട്ടുകളിൽ പ്രധാന സുരക്ഷാമാറ്റങ്ങൾ വരുത്താൻ റിസർവ് ബാങ്ക് തീരുമാനിച്ചു. 2026-ലെ കറൻസി അപ്ഡേറ്റിന്റെ ഭാഗമായാണ് ഈ നടപടി. എന്നാൽ, ഇത് 2016-ലേതു പോലുള്ള നോട്ട് നിരോധനമല്ലെന്നും നിലവിലുള്ള നോട്ടുകൾ അസാധുവാകില്ലെന്നും ആർബിഐ വ്യക്തമാക്കി. നോട്ടുകളുടെ രൂപകല്പനയിൽ മാറ്റമില്ലെങ്കിലും അവയുടെ സുരക്ഷയും ഈടുനില്പും വർദ്ധിപ്പിക്കുന്നതിനായുള്ള പരിഷ്കാരങ്ങളാണ് വരുത്തുന്നത്. നോട്ടുകളുടെ പ്രിന്റിംഗിൽ കൂടുതൽ വ്യക്തത ഉറപ്പാക്കും.

നോട്ടുകൾ കൈകാര്യം ചെയ്യുമ്പോൾ മഷി മങ്ങുന്നത് തടയാൻ കൂടുതൽ കടുപ്പമുള്ള മഷി ഉപയോഗിക്കും. വാട്ടർമാർക്കിന്റെ വ്യക്തത വർദ്ധിപ്പിക്കുകയും മൈക്രോ ലെറ്ററിംഗ് കൂടുതൽ ശക്തമാക്കുകയും ചെയ്യും. കാഴ്ചപരിമിതിയുള്ളവർക്കും മറ്റും നോട്ട് തിരിച്ചറിയാൻ സഹായിക്കുന്ന ടാക്റ്റൈൽ മാർക്കുകൾ കൂടുതൽ വ്യക്തമാക്കും. ദൈനംദിന ഇടപാടുകളിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന നോട്ടുകളാണ് നൂറും അഞ്ഞൂറും.

കൂടാതെ കള്ളനോട്ടുകൾ നിർമ്മിക്കുന്നത് തടയാൻ ആധുനിക സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്നും ആർബിഐ ചൂണ്ടിക്കാട്ടുന്നു. പൊതുജനങ്ങൾ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് ആർബിഐ അറിയിച്ചു. നിലവിൽ കൈവശമുള്ള 100, 500 രൂപ നോട്ടുകൾ നിയമപരമായി സാധുതയുള്ളതാണ്. അവ തുടർന്നും ഉപയോഗിക്കാം. പഴയ നോട്ടുകൾ ബാങ്കുകളിൽ നല്കി മാറ്റേണ്ട ആവശ്യമില്ല. പുതിയ സുരക്ഷാ ഫീച്ചറുകളുള്ള നോട്ടുകൾ ബാങ്കുകൾ വഴിയും എടിഎമ്മുകൾ വഴിയും ഘട്ടം ഘട്ടമായി മാത്രമേ വിപണിയിലെത്തുകയുള്ളൂ.

# 10,000 കോടിയുടെ സ്റ്റാർട്ടപ് ഫണ്ടിന് കേന്ദ്രാനുമതി

ന്യൂഡൽഹി: സ്റ്റാർട്ടപ് ഇന്ത്യാ ഇനിഷ്യേറ്റീവിന് കീഴിലുള്ള ഫണ്ട് ഓഫ് ഫണ്ട്സ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് 10,000 കോടി രൂപ അനുവദിച്ച് കേന്ദ്ര മന്ത്രിസഭായോഗം.

സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ ഒന്നാംഘട്ട പദ്ധതി 2016-ലാണ് തുടങ്ങിയത്. അതിനെ കൂടുതൽ വിശാലമാക്കുകയാണ് രണ്ടാം ഘട്ടത്തിലെ ലക്ഷ്യം. ഇതും കഴിഞ്ഞ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചതാണ്.

2016-ൽ സ്റ്റാർട്ടപ് ഇന്ത്യാ പദ്ധതി ആരംഭിച്ചശേഷം സർക്കാർ അംഗീകൃത സ്റ്റാർട്ടപ്പുകളുടെ എണ്ണം അഞ്ഞൂറിൽ നിന്ന് രണ്ടു ലക്ഷമായി ഉയർന്നിരുന്നു. 2025-ൽ 49,400 പുതിയ സ്റ്റാർട്ടപ്പുകൾക്ക് അംഗീകാരമായി.

# ആദ്യ ബലാത്സംഗ കേസ്: രാഹുലിനെ ചോദ്യംചെയ്തു

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിലിനെതിരായ ആദ്യ ബലാത്സംഗ കേസിൽ രാഹുലിനെ ചോദ്യംചെയ്തു. പ്രത്യേക അന്വേഷണ സംഘ മേധാവി എഐജി പൂങ്കുഴലിയുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം പേരൂർക്കട പോലീസ് ക്ലബിലാണ് ചോദ്യംചെയ്യൽ നടത്തിയത്.

രാഹുലിന് കോടതി മുൻകൂർ ജാമ്യം അനുവദിച്ചിരുന്നു. ചോദ്യംചെയ്യലിനു ഹാജരാകണമെന്ന് കോടതി ഉത്തരവിട്ടിരുന്നു. രാഹുലിന്റെ അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം ജാമ്യത്തിൽ വിട്ടയയ്ക്കും.

# കേരളം ആദരിച്ച കർഷക അവാർഡ് ജേതാവ് ജീവനൊടുക്കി

ചെറുപുഴ: അഞ്ചു വർഷം മുമ്പ് സംസ്ഥാന ഹോർട്ടികോർപ്പിന്റെ ഹൈബ്രിഡ് കൃഷിക്കുള്ള പുരസ്കാരം മുഖ്യമന്ത്രിയിൽനിന്ന് ഏറ്റുവാങ്ങിയ പച്ചക്കറി കർഷകൻ ജീവനൊടുക്കി.

ചെറുപുഴ പഞ്ചായത്തിലെ ഏറ്റവും മികച്ച കർഷകനായിരുന്ന ഇടവരമ്പിലെ അമ്പാട്ട് ഏലിയാസാണ് (62) മരിച്ചത്. സാമ്പത്തിക പ്രതിസന്ധിയാണ് ആത്മഹത്യക്ക് കാരണമെന്നാണ് കരുതുന്നത്. നാലു ദിവസം മുമ്പ് വിഷം അകത്തുചെന്ന് അവശനിലയിൽ കൃഷിയിടത്തിൽ കണ്ടെത്തിയ ഏലിയാസ്, കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ആത്മഹത്യക്ക് ശ്രമിച്ച ഏലിയാസിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതിനു പിന്നാലെ പച്ചക്കറി കൃഷിക്കുള്ള സർക്കാർ സബ്സിഡി തുക 1,12,000 രൂപ അനുവദിക്കാനുള്ള തീരുമാനമായി. ഈ തുക നേരത്തേ അനുവദിച്ചിരുന്നെങ്കിൽ ഏലിയാസ് ഒരുപക്ഷേ ആത്മഹത്യ ചെയ്യില്ലായിരുന്നുവെന്നു ബന്ധുക്കൾ പറഞ്ഞു.

പതിറ്റാണ്ടുകളായി വ്യവസായ അടിസ്ഥാനത്തിൽ പച്ചക്കറി ഉത്പാദിപ്പിച്ചുപോന്ന കർഷകനാണ്. കാർഷിക മേഖലയിലെ വെല്ലുവിളികളും സാമ്പത്തിക പ്രതിസന്ധികളും കാരണം മനോവിഷമത്തിലായിരുന്നുവെന്ന് നാട്ടുകാരനും ഏലിയാസിന് കൃഷിചെയ്യാൻ പാട്ടവ്യവസ്ഥയിൽ ഭൂമി നൽകുകയും ചെയ്ത കല്ലറയ്ക്കൽ ജേക്കബ് പറഞ്ഞു. ബാങ്കുകളിൽനിന്നും വ്യക്തികളിൽനിന്നും കാർഷികാവശ്യത്തിനായി



പണം കടം വാങ്ങിയിരുന്നു. എന്നാൽ, തിരിച്ചടവ് മുടങ്ങിയത് ഏലിയാസിനെ കടുത്ത വിഷമത്തിലാക്കിയിരുന്നു.

മുൻകാലങ്ങളിലുള്ള നഷ്ടം പരിഹരിക്കാൻ പ്രതീക്ഷകളോടെ കൂടുതൽ സ്ഥലത്ത് പണമിറക്കി കൃഷി ചെയ്തെങ്കിലും പല കാരണങ്ങൾകൊണ്ടും കൃഷി ലാഭകരമല്ലാതായി കടംകുമിഞ്ഞുകൂടുകയായിരുന്നു.

വർഷങ്ങളായി വിവിധയിടങ്ങളിൽ ഭൂമി പാട്ടത്തിനെടുത്താണ് ഏലിയാസ് പച്ചക്കറി കൃഷി നടത്തിയിരുന്നത്. സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും പ്രാദേശിക തലത്തിലുമായി നിരവധി അവാർഡുകൾ നേടിയ ഏലിയാസ് ഇപ്പോൾ മുനയംകുന്നിൽ വാഴത്തോട്ടവും പച്ചക്കറി കൃഷിയും ചെയ്തു വരികയായിരുന്നു. വിളവെടുക്കാറായ ആയിരക്കണക്കിന് വാഴക്കുലകൾ തോട്ടത്തിലുണ്ട്. നേന്ത്രക്കായയുടെ വില ഇപ്പോൾ കുത്തനെ ഇടിഞ്ഞതും ഏലിയാസിന്റെ പ്രതീക്ഷകൾക്ക് മങ്ങലേൽപിച്ചു.

മൂന്നു പതിറ്റാണ്ടായി ചെറുപുഴ പഞ്ചായത്തിലും ഈസ്റ്റ് എളേരി പഞ്ചായത്തിലുമായി തരിശിട്ട കൃഷിയിടങ്ങൾ അന്വേഷിച്ച് കണ്ടെത്തിയാണ് വാഴയും പച്ചക്കറികളും കൃഷി ചെയ്തിരുന്നത്. ചെറുപുഴ, പയ്യന്നൂർ, കണ്ണൂർ മാർക്കറ്റുകളിൽ നാടൻ ഉത്പന്നങ്ങളെത്തിക്കുന്ന പ്രമുഖ കർഷകനായിരുന്നു.

ഭാര്യ: ലൈസമ്മ. മക്കൾ: റോബിൻ, റോഷ്ന. മരുമകൻ: ലിജേഷ്.

## ഒരു കോടീശ്വരന്റെ ദാരുണാന്ത്യം

(22-ാം പേജിൽനിന്നും)

മറ്റൊരു സംഭവമാണല്ലോ ദീപക് എന്ന പേരായ ഒരു 41 വയസ്സുകാരൻ തന്റെ ബസ്സുയാത്രയിൽ ഏതോ ഒരു സ്ത്രീ കാട്ടികൂട്ടിയ വികൃതത്തിന്റെ ഫലമായി ആത്മഹത്യ ചെയ്ത് സാധുക്കളായ കുടുംബത്തിലെ മാതാപിതാക്കളുടെ ഏകമകൻ കുടുംബത്തെ സംരക്ഷിക്കുന്ന ഏക വ്യക്തി ഏതോ ഒരു സ്ത്രീയെ തന്റെ ബസ് യാത്രയിൽ ലൈംഗിക പീഡനം ചെയ്തു എന്ന വ്യാജ വാർത്ത പരസ്യം ചെയ്തതിന്റെ ഫലമായി നിരപരാധിയായ ആ യുവാവ് തന്റെ ആത്മാഭിമാനത്തിനു ക്ഷതം വരുത്തി എന്ന കാരണത്താൽ സ്വയം ജീവനൊടുക്കിയ കഥയുടെ ചൂട് ആറുന്നതിന് മുൻപാണ് ഈ കോടീശ്വരനായ മനുഷ്യ സ്നേഹിയായ 'നമ്മുടെ വൃക്ഷം' എന്നു വിശേഷിപ്പിക്കാവുന്ന നല്ലമനുഷ്യനായ സി.ജെ റോയ്. എന്നാ മാന്യൻ സ്വയം ജീവനൊടുക്കി. കടും കൈ പ്രവർത്തിച്ചത്. ഇങ്ങനെയുള്ള ആത്മഹത്യകൾ നമ്മുടെ രാജ്യത്ത് ക്രമാതീതമായി വർദ്ധിച്ചു വരികയാണല്ലൊ? കാരണങ്ങൾ പലതാവാം ദുരൂഹതകൾ നിരവധി ഉണ്ടായെന്നു വരാം. എന്നിരുന്നാലും കൊലപാതകത്തിനു സമാനമായ 'സ്വയംഹത്യ'യ്ക്ക് ഒരു നിയന്ത്രണം അത്യാവശ്യം തന്നെ. ദൈവത്തിനു വിരോധമായി ചെയ്യുന്ന പ്രവർത്തികളെക്കുറിച്ചുള്ള ഒരു ബോധവത്കരണത്തിന് പ്രോത്സാഹനം നൽകാൻ സഹൃദയരായ ഉപദേഷ്ടാക്കന്മാർ മുൻ കൈ എടുക്കുന്നില്ല എങ്കിൽ നമ്മുടെയൊക്കെ കൺമുമ്പാകെ സ്വന്തം ഭവനങ്ങളിൽ ഇങ്ങനെയുള്ള ദുഃഖസംഭവങ്ങൾ ഉണ്ടാകുവാനുള്ള സാദ്ധ്യതകൾ ധാരാളമുണ്ടാകും എന്നോർക്കുക. അതിനിടവരാതിരിക്കട്ടെ എന്ന ആത്മാർത്ഥമായ പ്രാർത്ഥനയോടെ തല്കാലം നിർത്തട്ടെ.

ഇതുവായിക്കുന്ന പ്രിയവായനക്കാർ ദൈവം ദാനമായി നൽകിയിട്ടുള്ള ജീവനെ ജീവിതത്തെ അതിന്റെ ഉടയവനായ ഈശ്വരൻ എടുക്കുന്നതുവരെ അതിനെ പോറ്റിപ്പുലർത്തികാത്തുസൂക്ഷിക്കുക. ആത്മഹത്യ കൊലപാതകമാകുന്നു. ദൈവം ക്ഷമിക്കയില്ല ശിക്ഷാർഹമായ കൊലപാതകമെന്ന ആത്മഹത്യക്ക് ഒരിക്കലും ഇടയാകരുതെന്ന് ആത്മാർത്ഥമായി ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. തമ്പുരാൻ തന്ന ജീവൻ തമ്പുരാനു മാത്രം സമർപ്പിച്ചു ഒരു നല്ല ജീവിതം നയിക്കുക അതിനായി നമ്മെ സഹായിക്കട്ടെ. ഒരിക്കലും ആത്മഹത്യക്ക് ഒരുങ്ങരുതേ എന്ന് അപേക്ഷിക്കുന്നു.

# SEEKING BRIDEGROOM

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/ 13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

# SEEKING BRIDE

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:
**inhistime2025@yahoo.com.**

## SEEKING BRIDEGROOM CONTD.....

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

**Visit Our Website: www.keralaexpress.com for Matrimonial**

KERALA EXPRESS

# നിര്യാതരായി

## എൻ.യു. ജോസഫ്

**മീനച്ചിൽ:** പാലക്കാട് നടുവത്താനിയിൽ എൻ.യു. ജോസഫ് (കുഞ്ഞേപ്പ്-81) അന്തരിച്ചു. ഭാര്യ: മീനച്ചിൽ നന്ദികാട്ട് കണ്ടത്തിൽ പെണ്ണമ്മ. മക്കൾ: റെനു (അബുദാബി), അനു (യുഎസ്), മനു, പരേതനായ ഷിനു, ജിനു. മരുമക്കൾ: സുനിൽ പി. ഏബ്രഹാം, പടിഞ്ഞാറേപറമ്പിൽ (വാകത്താനം), ഡോ. ബ്രഹം ജിത്ത് രാഘവ് (യുഎസ്), റോബിൻ ജോർജ് പള്ളിയാലിൽ (ഇഞ്ചിയാനി), അനുമോൾ (ചെമ്മരപ്പള്ളിൽ) ചേറ്റുതോട്.

**കോട്ടയം:** ത്രിവേണി മെഡിക്കൽസ് ഉടമ ത്രിവേണിയിൽ ടി.ജി. ബാലകൃഷ്ണൻ നായർ (85) അന്തരിച്ചു.

## മേരിക്കുട്ടി ആന്റണി

**പൂഞ്ഞാർ:** ചേന്നാട് സെന്റ് മരിയ ഗൊരേത്തി ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക പനച്ചികപ്പാറ മണിയങ്ങാട്ട് മേരിക്കുട്ടി (83) അന്തരിച്ചു. ഇടപ്പാടി മച്ചിയാനിയ്ക്കൽ കുടുംബാംഗമാണ്. ഭർത്താവ്: ടി.ജെ. ആന്റണി (റിട്ട. പ്രഫ. സെന്റ് ജോർജ് കോളജ് അരുവിത്തുറ), മക്കൾ: ഗീത, ബിനോയി (യുഎസ്). മരുമക്കൾ: ഷീബ ആറ്റുപുറത്ത് കുണിഞ്ഞി.

**മല്ലപ്പള്ളി:** ആരോഗ്യവകുപ്പ് (അരുണാചൽ പ്രദേശ്) റിട്ട. ഉദ്യോഗസ്ഥൻ വളൻഞ്ചേരിയിൽ വി.ജെ. ജോൺ (കൊച്ചുകുഞ്ഞ്-83) അന്തരിച്ചു.

**എസ്.എച്ച്. മൗണ്ട്:** ജില്ലാ കോടതി മുൻ ജീവനക്കാരൻ കിഴക്കേ മണലേൽ കുര്യാക്കോസ് (കുട്ടച്ചൻ-81) അന്തരിച്ചു.

**ഏറ്റുമാനൂർ:** കാട്ടാത്തിമാലിയേൽപ്പടി കള്ളുകാട്ടിൽ വീട്ടിൽ എം.ഡി. മത്തായി (83) അന്തരിച്ചു.

## സിസിലിയാമ്മ ലൂയിസ്കുട്ടി

**ഇളമ്പൽ:** ചെറിയകുളത്തിൽ സിസിലിയാമ്മ ലൂയിസ്കുട്ടി (കുഞ്ഞുമോൾ-78) അന്തരിച്ചു. ഭർത്താവ്: വേദ അദ്ധ്യാപകനും എഴുത്തുകാരനും പ്രഭാഷകനും ന്യൂ ഇന്ത്യ ബൈബിൾ സെമിനാരി മുൻ പ്രിൻസിപ്പലുമായിരുന്ന സി.ടി. ലൂയിസ്കുട്ടി. മക്കൾ: ടോം, സാറാ, ജോർജ് (മൂവരും യുഎസ്).

## സാറാമ്മ പൗലോസ്

**പെരുമ്പാവൂർ:** ചുണ്ടക്കുഴി തട്ടാംപുറത്തു സാറാമ്മ പൗലോസ് (88)അന്തരിച്ചു. പോത്താനിക്കാട് കുഴിക്കാട്ടിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ ടി.എസ്. പൗലോസ്. മക്കൾ: സാം പോൾ (ന്യൂജേഴ്സി), റൂബി (ന്യൂജേഴ്സി), റോജേഴ്സ് പോൾ (അറ്റ്ലാന്റ), റോബി (ടൊറന്റോ). മരുമക്കൾ: ഷേർലി, പ്രസാദ് തോമസ്,ഗ്ലാഡിസ്, ജി. ഈപ്പൻ.

## പി.എസ്. സാമുവൽ

**കൊച്ചി:** റാന്നി പഴയാറ്റ് എബനേസർ വില്ലയിൽ പി.എസ്. സാമുവൽ (92) അന്തരിച്ചു.ഭാര്യ റാന്നി മുഴിക്കൽ വാലേൽ പരേതയായ ഡെയ്സി. മക്കൾ: ലത, ജോയ്സ്, പ്രിറ്റി, പെട്രാ. മരുമക്കൾ: ഡോ. ഏബ്രഹാം പി. ജോർജ് പട്ടരുമഠത്തിൽ (ലൂർദ് ആശുപത്രി), ഡായി ജേക്കബ് പുത്തൻപുരയ്ക്കൽ (യുഎസ്), സാം കുരുവിള കുന്നിരിക്കൽ മനയ്ക്കൽ (യുഎസ്), മാത്യു തോമസ് കടുതോടിൽ.

**മാന്നാർ:** പാവുക്കര വിളനിലത്തിൽ ശോശാമ്മ ജോൺ (കുഞ്ഞമ്മ-98) അന്തരിച്ചു.

**കടനാട്:** വാളികുളത്ത് (നടവിലേക്കുറ്റ്) ഈനാസ് മാണി (കൊച്ച്-94) അന്തരിച്ചു.

## ജെയിംസ് കാനാച്ചേരി അന്തരിച്ചു



ന്യൂയോർക്ക്: റോക്ക് ലാൻഡിൽ സീറോ മലബാർ ചർച്ച് ആരാധനക്ക് പതിറ്റാണ്ടുകളായി നേതൃത്വം നൽകുന്ന അത്മായ പ്രമുഖനും ആഴത്തിലുള്ള വിശ്വാസജീവിതത്താൽ ഉത്തമമാതൃകയുമായിരുന്ന ചാക്കോ ജെയിംസ് കാനാച്ചേരി (74) അന്തരിച്ചു. പുളിങ്കുന്ന് സ്വദേശിയാണ്. റോക്ക്ലാൻഡ് സൈക്യാട്രിക്ക് സെന്ററിൽ ഉദ്യോഗസ്ഥനായാണ് വിരമിച്ചത്. ഭാര്യ: ആനിയമ്മ ജെയിംസ്, കൊച്ചി മഞ്ഞുമ്മൽ വെട്ടുതോട്ടുങ്കൽ കുടുംബാംഗമാണ്. മക്കൾ: ചാക്കോ ജമി ജെയിംസ്, തോമസ് ജെയിംസ്, ജോസഫ് ജെയിംസ്. മരുമകൾ: മിന്റു ജെയിംസ്. കൊച്ചുമക്കൾ: ഏവ ആനി ജെയിംസ്, അഡലയ്ൻ സോഫിയ ജെയിംസ്.

സഹോദങ്ങൾ: റോസമ്മ ജോസഫ്, ലീലാമ്മ തോമസ്, പരേതനായ ടോമി പി. ചാക്കോ, ചാക്കോ ജോസഫ്, സണ്ണി ജേക്കബ്-ടെക്സസ്.

പൊതുദർശനം: ഫെബ്രുവരി 16 തിങ്കളാഴ്ച ഉച്ചയ്ക്ക് 2.00 മുതൽ 5.30 വരെ ഹോളി ഫാമിലി സീറോ-മലബാർ കാത്തലിക് പള്ളിയിൽ (5 Willow Tree Rd, Monsey, NY 10952)

സംസ്കാര ശുശ്രൂഷ: ഫെബ്രുവരി 17 ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് ഹോളി ഫാമിലി സീറോ-മലബാർ കാത്തലിക് പള്ളിയിൽ. തുടർന്ന് സംസ്കാരം എയർമോണ്ടിലെ അസൻഷൻ സെമിത്തേരിയിൽ (650 സാഡിൽ റിവർ റോഡ്, എയർമോണ്ട്, ന്യൂയോർക്ക് 10952)

## ഏബ്രഹാം തോമസ്

**മീനടം:** കയ്യാലാത്ത് ഏബ്രഹാം തോമസ് (ജോർജ്-92) അന്തരിച്ചു. ഭാര്യ: മീനടം മുണ്ടിയാക്കൽ പരേതനായ അക്കാമ്മ തോമസ്. മക്കൾ: ഓമന, ലിസി, സൂസൻ, മോൻസി, ഷാജി (എല്ലാവരും യുഎസ്). മരുമക്കൾ: അച്ചൻകുഞ്ഞ് ഒലശേരിൽ പുറമറ്റം, ജോർജ് അമ്പാട്ട് പാലാ, കുര്യൻ പോളച്ചിറയ്ക്കൽ തിരുവല്ല, റെനി ബാംഗ്ലൂർ, അനിജ ആലഞ്ചേരിൽ നിരണം (എല്ലാവരും യുഎസ്).

**കുണ്ടറ:** മലങ്കര ഓർത്തഡോക്സ് സഭയിലെ സീനിയർ വൈദികൻ കുണ്ടറ എംജിഡി സ്കൂളിന് സമീപം പ്ലാവിള പെനിയേലിൽ റിട്ട. ഹെഡ്മാസ്റ്റർ ഫാ. എസ്. ഐസക് (85) അന്തരിച്ചു.

## ജോൺസൺ തോമസ് ചെക്കാട്ട്



**ഡാളസ്:** തടിയൂർ ചെക്കാട്ട് ജോൺസൺ തോമസ് (ചെക്കാട്ട് സാംകുട്ടി) ഡാളസിൽ അന്തരിച്ചു. 1980-കളിൽ കായികരംഗത്ത് ശ്രദ്ധേയനായിരുന്ന പരേതൻ തടിയൂർ റൈഡേഴ്സ് ക്ലബ് ഫുട്ബോൾ ടീം മാനേജരായിരുന്നു. അമേരിക്കയിലെത്തി ഡാളസ് വിക്ടറി എജിയിലെയും ഐപിസി റ്റാബെർനാക്കിലെയും സജീവ അംഗമായിരുന്നു. കൊട്ടാരക്കര കാര്യാട്ട് റോസമ്മയാണ് ഭാര്യ. മക്കൾ: ഷാംലി (ബെംഗ്ളൂർ), ഷെറിൻ (ഡാളസ്), ഷൈനി (ഡാളസ്). മരുമക്കൾ: പാസ്റ്റർ ബിനു (ബെംഗ്ളൂർ), ലെസ്ലി (ഡാളസ്), ജേക്കബ് (ഡാളസ്). സഹോദരങ്ങൾ: മേഴ്സി-സ്റ്റീഫൻ, ജോയ്സ്-ജോൺസൺ (എല്ലാവരും ഹൂസ്റ്റൺ).


**കോഴിക്കോട്:** സിഎംഐ കോഴിക്കോട് സെന്റ് തോമസ് പ്രവിശ്യാംഗം ഫാ. ജോൺ ഫ്രാൻസിസ് തോണിപ്പാറ (91) അന്തരിച്ചു.

## അന്നമ്മ വർഗീസ്

**കുളിക്കാംപാലം:** പാറപ്പുറത്ത് അന്നമ്മ വർഗീസ് (90) അന്തരിച്ചു. ഭർത്താവ് പരേതനായ പി.വി. വർഗീസ്. മക്കൾ: ആലീസ് അലക്സ് (യുഎസ്), ഷേർലി ഈപ്പൻ. മരുമക്കൾ: താഴുവേലിക്കാട്ടിൽ ഷാജി അലക്സ് (യുഎസ്), പരേതനായ പള്ളിക്കാപറമ്പിൽ ഈപ്പൻ ജേക്കബ് (വാകത്താനം).

**എഴുമറ്റൂർ:** വെള്ളേംപള്ളിൽ നീത വിൽസൻ (48) അന്തരിച്ചു.

## ഏബ്രഹാം ജോസഫ് അത്തിക്കൽ



**കരിമണ്ണൂർ:** അത്തിക്കൽ ഏബ്രഹാം ജോസഫ് (88) അന്തരിച്ചു. ഭാര്യ മേരി ഏബ്രഹാം കോലത്ത് കുടുംബാംഗമാണ്. മക്കൾ: പരേതനായ ജോസൻ, ഡീന, ട്രീസാ, സ്റ്റെല്ല, സിസ്സി (മൂവരും ന്യൂയോർക്ക്). മരുമക്കൾ: ഡാലി, ബേബി, ജോസ്, ജോർജ്, ജിയോ.

**നെടുമ്പാശേരി:** പ്രമുഖ പരിസ്ഥിതി പ്രവർത്തകനും രാഷ്ട്രീയ ജനതാദൾ ദേശീയ സമിതി അംഗവുമായിരുന്ന ജയ്സൺ പാനികുളങ്ങര (66)അന്തരിച്ചു.

## എൻ.സി. ചാക്കോ

**കൊച്ചി:** മുണ്ടക്കയം സിഎംഎസ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ വാഴൂർ നെടുമാംകുന്നേൽ എൻസി. ചാക്കോ (കുഞ്ഞുമോൻ-85) അന്തരിച്ചു. ഭാര്യ പാമ്പാടി നടുപ്പറമ്പിൽ ഇ.സി. ദീനാമ്മ (റിട്ട. ഹെഡ്മിസ്ട്രസ് ഗവ. യുപിഎസ് (മതമ്പ). മക്കൾ: ജയ്സൺ (യുഎസ്), അഡ്വ. ജിജോ (മുത്തൂറ്റ് ഫിനാൻസ്), ജൂലി (ഫിനാൻസ് മാനേജർ ജിയോ മെഷീൻസ്.) മരുമക്കൾ: ധന്യ പൈനുങ്കൽ മണർകാട് (യുഎസ്), സിജോ പുതുപ്പറമ്പിൽ ഈരാറ്റുപേട്ട, ബിജി ടോം പുത്തൻവീട്ടിൽ മുണ്ടക്കയം.

## മറിയാമ്മ വർഗീസ്

**മുണ്ടക്കയം:** സിഎംഎസ് എൽപിഎസ് റിട്ട. അദ്ധ്യാപിക നീറംപ്ലാക്കൽ മറിയാമ്മ വർഗീസ് (കുഞ്ഞമ്മ-90) ന്യൂയോർക്കിൽ അന്തരിച്ചു. പുല്ലാട് പ്ലാന്തോട്ടത്തിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എൻ.ടി. വർഗീസ്. മക്കൾ: ഡെയ്സി, കുഞ്ഞുമോൾ, സാംകുട്ടി, സന്തോഷ്, സാജൻ (എല്ലാവരും ന്യൂയോർക്ക്). മരുമക്കൾ: ഫിലിപ്പ് ചെറിയാൻ വാഴുവേലിൽ (ഇരവിപേരൂർ), ജോൺ സ്കറിയ തോണ്ടുതറ (കോഴഞ്ചേരി), ലൈല വെട്ടച്ചേരിൽ പുത്തൻപുരയിൽ (കീഴ്വായ്പൂര്), മിനില ഐക്കരമേപ്രത്ത് ചേന്നംകുഴിയിൽ (കീഴ്വായ്പൂര്), സ്മത മലയിൽ (പുന്നവേലി).

**തൃശൂർ:** സുപ്രീംകോടതിയിലെ മുതിർന്ന അഭിഭാഷകൻ തൃശൂർ അയ്യന്തോൾ ചിറയത്ത് വീട്ടിൽ സി.വി. ഫ്രാൻസിസ് (90) ഡൽഹിയിൽ അന്തരിച്ചു.

**നിലമ്പൂർ:** എളമ്പിലക്കോട് വടക്കേപ്പറമ്പിൽ വി.സി. തോമസ് (75) അന്തരിച്ചു.

## ഡോ. മേരി വർക്കി

**കാനഡ:** വെല്ലൂർ മെഡിക്കൽ കോളജിലെ മുൻ ഡോക്ടർ കോട്ടയം ചുങ്കം പ്ലാമ്മൂട്ടിൽ ഡോ. മേരി വർക്കി (ലീല-92) അന്തരിച്ചു. ഭർത്താവ്: പരേതനായ ഡോ. ജോർജ് പി. വർക്കി (വെല്ലൂർ മെഡിക്കൽ കോളജ്), മക്കൾ: രേണു, ജോ. മരുമകൻ: മാർക്.

**തുമ്പമൺ നോർത്ത്:** പന്തളം ഗവ.യു.പി.എസ് റിട്ട. അദ്ധ്യാപിക വാളാക്കോട്ട് വടക്കേതിൽ ഏലിക്കുട്ടി ചാക്കോ (ഗ്രേസിക്കുട്ടി-90) അന്തരിച്ചു.

**തിരുവല്ല:** കുറ്റപ്പുഴ പാലകുന്നത്ത് ചാങ്ങയിൽ ഡോ.പി.കെ. ബെഞ്ചമിന്റെ മകൻ ഡോ. സുരേഷ് ജോർജ് ബെഞ്ചമിൻ (55) അന്തരിച്ചു.

## ഏലിയാമ്മ ഏബ്രഹാം

**കുറ്റൂർ:** ഇടപ്പറമ്പിൽ (വെച്ചൂച്ചിറ) ഏലിയാമ്മ ഏബ്രഹാം (ആലീസ്-83) അന്തരിച്ചു. ഭർത്താവ്: പരേതനായ അവറാച്ചൻ. മക്കൾ: ചാക്കോച്ചൻ (ഇറ്റലി), ജെസി (ഇറ്റലി), സജി (യു.എസ്). മരുമക്കൾ: റാന്നി തുണ്ടിപറമ്പിൽ ബീന, തുരുത്തിക്കാട് പുത്തൻപറമ്പിൽ ഷീബ, പരേതനായ തുരുത്തിക്കാട് വല്ലക്കത്തു മണ്ണിൽ ബാബു.

## മാക്കിൽ കീച്ചേരിൽ അന്നമ്മ



**മാഞ്ഞൂർ സൗത്ത്:** മാക്കിൽ കീച്ചേരിൽ പരേതനായ എം.ഐ. ജോസഫിന്റെ ഭാര്യ അന്നമ്മ (92) അന്തരിച്ചു. പരേത നീറിക്കാട് കളപ്പുരക്കൽ കുടുംബാംഗമാണ്. മക്കൾ: സണ്ണി (യുകെ), ഡയ്സി മാധവപ്പള്ളിൽ (വിയന്ന), ഷേർലി ചിറപ്പുറത്ത് (സ്വിറ്റ്സർലൻഡ്). മരുമക്കൾ: എത്സമ്മ സണ്ണി കൊട്ടാരത്തിൽ വെളിയന്നൂർ, ആന്റണി മാധവപ്പള്ളിൽ കല്ലറ, ജെയിംസ് ചിറപ്പുറത്ത് മറ്റക്കര.

**മൂവാറ്റുപുഴ:** റിട്ട. അദ്ധ്യാപികയും എഫ്സിസി നിർമല നിവാസ് ഭവനാംഗവുമായ സിസ്റ്റർ മരിയ കുന്നക്കാട്ട് (89) അന്തരിച്ചു.

**കോതമംഗലം:** കൊച്ചി ഐബിഎം കംപ്യൂട്ടേഴ്സ് ഉദ്യോഗസ്ഥൻ കുത്തുകുഴി പാറേക്കുടിയിൽ ഷോബി പോൾ (45) അന്തരിച്ചു.

**ഇടപ്പള്ളി:** നേവി മുൻ ഉദ്യോഗസ്ഥനും സെൻട്രൽ എക്സൈസ് റിട്ട. കമ്യൂണിക്കേഷൻ സൂപ്രണ്ടുമായ മദർ തെരേസ റോഡ് മുണ്ടോട്ടിക്കൽ എം.ജെ. തോമസ് (78) അന്തരിച്ചു.

## ഡോ. ജോർജ് തരകൻ

**കൊച്ചി:** ലോകബാങ്ക് റിട്ട. ലീഡ് ട്രാൻസ്പോർട്ടേഷൻ സ്പെഷലിസ്റ്റ് കോലഞ്ചേരി മഴുവന്നൂർ മാടപ്പറമ്പിൽ ഡോ. ജോർജ് തരകൻ (മോനി-75) വെർജീനിയയിൽ അന്തരിച്ചു. ഭാര്യ ഡോ. സോമ തരകൻ. മക്കൾ: ഡോ. രവി തരകൻ, ഡോ. രാജ് തരകൻ, ഡോ. അനുജ് തരകൻ. മരുമക്കൾ: സെറീന, അലിസൺ, എക്ത.

## ടി. സാമുവൽ

**കല്ലിശേരി:** കെ.എസ്.ഇ.ബി റിട്ട. എൻജിനീയർ ഒറ്റയിൽ മലയിൽ ടി. സാമുവൽ (തങ്കച്ചൻ-85) അന്തരിച്ചു. ഭാര്യ: പോത്താനിക്കാട് പടിഞ്ഞാറ്റിൽ പുത്തൻപുരയിൽ സാറാമ്മ സാമുവൽ. മക്കൾ: ആഡ്ലി സാം (യുഎസ്), ബ്രാഡ്ലി സാം. മരുമക്കൾ: ചിങ്ങവനം അമ്പാട്ട് സ്നേഹ (യുഎസ്), റാന്നി മുല്ലശേരിൽ സുനിത.

## തങ്കമ്മ ഏബ്രഹാം

**കുറിച്ചി:** ക്നാനായ സമുദായം റാന്നി മേഖലാ മെത്രാപ്പോലീത്ത കുര്യാക്കോസ് മാർ ഈവാനിയോസിന്റെ അമ്മ കോലത്ത് തങ്കമ്മ ഏബ്രഹാം (98) അന്തരിച്ചു. വെളിയനാട് വലിയപറമ്പിലായ പരുവപറമ്പിൽ കുടുംബാംഗവും കോലത്ത് ഗീവർഗീസ് കോർ എപ്പിസ്കോപ്പയുടെ മരുമകളുമാണ്. ഭർത്താവ് പരേതനായ കെ.ജി. ഏബ്രഹാം. മക്കൾ: മോഹൻ (കോലത്ത് ഹോളോ ബ്രിക്സ് നീലംപേരൂർ), മജു (യുഎസ്), മനോ, മഞ്ജു. മരുമക്കൾ: കോട്ടയം പുതിയമഠം മാത്യു ജേക്കബ് (ചാർട്ടേഡ് അക്കൗണ്ടന്റ്-മുൻ എംഡി ഓയിൽപാം ഇന്ത്യ), കല്ലിശ്ശേരി താമരപ്പള്ളി ജോജോ സഖറിയ, കല്ലിശ്ശേരി താമരപ്പള്ളി ഡിക്സി, റാന്നി കാവുങ്കൽ വൽസല.

**അടൂർ:** നഗരസഭ മുൻ ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷനും സിപിഐ ജില്ലാ കമ്മിറ്റി അംഗവുമായിരുന്ന പന്നിവിഴ നെടുനാഗപ്പള്ളിയിൽ എൻ.ഡി. രാധാകൃഷ്ണൻ (എൻഡിആർ-63) അന്തരിച്ചു.

## കെ. ശശികുമാർ

**ചങ്ങനാശേരി:** മുംബൈ എംടിഎൻഎൽ റിട്ട. ഡിവിഷനൽ എൻജിനീയർ വാഴപ്പള്ളി വൈലോപ്പള്ളി സൗപർണികയിൽ കെ. ശശികുമാർ (72) അന്തരിച്ചു. ഭാര്യ മായ ശശികുമാർ (റിട്ട. സൂപ്രണ്ട് ഇൻസ്പെക്ടർ, ഇൻകംടാക്സ്). മക്കൾ: ശ്യാം ശശികുമാർ (യുഎസ്), ഡോ. പ്രേം ശശികുമാർ (പരുമല ആശുപത്രി). മരുമക്കൾ: അനുപ ചന്ദ്രശേഖർ (യുഎസ്), ഡോ. രേവതി (പ്രാർത്ഥന ഡെന്റൽ ക്ലിനിക് ആലപ്പുഴ).

**അയിരൂർ:** റിട്ട. പ്രധാനാദ്ധ്യാപിക ചെറുകര ജെനിവാസിൽ ഏലിയാമ്മ ജേക്കബ് (ബാവ-88) അന്തരിച്ചു.

**ചങ്ങനാശേരി:** മലയിൽ ജിജി ജോണി (55) അന്തരിച്ചു.

## LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

### ഉപകാരസ്മരണ



*Inserted by: Firm Believer, Atlanta*

### ഉപകാരസ്മരണ



*Inserted by: Firm Believer, Atlanta*

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

**Visit Our Website: www.keralaexpress.com for Classified Advt.**

## FOR SALE PRIME LAND IN KOCHI CITY

For sale 10.50 cents of prime land in Kochi city (half cents will be free); Rs 15 lakh per cent, but negotiable.

**Please contact**

**703-907-9132**

## CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

### *Favors Received*



*Inserted by: Firm Believer, Boston*

### *Favors Received*



*Inserted by: Firm Believer, Boston*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Dallas*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Dallas*




# സിനിമയ്ക്കു പിന്നിലെ സിനിമാ വിശേഷങ്ങളുമായി സംവിധായകൻ ജോൺ പോൾ ജോർജ്

‘ഗപ്പി’ക്കും ‘അമ്പിളി’ക്കും ശേഷം, ജോൺ പോൾ ജോർജ് തിരക്കഥയെഴുതി സംവിധാനം ചെയ്ത, ഇന്ദ്രൻസ് സിനിമ ‘ആശാൻ’ തിയറ്ററുകളിൽ. വിസ്മയിപ്പിക്കുന്ന മേക്കോവറിൽ ഇന്ദ്രൻസ് നിറഞ്ഞാടുന്ന ചിത്രത്തിൽ ജോമോൻ ജ്യോതിറും ഷോബി തിലകനും പ്രധാന കഥാപാത്രങ്ങളാകുന്നു. ഗപ്പി സിനിമാസ് നിർമിച്ച്, ജോൺ പോൾ ആദ്യമായി സംഗീതമൊരുക്കിയ ചിത്രത്തിന്റെ വിതരണം ദുർഖറിന്റെ വേഫെറർ ഫിലിംസ്.

‘എല്ലാവർക്കും സിനിമ ചെയ്യാൻ പറ്റും, എല്ലാവരിലും സിനിമയുണ്ട് എന്നു പറയുന്ന ഒരു സിനിമയാണിത്. നമ്മൾ എങ്ങനെ അതിനെ സമീപിക്കുന്നുവോ, അതുതന്നെയാണു നമ്മുടെ സിനിമ’- ജോൺപോൾ പറഞ്ഞു.

എറണാകുളത്തെ ഒരു ഫ്ളാറ്റ് സമുച്ചയത്തിലെ അംഗവും അസോസിയേഷൻ പ്രസിഡണ്ടുമാണ് അവിടെ ഏവർക്കും പ്രിയങ്കരനായ ആശാൻ. സിനിമയിൽ അഭിനയിക്കാൻ ആഗ്രഹിക്കുന്ന ആശാൻ എന്ന സാധാരണ മനുഷ്യന്റെ ജീവിതത്തിലേക്ക് സിനിമാക്കാരുടെ വലിയ ഒരു ക്രൂ എത്തിച്ചേരുന്നു. തന്റെ റീലുകൾ കണ്ട് ഇഷ്ടമായി ഏതെങ്കിലും സിനിമാക്കാർ തന്നെ അഭിനയിപ്പിക്കുമെന്നാണ് ആശാന്റെ വിചാരം. ആ സിനിമയിലെ ഏതൊരാളെക്കാളും ഇയാൾ ആ സിനിമയ്ക്കുവേണ്ടി പ്രവർത്തിക്കുന്നു. ഷൂട്ടിംഗ് സെറ്റിലെ ശബ്ദനിയന്ത്രണമുൾപ്പെടെ എല്ലാം ഏറ്റെടുക്കുന്നു. ആ സിനിമാക്കാർക്കിടയിൽ ആശാനുണ്ടാക്കുന്ന സ്വാധീനത്തിന്റെ ഫലമായി അവസാനം, അവർക്കുപോലും അയാളെ ആശ്രയിക്കേണ്ടതായിവരുന്നു.

എന്റെ സിനിമകളിൽ ഇമോഷണലുകൾ കൂടുതലുണ്ടെന്നു പറയാറുണ്ട്. പക്ഷേ, ഈ സിനിമയിലെ 90 ശതമാനവും നർമത്തിലൂടെയും സന്തോഷത്തിലൂടെയുമാണ് കടന്നുപോകുന്നത്. ഏറെയും സിറ്റ്വേഷണൽ ഹ്യൂമറാണ്. ഇപ്പോഴത്തെ സിനിമയ്ക്കുള്ളിലെ പൊളിറ്റിക്സ്, ഫിലിം മേക്കിംഗ് രീതികൾ, അതിലെ തമാശകൾ, വേറിട്ട അഭിനയ മുഹൂർത്തങ്ങൾ, എങ്ങനെ പെർഫോം ചെയ്യണം, എങ്ങനെ സിനിമയെ സമീപിക്കണം എന്നതുവരെ ഫൺ, ഫാന്റസി സ്വഭാവത്തിൽ പറയുകയാണ്. പുതിയ ഷൂട്ടിംഗ് പാറ്റേണുകളും കളറിങ്ങും വിഷ്വൽ ഇഫക്ട്സിന്റെ അഡ്വാൻസ്ഡ് ഉപയോഗവുമൊക്കെ ഇതിൽ ഉൾച്ചേർത്തിരിക്കുന്നു. സിനിമാ ഷൂട്ടിംഗ് വീഡിയോകൾ കാണുന്നത് ഇപ്പോൾ ആളുകൾക്കു വലിയ ഇഷ്ടമുള്ള കാര്യമാണല്ലോ. അത്തരം ഒരനുഭവമാകും ഈ സിനിമ. പുതിയ ഒരു ആവിഷ്കാര ശൈലിയാണ്. പക്ഷേ, പരീക്ഷണമെന്നു പറയാനാവില്ല.

ട്രെൻഡിന്റെ പുറകേ പോകാതെ പുത്തൻ ഭാവനകളും ആശയങ്ങളും എങ്ങനെ സിനിമയാക്കാം എന്നാണു ഞാൻ ചിന്തിച്ചത്. നമുക്കുശേഷവും സിനിമ എന്ന സംസ്കാരം ഇവിടെയുണ്ടാവണം. അത്രയും പോസിറ്റീവായി, ഏറെ ഇമോഷണലി, സ്നേഹത്തോടെയാണ് ഈ സിനിമയെ സമീപിച്ചത്. എനിക്കിഷ്ടമുള്ള സിനിമ ചെയ്യാനുള്ള സൗകര്യത്തിനുവേണ്ടിയാണ് സാങ്കേതിക പ്രവർത്തകരും അഭിനേതാക്കളുമുൾപ്പെടെയുള്ള പുതിയ ആളുകളെ സിനിമയിലേക്കു കൊണ്ടുവരാൻ ശ്രമിക്കുന്നത്. വലിയ നടന്മാരിലേക്ക് എന്റെ സിനിമയെ കൊണ്ടുപോകാത്തതിന്റെ കാരണവും അതുതന്നെയാണ്. ഇതിന്റെ കാമറാമാൻ, ബാക്ക് ഗ്രൗണ്ട് സ്കോറർ, ആർട്ട് ഡയറക്ടർ, അസി. ഡയറക്ടേഴ്സ്, കോസ്റ്റ്യൂം ഡിസൈനർ എന്നിവരൊക്കെ പുതിയ ആളുകളാണ്. സീനിയേഴ്സായ മേക്കപ്പ്മാൻ റോണക്സ്, സൗണ്ട് ഡിസൈനർ രാജാകൃഷ്ണൻ, എഡിറ്റർ കിരൺദാസ് എന്നിവരും ഒപ്പമുണ്ട്. ഇതിലെ പാട്ടുകളൊക്കെ വലിയ ഹിറ്റുകളായതും ഈ സിനിമയെ ആളുകളിലേക്ക് എത്തിച്ചു.






ഏറെ നാളുകൾക്കു മുമ്പ് ‘ആശാൻ’ എന്ന സിനിമയുടെ ആശയം രൂപപ്പെടുത്തിയിരുന്നു. ‘രോമാഞ്ചം’ നിർമിച്ച സമയത്ത് ഞാൻ അനുഭവിച്ച ഒരുപാടു പരീക്ഷണഘട്ടങ്ങളുണ്ട്. മാറിനിന്ന് സിനിമ ഇഷ്ടപ്പെടുകയും സിനിമ ചെയ്യണമെന്ന് ആഗ്രഹിക്കുകയും ചെയ്ത ഞാൻ അതിലേക്ക് ഇറങ്ങേണ്ടിവന്നപ്പോഴാണ് അതിന്റെ കുറവുകളും ഗുണങ്ങളുമൊക്കെ നേരിട്ടറിഞ്ഞത്. അവിടെ എനിക്ക് ഏറെ വേദനകളും സങ്കടങ്ങളും ഒപ്പം സന്തോഷങ്ങളും ഉണ്ടായിട്ടുണ്ട്. ഏറെ ആളുകളെ മനസിലാക്കാനുമായി. ‘ഇങ്ങനെയാണോടാ സിനിമ’ എന്ന് ആശാന്റെ ഒരു ചോദ്യമുണ്ട് ഈ സിനിമയിൽ. അതു ഞാൻ മനസിലാക്കിയതു ‘രോമാഞ്ചം’ നിർമിച്ചപ്പോഴാണ്. സിനിമയിൽ പണംമുടക്കി അപമാനിതരായ എല്ലാ നിർമാതാക്കൾക്കും ഈ സിനിമ സമർപ്പിക്കുന്നു’ എന്നാണ് ‘ആശാന്റെ’ തുടക്കത്തിൽ ഞാൻ എഴുതിയത്.

പണം മുടക്കിയപ്പോൾ ഒരുപാടു വേദനകളാണു തിരിച്ചുകിട്ടിയത്. എന്തിനായിരുന്നുവെന്നുപോലും തോന്നിപ്പോയ ഒരവസ്ഥയുണ്ട്. സിനിമ എത്രത്തോളം വിജയിച്ചാലും നമുക്ക് അങ്ങനെയൊരു തോന്നൽ വരുന്നുണ്ടെങ്കിൽ... മറക്കാനാവാത്ത ആ ഓർമകളിൽനിന്നാണ് ഞാൻ ഈ സിനിമ എഴുതിയത്.

ആശാൻ സിനിമ എഴുതുമ്പോൾത്തന്നെ ഇന്ദ്രൻസായിരുന്നു മനസിൽ. അദ്ദേഹത്തിനു മാത്രമേ നിരവധി അഭിനയമുഹൂർത്തങ്ങളിലൂടെ കടന്നുപോകുന്ന ആ വേഷം അത്രമേൽ ഭംഗിയായി പൂർത്തിയാക്കാൻ പറ്റുകയുള്ളൂ. എല്ലാവർക്കുമിഷ്ടമുള്ള, ഹേറ്റേഴ്സ് ഇല്ലാത്ത ഒരു നടനാണ് ഈ വേഷം ചെയ്യേണ്ടത്. ഇന്ദ്രൻസ് ഒരു അസാധ്യ അഭിനേതാവാണ്. ഇതിൽ അദ്ദേഹം നീട്ടിവളർത്തിയ മുടിയും മീശയുമൊക്കെയായി വിളയാടുകയാണ്. ആ കഥാപാത്രത്തെ വ്യക്തമായി നിർവചിക്കുന്ന ലുക്ക്. ആ കഥാപാത്രത്തിന്റെയും സിനിമയുടെയും യാത്രയനുസരിച്ച് മീശ ഷേവ് ചെയ്തു കളയുന്നതുൾപ്പെടെ അദ്ദേഹത്തിന്റെ രൂപത്തിൽ പല മാറ്റങ്ങളും സംഭവിക്കുന്നുണ്ട്.

ജോമോൻ ജ്യോതിർ ഇന്ദ്രൻസിനൊപ്പം പ്രധാന വേഷത്തിലെത്തുന്നു. പത്തു വർഷമായി അസി. ഡയറക്ടറാകാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന അനന്തൻ എന്ന കഥാപാത്രം. അയാൾ സിനിമയെ എത്രത്തോളം സ്നേഹിക്കുന്നു, സിനിമയിൽ വർക്ക് ചെയ്തിട്ടില്ലാത്ത അയാൾ എത്രത്തോളം ടെക്നിക്കലി ബ്രില്യന്റാണ്- അതെല്ലാം സിനിമയിലുണ്ട്. ഷോബി തിലകന്റെയും കരിയറിലെ ഏറ്റവും പ്രധാനപ്പെട്ട സിനിമയായി മാറുകയാണ് ആശാൻ. ഏറെ സിനിമകൾ ഹിറ്റാക്കിയിട്ടുള്ള പ്രശസ്ത സംവിധായകൻ കെആർഎസ്- അതാണു വേഷം. സൂപ്പർസ്റ്റാർ കരൺചന്ദിന്റെ വേഷത്തിൽ ബിബിൻ പെരുമ്പിള്ളി, അപ്പുണ്ണി ശശി, അബിൻ ബിനോ, കുടശനാട് കനകം, ജിനു ബെൻ തുടങ്ങിയവരും പ്രധാനവേഷങ്ങളിലുണ്ട്. നൂറ്റമ്പതോളം ആർട്ടിസ്റ്റുകളെ കാസ്റ്റിംഗിലൂടെ കണ്ടെത്തി.

ഇന്നു കേരളത്തെ ഏറ്റവുമധികം പ്രശ്നത്തിലാക്കുന്നതു വന്യജീവി ആക്രമണങ്ങളാണ്. അതുമായി ബന്ധപ്പെട്ട് പ്രാധാന്യമേറിയ ഒരു പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റ് മമ്മൂക്ക സിനിമയുടെ ഒടുവിൽ പറയുന്നുണ്ട്. അതിനുവേണ്ടി ഞാൻ അദ്ദേഹത്തെ കാണാൻ പോയപ്പോൾ ഇതിന്റെ കഥ പറയേണ്ടിവന്നു. തിരക്കഥ മൊത്തം കേട്ടതിന്റെ ആവേശത്തിലാണ് ട്രെയിലർ ലോഞ്ചിൽ അദ്ദേഹം അത്തരത്തിൽ സംസാരിച്ചത്. ഈ സിനിമയ്ക്കുള്ളിൽ പല സിനിമകൾ കാണാനാകുമെന്നും അദ്ദേഹം അവിടെ പറഞ്ഞിരുന്നു.

‘ഗപ്പി’ക്കും ‘അമ്പിളി’ക്കും ശേഷം വലിയ ഇടവേളയുണ്ടായെങ്കിലും ആ സിനിമകൾ ഇപ്പോഴും നിലനിൽക്കുന്നു. ജീവിക്കുന്നു എന്നതുതന്നെ എനിക്കുകിട്ടുന്ന ഏറ്റവും വലിയ അംഗീകാരമാണ്. ഈ സിനിമയുടെ പ്രമോഷനുകളിൽ ആളുകൾ ചർച്ച ചെയ്യുന്നത് ആ സിനിമകളുലെ കഥാപാത്രങ്ങളെക്കുറിച്ചാണ്. അതും വലിയ സന്തോഷമാണ്.




# ‘കരുതൽ’ സിനിമ നിറഞ്ഞ സദസ്സുകളിൽ രണ്ടാം വാരത്തിലേക്ക്...

വലിയ ശബ്ദ കോലാഹലങ്ങളില്ലാതെ, ലളിതമായി പ്രേക്ഷക മനസ്സിലേക്ക് പതിയുന്ന ഒരു കഥ പറയുന്ന വൈകാരിക ചിത്രമാണ് ‘കരുതൽ’. കോട്ടയം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ പ്രവാസി കുടുംബങ്ങളിൽ നടന്ന സംഭവങ്ങൾ കോർത്തിണക്കി ഡ്രീംസ് ഓൺ സ്ക്രീനിന്റെ ബാനറിൽ നിർമ്മിച്ചിരിക്കുന്ന മികച്ച ഫാമിലി ഫീൽഗുഡ് മൂവിയാണ് ‘കരുതൽ’.

‘കരുതൽ’ ആനുകാലിക യുവതലമുറ അനുഭവിക്കുന്ന പ്രശ്നങ്ങളിലേക്ക് തുറന്നുപിടിച്ചിരിക്കുന്ന ഒരു കണ്ണാടി. ‘കരുതൽ’ എന്ന സിനിമ മികച്ച പ്രേക്ഷക പ്രതികരണം നേടുന്നു.

തൊഴിൽ സംബന്ധമായ, വിവാഹ സംബന്ധമായ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന യുവതലമുറക്ക് പ്രവാസലോകമാണ് ഒരു പ്രതിവിധി... പക്ഷേ, ആ പ്രതിവിധി അവർ സ്വീകരിക്കുമ്പോൾ നാട്ടിൽ ഒറ്റയ്ക്കായി പോകുന്ന മാതാപിതാക്കൾ, അവർ അനുഭവിക്കുന്ന വേദനകൾ ഇതെല്ലാം മികച്ച ഒരു കുടുംബ ചിത്രമായി അവതരിപ്പിച്ചിരിക്കുന്ന മലയാള ചിത്രമാണ് ‘കരുതൽ’. മൂന്ന് രാജ്യങ്ങളിലായാണ് (ഇന്ത്യ, യുഎസ്, അയർലൻഡ്) സിനിമ ചിത്രീകരിച്ചത്.




ചിത്രത്തിൽ പ്രശാന്ത് മുരളി, ഐശ്വര്യാ നന്ദൻ, ജോമി ജോസ്, സ്റ്റീഫൻ ചെട്ടിക്കൻ, റോബിൻ സ്റ്റീഫൻ, മോളി പയസ്, സുനിൽ സുഖദ, കോട്ടയം രമേശ്, സിബി തോമസ്, ഷിജോ പഴേംപള്ളിൽ, ജോ സ്റ്റീഫൻ, ഷെറിൻ സാം, സ്മിതാ ലൂക്ക്, രശ്മി തോമസ്, സരിതാ തോമസ്, നയനാ മിഥുൻ, ടിങ്കിൾ സൂര്യ, ആർജെ സൂരജ്, ജോസ് കൈപ്പാറേട്ട്, ബിജിമോൾ സണ്ണി എന്നിവർ മുഖ്യവേഷങ്ങളിൽ എത്തി.

ദേശീയ-അന്തർദേശീയ അവാർഡുകൾ കരസ്ഥമാക്കിയ ഷോർട്ട് ഫിലിമുകളിലൂടെ ശ്രദ്ധേയനായ ജോമി ജോസ് കൈപ്പാറേട്ട് എന്ന നവാഗതനാണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്.

ചിത്രത്തിന്റെ കാമറ, തിരക്കഥ, സംഭാഷണം എന്നിവ ഒരുക്കിയിരിക്കുന്നത് സാബു ജയിംസാണ്.

സഞ്ജു സൈമൺ മാക്കീൽ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ, പ്രൊഡക്ഷൻ കൺട്രോളർ: സ്റ്റീഫൻ ചെട്ടിക്കൻ, കോ-ഓർഡിനേറ്റർ: ബെയ്ളോൺ എബ്രഹാം, സംഗീതം: ജോൺസൺ മങ്ങഴ, ഗായകർ: പ്രസീത ചാലക്കുടി, പ്രദീപ് പള്ളുരുത്തി, കെസ്റ്റർ, ബിന്ദുജ പി.ബി, റാപ്പർ സ്മിസ്, ഷൈജു കേളന്തറ, ജോസ് കൈപ്പാറേട്ട്, സ്മിനേഷ് എന്നിവർ ഗാനരചന നിർവഹിച്ചിരിക്കുന്നു. ബിജിഎം-അനിറ്റ് പി. ജോയി, ഡിഐ-മുഹമ്മദ് റിയാസ്,




സോങ് പ്രോഗ്രാമിങ്-റോഷൻ, എഡിറ്റർ-സന്ദീപ് നന്ദകുമാർ, അസോസിയേറ്റ് ഡയറക്ടർ-സുനീഷ് കണ്ണൻ, അസോസിയേറ്റ് കാമറാമാൻ-വൈശാഖ് ശോഭന കൃഷ്ണൻ, കല-റോബിൻ സ്റ്റീഫൻ, കോ-പ്രൊഡ്യൂസേഴ്സ്-ഷാലിൻ ഷീജോ കുര്യൻ പഴേംപള്ളിയിൽ, മാത്യു മാപ്ലേട്ട്, ജോ സ്റ്റീഫൻ, ടോമി ജോസഫ്, കോ-ഓർഡിനേറ്റർ-ബെയ്ളോൺ എബ്രഹാം, മേക്കപ്പ്-പുനലൂർ രവി, അസോസിയേറ്റ് മേക്കപ്പ്-അനൂപ് ജേക്കബ്, കോസ്റ്റ്യൂംസ്-അൽഫോൻസ് ട്രീസ പയസ്, റെക്കോഡിസ്റ്റ്-രശാന്ത് ലാൽ മീഡിയ, മിക്സിംഗ്-ആനന്ദ് ബാബു, ടൈറ്റിൽ-സത്യൻസ്, പരസ്യകല-ആർക്രിയേറ്റീവ്സ്.

# പള്ളിച്ചട്ടമ്പി പ്രദർശനത്തിനൊരുങ്ങി

ഒരു മലയോര ഗ്രാമത്തിന്റെ പശ്ചാത്തലത്തിൽ അമ്പതുകളിലെ രാഷ്ട്രീയ, സാമൂഹ്യ കഥ പറയുന്ന ചിത്രമാണ് പള്ളിച്ചട്ടമ്പി. ടൊവിനോ തോമസിനെ നായകനാക്കി ഡിനോ ജോസ് ആന്റണി സംവിധാനം ചെയ്യുന്ന ഈ സിനിമയുടെ ചിത്രീകരണം പൂർത്തിയായി. ഏപ്രിൽ ഒമ്പതിന് പ്രദർശനത്തിനെത്തും.



വേൾഡ് വൈഡ് ഫിലിംസ് ഇന്ത്യയുടെ ബാനറിൽ നൗഫൽ, ബ്രജേഷ് എന്നിവരും സീ ക്യൂബ് ബോസ് എന്റർടെയ്മെന്റിന്റെ ബാനറിൽ ചാണക്യ, ചരൺ, ചൈതന്യ എന്നിവരുമാണ് ഈ ചിത്രം നിർമിക്കുന്നത്. ടൊവിനോയുടെ കരിയറിലെ ഏറ്റവും ചെലവേറിയ ചിത്രമെന്ന വിശേഷണമുണ്ട്. കയാദു ലോഹറാണ് നായിക. അഞ്ചു ഭാഷകളിലാണ് ചിത്രം പുറത്തിറങ്ങുന്നത്. വിനയൻ സംവിധാനം ചെയ്ത പത്തൊമ്പതാം നൂറ്റാണ്ടിലൂടെ മലയാളത്തിലെത്തിയ കയാദു പിന്നീട് ഡ്രാഗൺ എന്ന തമിഴ് ചിത്രത്തിലൂടെ ദക്ഷിണേന്ത്യയിലെ ജനപ്രിയ നായികയായി. വിജയരാഘവൻ, ബാബുരാജ്, സുധീർ കരമന, തെലുങ്കു നടൻ ശിവകുമാർ, അജയ്, ജോണി ആന്റണി, ടി.ജി. രവി, പ്രശാന്ത് അലക്സാണ്ടർ, അലക്സ് ഇ. കുര്യൻ, വിനോദ് കെടാമംഗലം, ജോസുകുട്ടി, അർജുൻ രാജേഷ്, ആർച്ചിത്, ഗോപകുമാർ അടൂർ തുടങ്ങിയവരും നിരവധി പുതുമുഖങ്ങളും ഈ ചിത്രത്തിൽ അണിനിരക്കുന്നു. ബാബാ സാഹിബ്, ശിക്കാർ, ഒരുത്തീ എന്നീ ഹിറ്റ് ചിത്രങ്ങൾക്ക് തിരക്കഥ ഒരുക്കി ശ്രദ്ധേയനായ എസ്.സുരേഷ് ബാബുവാണ് തിരക്കഥയെഴുതിയത്, ജെയ്ക്സ് ബിജോയ് സംഗീതമൊരുക്കുന്നു. ടിജോ ടോമി-ഛായാഗ്രഹണം, ശ്രീജിത്ത് സാരംഗ്-എഡിറ്റിംഗ്, ദിലീപ് നാഥ്-കലാസംവിധാനം, റഷീദ് അഹമ്മദ്-മേക്കപ്പ്, മഞ്ജുഷ രാധാകൃഷ്ണൻ-കോസ്റ്റ്യൂം ഡിസൈൻ തുടങ്ങിയവരാണ് അണിയറക്കാർ.

# നെടുങ്കണ്ടത്തുനിന്ന് വെള്ളിത്തിരയിലേക്ക് ഇരട്ട എൻട്രി

നെടുങ്കണ്ടം: നെടുങ്കണ്ടം മൈനർ സിറ്റി സ്വദേശികളായ ഇരട്ട സഹോദരിമാർ അക്സയും അഭിയയും സിനിമാലോകത്തേക്ക് ചുവടുവച്ചു.

നടനും സംവിധായകനുമായ ബൈജു എഴുപുന്ന ഒരുക്കിയ ഹൊറർ ത്രില്ലർ സിനിമയായ കൂടോത്രത്തിലൂടെയാണ് അക്സയും അഭിയയും വെള്ളിത്തിരയിൽ എത്തിയത്. ആദ്യ ചിത്രത്തിൽ തന്നെ ഇരട്ട സഹോദരികളായി മുഴുനീള കഥാപാത്രങ്ങളെ അവതരിപ്പിക്കാനായതിന്റെ ത്രില്ലിലാണ് ഇരുവരും.

ഇളപ്പാനിക്കൽ ബിജു-ടിൻസി ദമ്പതികളുടെ മക്കളായ അക്സയും അഭിയയും അവിചാരിതമായാണ് അഭിനയലോകത്ത് എത്തിയത്. സംവിധായകൻ ബൈജു എഴുപുന്ന ഇരട്ടക്കുട്ടികളെ അന്വേഷിക്കുന്നതിനിടെ ഇരുവരുടെയും അമ്മ ടിൻസി ഫേസ്ബുക്കിൽ പങ്കുവച്ച കുട്ടികളുടെ ഫോട്ടോ ചലച്ചിത്ര പിന്നണി പ്രവർത്തകർ കാണുകയും അഭിനയിക്കാൻ അവസരം നൽകുകയുമായിരുന്നു. നിരവധി സിനിമകളുടെ നിർമാതാവായ ബൈജു എഴുപുന്ന സിനിമയിൽ ചെറുതും വലുതുമായ ഒട്ടനവധി വേഷങ്ങളും ചെയ്തിട്ടുണ്ട്. ബൈജു എഴുപുന്നയുടെ മക്കളായിട്ടാണ് ഇരുവരും സിനിമയിൽ വേഷമിടുന്നത്.

ചെമ്മണ്ണാർ സെന്റ് സേവ്യേഴ്സ് സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥികളായ ഇരുവരും പഠനത്തിൽ മിടുക്കരാണെങ്കിലും കലാരംഗത്ത് അധികം സജീവമായിരുന്നില്ല. സംവിധായകൻ ഒരുക്കിയ അഭിനയകളരിയിലൂടെ പാഠങ്ങൾ മനസിലാക്കിയാണ് അഭ്രപാളിയിൽ ഇരുവരും ചുവടുവയ്ക്കുന്നത്. സ്കൂളിലെ അധ്യാപകരിൽനിന്നും സഹപാഠികളിൽനിന്നും മികച്ച പിന്തുണ ലഭിച്ചതോടെ ഇരുവരും അഭിനയിക്കാൻ തീരുമാനിക്കുകയായിരുന്നു.



പിതാവ് ബിജു നെടുങ്കണ്ടം സുമേരു പ്ലാന്റേഷൻ എസ്റ്റേറ്റിൽ ജോലിക്കാരനാണ്. സഹോദരൻ മെൽബിൻ സിവിൽ എൻജിനിയറാണ്. ഇടുക്കിയുടെ പശ്ചാത്തലത്തിൽ ഒരുക്കിയിരിക്കുന്ന സിനിമയിൽ അണിയറ പ്രവർത്തകരായും അഭിനേതാക്കളായും നിരവധി ഇടുക്കിക്കാർ പങ്കാളികളാണ്.

# മോദിയുടെ മനംകവർന്ന് മലയാളി അമ്മയും മകനും

കൊല്ലം: സ്നേഹത്തിന്റെയും കലയുടെയും പുസ്തകത്തിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഹൃദയം കീഴടക്കി മലയാളി അമ്മയും മകനും. കവയിത്രിയും ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളജിലെ ബോട്ടണി അസി. പ്രഫസറുമായ ലക്ഷ്മി ശ്രീകുമാറിന്റെ 'ബ്ലോസമിങ് വിത്ത് ബഡ്സ്' എന്ന കവിതാ സമാഹാരമാണ് പ്രധാനമന്ത്രിയുടെ മനം കവർന്നത്.

അമ്മയുടെ സവിശേഷമായ വരികൾക്ക് ഒമ്പതാംക്ലാസ് വിദ്യാർത്ഥിയായ മകൻ ശ്രീറാം ചന്ദ്രൻ ചിത്രങ്ങളിലൂടെ ജീവൻ നൽകി. ലക്ഷ്മിയുടെ കൈപ്പടയിലുള്ള പുതുവത്സര സന്ദേശവും പുസ്തകവും പ്രധാനമന്ത്രിക്ക് അയച്ചുകൊടുക്കുകയായിരുന്നു. പുസ്തകം ഹൃദയത്തിൽ തൊടുന്നതായി വ്യക്തമാക്കി ഇക്കഴിഞ്ഞ 16-ന് പ്രധാനമന്ത്രി മറുപടി നൽകി.

സംയുക്തമായ സർഗാത്മകതയുടെ മനോഹരമായ ആഘോഷമാണ് പുസ്തകമെന്ന് അദ്ദേഹം പ്രകീർത്തിച്ചു. അമ്മയുടെ വാക്കുകൾ മകന്റെ ചിത്രങ്ങളിലൂടെ ജീവൻ കണ്ടെത്തി. ഇത് പ്രതിഭ മാത്രമല്ല, അപൂർവമായ സർഗാത്മക സമന്വയമാണ് പ്രതിഫലിപ്പിക്കുന്നത്. ഭാവനയുടെയും ആവിഷ്കാരത്തിന്റെയും ഇഴുകിച്ചേരലാണ് ഇവരുടെ രചനയെന്നും പ്രധാനമന്ത്രി മറുപടിയിൽ ചൂണ്ടിക്കാട്ടി.

തിരുവനന്തപുരം കവടിയാർ (കൽപന) സ്വദേശിയായ ലക്ഷ്മി ശ്രീകുമാറിന്റെ ഭർത്താവ് പ്രശാന്ത് ചന്ദ്രൻ ബംഗ്ലാദേശിലെ ധാക്കയിൽ ബിസ്റ്റെക് ഐഎഎസ് ഡയറക്ടറാണ്. ലക്ഷ്മി ശ്രീകുമാറും കുടുംബവും ഇപ്പോൾ ശാസ്താംകോട്ടയിലാണ് താമസം.

# ഇൻഡിഗോ 1000 പൈലറ്റുമാരെ നിയമിക്കുന്നു

ന്യൂഡൽഹി: ഇന്ത്യയിലെ ഏറ്റവും വലിയ വിമാനക്കമ്പനിയായ ഇൻഡിഗോ ആയിരത്തിലധികം പൈലറ്റുമാരെ നിയമിക്കാൻ ഒരുങ്ങുന്നു. ഇന്ത്യൻ വിമാനക്കമ്പനികൾ നടത്തുന്ന ഏറ്റവും വലിയ റിക്രൂട്ട്മെന്റ് പദ്ധതികളിലൊന്നാണിത്. പൈലറ്റുമാരുടെ വിശ്രമവുമായി ബന്ധപ്പെട്ട് പുതിയ നിയമങ്ങൾ നടപ്പിലാക്കിയതിനെത്തുടർന്ന് ജീവനക്കാരുടെ കുറവ് അനുഭവപ്പെട്ടതിനാൽ ഡിസംബറിൽ ഏഴു ദിവസത്തിനുള്ളിൽ 5000 വിമാന സർവീസുകൾ ഇൻഡിഗോയ്ക്ക് റദ്ദാക്കേണ്ടിവന്നു.

റിക്രൂട്ട്മെന്റിലൂടെ ട്രെയിനി ഫസ്റ്റ് ഓഫീസർമാർ, സീനിയർ ഫസ്റ്റ് ഓഫീസർമാർ, ക്യാപ്റ്റന്മാർ എന്നിവരെയാണ് നിയമിക്കുന്നത്. ഇൻഡിഗോ പ്രധാനമായും പറത്തുന്ന എയർബസ് എ320 വിമാനങ്ങൾ പറത്തി പരിചയമില്ലാത്ത പൈലറ്റുമാരെയും നിയമിക്കാൻ തയാറാണെന്ന് റിക്രൂട്ട്മെന്റ് അറിയിപ്പുകളിൽ ഒന്നിൽ പറയുന്നു.

പുതിയ നിയമങ്ങൾ പ്രകാരം പൈലറ്റുമാരുടെ ആഴ്ചയിലുള്ള വിശ്രമസമയത്തിൽ വർധന വരുത്തിയതിനൊപ്പം അർധരാത്രി 12 മണിക്കും പുലർച്ചെ ആറുമണിക്കും ഇടയിൽ ഒരു പൈലറ്റ് നടത്തേണ്ട ലാൻഡിംഗുകളുടെ എണ്ണത്തിൽ നിയന്ത്രണം വരുത്തുകയും ചെയ്തു.

# പുൽവാമ: ആദരം അർപ്പിച്ച് രാജ്യം

ന്യൂഡൽഹി: പുൽവാമ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച സിആർപിഎഫ് സേനാംഗങ്ങളുടെ ഓർമയിൽ പ്രണാമമർപ്പിച്ച് ഇന്ത്യ. ഏഴാം വാർഷികദിനത്തിൽ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ തുടങ്ങിയവർ സൈനികർക്ക് ആദരമർപ്പിച്ചു.

പുൽവാമയിൽ ജീവൻ ബലിയർപ്പിച്ച ധീരന്മാരെ അനുസ്മരിക്കുന്നു. അവരുടെ സമർപ്പണവും ദൃഢനിശ്ചയവും സേവനവും നമ്മുടെ ബോധത്തിൽ എന്നന്നേക്കുമായി പതിഞ്ഞിരിക്കുന്നു. ഓരോ ഇന്ത്യക്കാരനും അവരുടെ ധൈര്യത്തിൽ നിന്നാണ് ശക്തി നേടുന്നത്. പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

അസമിലെ ഗുവാഹത്തിൽ നടന്ന ചടങ്ങിൽ അദ്ദേഹം പുൽവാമ സംഭവം പരാമർശിച്ചു. ഭീകരാക്രമണത്തോട് രാജ്യം എങ്ങനെയാണ് പ്രതികരിക്കുന്നതെന്ന് ലോകം അറിഞ്ഞു-അദ്ദേഹം വ്യക്തമാക്കി.

പോണ്ടിച്ചേരിയിൽ നടന്ന പരിപാടിയിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും പുൽവാമ സംഭവവും പിന്നാലെ ഇന്ത്യൻ വ്യോമസേന ഭീകര ക്യാമ്പ് തകർത്തതും പരാമർശിച്ചു.

2019 ഫെബ്രുവരി 14-നാണ് ദക്ഷിണ കശ്മീരിലെ പുൽവാമയിൽ രാജ്യത്തെ നടുക്കിയ ഭീകരാക്രമണമുണ്ടായത്.

സിആർപിഎഫ് സംഘം സഞ്ചരിച്ച വാഹനവ്യൂഹത്തിലേക്ക് സ്ഫോടകവസ്തുക്കൾ നിറച്ച കാർ ഇടിച്ചുകയറ്റുകയായിരുന്നു. 40 ജവാന്മാർ വീരമൃത്യു വരിച്ചു. ജയ്ഷെ മുഹമ്മദ് ഭീകരനും പുവൽവാമ സ്വദേശിയുമായ ആദിൽ (22) ആണ് ആക്രമണം നടത്തിയത്.

പുൽവാമയ്ക്കുള്ള മറുപടിയായിട്ടാണ് പാക് അധീന കശ്മീരിലെ ബാലാക്കോട്ടിൽ ഭീകര ക്യാമ്പ് ഇന്ത്യൻ വ്യോമസേന തകർത്തത്.

# അയിരൂർ–ചെറുകോൽപ്പുഴ ഹിന്ദുസംഗമത്തിനു തുടക്കമായി

ചെറുകോൽപ്പുഴ: ദീർഘമായ കാലഘട്ടത്തിനുശേഷം ഭാരതം വീണ്ടും വിശ്വഗുരുവെന്ന അതിന്റെ തലത്തിലേക്ക് എത്തുകയാണെന്ന് ജൂന അഖാഡ മഹാമണ്ഡലേശ്വർ സ്വാമി ആനന്ദവനം ഭാരതി. അയിരൂർ-ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്ത് 1124-ാം സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഒരൊറ്റ ദേശവും ഒരൊറ്റ ജനതയുമെന്ന പ്രൗഢിയെ ഭാരതം തിരിച്ചുപിടിക്കുമ്പോൾ പഴയ വിഭജനത്തിന്റെയും വേറിട്ടുപോകലിന്റെയും ഛിദ്രമാക്കലിന്റെയും ഭിന്നിപ്പിന്റെയും ആശയങ്ങൾ ദേശത്തിനകത്തു നിന്നും പുറത്തുനിന്നും വന്നുകൊണ്ടിരിക്കുകയാണ്. ആ സമയത്ത് ഭാരതം ഒറ്റ സംസ്കൃതിയാണെന്നും ഒരേ സാംസ്കാരിക ദേശീയതയുടെ ഭാഗമാണെന്നും ഒന്നിച്ചു മുന്നേറി ഭദ്രതയും സമൃദ്ധിയുമുള്ള രാഷ്ട്രമായി മാറണമെന്നുമുള്ള ആഹ്വാനം കൂടിയാണ് ഇത്തരം സമ്മേളനങ്ങളെന്നും അദ്ദേഹം പറഞ്ഞു.

ഹിന്ദുമത മഹാമണ്ഡലം പ്രസിഡണ്ട് പി.എസ്. നായർ അദ്ധ്യക്ഷത വഹിച്ചു. വാഴൂർ തീർഥപാദാശ്രമം മഠാധിപതി സ്വാമി പ്രജ്ഞാനന്ദ തീർഥപാദർ അനുഗ്രഹപ്രഭാഷണം നടത്തി. ഡോ. പൂജപ്പുര കൃഷ്ണൻ നായർ മുഖ്യപ്രഭാഷണം നടത്തി. ആന്റോ ആന്റണി എംപി, പ്രമോദ് നാരായൺ എംഎൽഎ, അയിരൂർ പഞ്ചായത്ത് പ്രസിഡണ്ട് സുരേഷ് കുഴിവേലിൽ എന്നിവർ പ്രസംഗിച്ചു.

# കരുത്തുറ്റ പാസ്പോർട്ട്: ഇന്ത്യ 75-ാം സ്ഥാനത്ത്

മുംബൈ: ഹെൻലി ആൻഡ് പാർട്ണേഴ്സ് പുറത്തുവിട്ട ഏറ്റവും പുതിയ ഗ്ലോബൽ പാസ്പോർട്ട് ഇൻഡെക്സ് റിപ്പോർട്ട് പ്രകാരം ലോകത്തെ കരുത്തുറ്റ പാസ്പോർട്ടുകളുടെ പട്ടികയിൽ ഇന്ത്യ 75-ാം സ്ഥാനത്ത്. ഇതുവഴി 56 രാജ്യങ്ങളിലേക്ക് വിസയില്ലാതെ യാത്രചെയ്യാൻ ഇന്ത്യൻ പാസ്പോർട്ട് ഉടമകൾക്കു സാധിക്കും. 2025-ൽ 85-ാം സ്ഥാനത്തായിരുന്ന ഇന്ത്യ ഈ വർഷം 10 സ്ഥാനങ്ങൾ മെച്ചപ്പെടുത്തി. റാങ്കിംഗിൽ മുന്നേറിയെങ്കിലും കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് വിസയില്ലാതെ യാത്ര ചെയ്യാവുന്ന രാജ്യങ്ങളുടെ എണ്ണത്തിൽ ഈ വർഷം ഒന്നിന്റെ കുറവുണ്ടാകും. ഐവറി കോസ്റ്റ്, ഗാബൺ, മഡ്ഗാസ്കർ, മൗറിടാനിയ എന്നീ രാജ്യങ്ങൾക്കൊപ്പമാണ് ഇന്ത്യ റാങ്ക് പങ്കിടുന്നത്.

ഒരു രാജ്യത്തിന്റെ വിദേശനയത്തിന്റെ കരുത്തും ആഗോളരാഷ്ട്രീയത്തിൽ അതിന്റെ സ്ഥാനവുമാണ് പാസ്പോർട്ട് ഇൻഡക്സ് പ്രതിഫലിപ്പിക്കുന്നത്. 2000-ത്തിന്റെ മധ്യം മുതലാണ് ഹെൻലി പാസ്പോർട്ട് ഇൻഡെക്സ് ആരംഭിക്കുന്നത്. അന്ന് മുതൽ സിംഗപ്പൂർ, ജപ്പാൻ, ജർമനി, ഫ്രാൻസ്, ഇറ്റലി, സ്പെയിൻ രാജ്യങ്ങളാണ് പട്ടികയിൽ ആധിപത്യം പുലർത്തുന്നത്. സിംഗപ്പൂരാണ് ഒന്നാമത്. വിസയില്ലാതെ പാസ്പോർട്ടുമായി 192 രാജ്യങ്ങളിലേക്ക് യാത്രചെയ്യാം. ജപ്പാനും ദക്ഷിണ കൊറിയയുമാണ് രണ്ടാം സ്ഥാനം പങ്കിടുന്നത്. ഇവയുടെ പാസ്പോർട്ടുമായി 187 രാജ്യങ്ങൾ സന്ദർശിക്കാം. മൂന്നാം സ്ഥാനത്തുള്ള സ്വീഡൻ, യുഎഇ രാജ്യങ്ങളുടെ പാസ്പോർട്ടിൽ 186 രാജ്യങ്ങളിലെത്താം. ഫ്രാൻസ്, ജർമനി, ഇറ്റലി, സ്പെയിൻ, സ്വിറ്റ്സർലൻഡ്, നെതർലാൻഡ്സ്, ഡെന്മാർക്ക് തുടങ്ങിയ രാജ്യങ്ങൾ നാലാം സ്ഥാനത്താണ്. വിസയില്ലാതെ 185 രാജ്യങ്ങളിൽ യാത്ര ചെയ്യാം.

# വേമ്പനാട്ടുകായൽ നീന്തിക്കടന്ന് 185 പേർ

വൈക്കം: സൗജന്യ നീന്തൽ പരിശീലകൻ സജി വാളശേരിയും 184 പേരും വേമ്പനാട്ടുകായൽ നീന്തിക്കടന്നു. 15-ന് ഞായറാഴ്ച രാവിലെ ആലപ്പുഴ ജില്ലയിലെ ചൂളക്കടവിൽനിന്നും വൈക്കം ബീച്ച് വരെയാണ് നീന്തിയത്. ദലീമ എംഎൽഎ രാവിലെ 7.30 നു ഫ്ളാഗ് ഓഫ് ചെയ്തു. വേമ്പനാട്ടുകായലിലെ ഓളപ്പരപ്പിലൂടെ കിലോമീറ്ററുകൾ താണ്ടി 10-ന് വൈക്കം ബീച്ചിൽ എത്തി. അനുമോദനയോഗം വൈക്കം നഗരസഭാധ്യക്ഷൻ അബ്ദുൾ സലാം റാവുത്തർ ഉദ്ഘാടനം ചെയ്തു. ചെങ്ങനാട് പഞ്ചായത്ത് പ്രസിഡന്റ് ജർജി കാപ്പശേരി അദ്ധ്യക്ഷത വഹിച്ചു.



മുങ്ങിമരണം കുറക്കുക എന്ന ലക്ഷ്യത്തോടെയാണു സജിയുടെ പരിശീലനം.

6 വയസ്സുകാരൻ മുഹമ്മദ് ഹൈസാനും 8 വയസ്സുകാരി എസാ മറിയവും 70 പിന്നിട്ട സ്റ്റാലിനും നീന്തൽ സംഘത്തിലുണ്ടായിരുന്നു.

16 ദിവസത്തെ പരിശീലനത്തിലൂടെ അടിസ്ഥാന നീന്തൽ കഴിവുകളും ജീവൻ രക്ഷാ നൈപുണ്യവും നേടാനാവുമെന്നു സജി വാളശേരി പറഞ്ഞു.

## വ്യാപാരക്കരാർ

(3-ാം പേജിൽനിന്നും)

സർക്കാർ നയം നിർമാണ സേവന മേഖലകളിൽ ഉൽപാദനക്ഷമത വർധിപ്പിച്ചു. ഇന്ത്യയ്ക്ക് ഇപ്പോൾ 38 രാജ്യങ്ങളുമായി വ്യാപാരക്കരാറുണ്ട്. ഇന്ത്യയുടെ വ്യാപാരചരിത്രത്തിൽ മുൻപെങ്ങുമില്ലാത്ത നാഴികക്കല്ലാണിത്.

യുകെ, ഇയു കരാറുകളിലൂടെ ഇന്ത്യൻ കയറ്റുമതിയിലെ 99 ശതമാനം തീരുവകളും ഒഴിവാകുമെന്നും മോദി പറഞ്ഞു. ഓസ്ട്രേലിയ, യുഎഇ എന്നീ രാജ്യങ്ങളുമായുള്ള വ്യാപാരം ഇരട്ടിയാകുകയും ചെയ്തു. ഇന്ത്യയിലെ ഉൽപാദനമേഖല ആഗോളതലത്തിലാണു നേട്ടമുണ്ടാക്കുന്നത്. ഇതു യുവാക്കൾക്കു വലിയ തോതിൽ തൊഴിലുകളും ഉണ്ടാക്കും.

വികസിത രാജ്യമാകാനുള്ള ഇന്ത്യയുടെ തീവ്രാഭിലാഷമാണ് ഇത്തവണത്തെ കേന്ദ്ര ബജറ്റ് എന്നു പറഞ്ഞ മോദി, കൃത്യമായ തയാറെടുപ്പുകളോടെ തയാറാക്കിയ ബജറ്റിൽ നാം സജ്ജരാണ് എന്നാണു പ്രഖ്യാപിക്കുന്നത് എന്നും അവകാശപ്പെട്ടു.


പ്രതിരോധ രംഗത്തുണ്ടാക്കിയ വികസനം ഓപ്പറേഷൻ സിന്ദൂറിന്റെ സമയം നേട്ടമുണ്ടാക്കി. കഴിഞ്ഞ ബജറ്റിനെക്കാൾ 15 ശതമാനം വിഹിതം ഈ ബജറ്റിൽ പ്രതിരോധവികസനത്തിനു നീക്കിവെച്ചിട്ടുണ്ടെന്നും മോദി പറഞ്ഞു.

## ശബരിമല യുവതീ പ്രവേശനം


(3-ാം പേജിൽനിന്നും)

വാദത്തിന് ഏപ്രിൽ 22 വരെ സമയപരിധി നിശ്ചയിച്ചു. വാദത്തിനും മറുവാദത്തിനും രണ്ടുദിവസം വീതം സമയം നൽകും. അമിക്കസ്ക്യൂറിയായ കെ. പരമേശ്വറിന് 21-ന് വാദങ്ങൾ ഉന്നയിക്കാം. പുനഃപരിശോധനാ ഹർജികളെ പിന്തുണയ്ക്കുന്നതായി കേന്ദ്രം വ്യക്തമാക്കി. ഏപ്രിലിൽ വാദം പൂർത്തിയാക്കും. ശബരിമലയിൽ യുവതീപ്രവേശനം അനുവദിച്ചുള്ള അഞ്ചംഗ ഭരണഘടനാ ബെഞ്ച് വിധിക്കെതിരായ പുനഃപരിശോധനാ ഹർജിയടക്കമാണു പരിഗണിച്ചത്. ഇതുൾപ്പെടെ സ്ത്രീകളുടെ വ്യക്തിസ്വാതന്ത്ര്യവും മതാചാരങ്ങളുടെ അനിവാര്യതയുമായി ബന്ധപ്പെട്ട 67 ഹർജികളാണു കോടതിയുടെ പരിഗണനയിലുള്ളത്.


PARADISE AUDIO MINISTRIES
FLORIDA - USA
Presents...
SUSAN B JOHN FLORIDA
(LYRICS, MUSIC & PRODUCER)
വാഗ്ദത്തം ചെയ്ത പരൻ
LYRICS, MUSIC & PRODUCER - SUSAN B JOHN FLORIDA
VOX - NILA JOSEPH / ORCHESTRATION - SERHA COMPANY
MIXED AND MASTERED BY KAY ESS @ SS DIGITAL STUDIOS, THIRUVANANTHAPURAM
CHORUS- SERHA PRAMOD, ANGEL SP JOHANA PRAMOD,
VIJIN S JOSEPH,ROSHINI, NELSON JOHN
... COMING SOON ...


DOULOS INT. MINISTRIES,INC.
RECOGNIZED BY IPC GENERAL COUNCIL
ACCREDITED BY GATE
WWW.DULOSCOLLEGE.ORG
'കാൽ നൂറ്റാണ്ട് പിന്നിടുന്ന
അനുഭവ സമ്പത്തുമായി
DOULOS
BIBLICAL SEMINARY
P.O BOX:2, VECHOOCHIRA, RANNY PTA.DT.
zoom
ACCESSIBLE FROM
INDIA, GULF, EUROPE
CANADA & USA
Register Now
ENGLISH & MALAYALAM MEDIUM
C.Th. B.Th. M.Div.
(CLASSES STARTING FROM DECEMBER 15)
FOUNDER PRESIDENT
PR. DR. V. P. JOSE
PRINCIPAL
PR. DR. JOHN. K. MATHEW
VICE. PRINCIPAL
PR. ANIL KODITHOTTAM
DIRECTOR BOARD
Pr. Reji Mooledam (ACADEMIC DEAN),Evg. Benny Kochuvadakel (ADMINISTRATOR)
Pr. Sajan Samuel (CO-ORDINATOR), Bro. Rajan Ariyappally
(OVERSEAS MANAGER), Br. Peter Mathew Vallyath
26 YEARS
IN CHRISTIAN
MINISTRY
CONTACT : +91 916460 3370
OVERSEAS +966-508577968 +91 949595 4289


Grace CONVENTION CENTER
Punnamoodu, Mavelikara
DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)
SERVICES
PHOTOGRAPHY
STAGE DECORATION
CATERING SERVICE:
(Kerala sadhya, Christian Meals,
Dum Biriyani, North Indian Food)
FUSION, TALLMAN SECURITY,
PREMIUM CARS, ENTERTAINMENT
CHURCH CHOIR, ANCHORING
LED WALL, LIVE STREAMING
EVENTS
WEDDING PLANNING,
ENGAGEMENT
FUNERAL SERVICE,
BETROTHAL, BAPTISM,
BIRTHDAY PARTIES,
HOUSE WARMING,
BUSINESS CONFERENCE
GET TOGETHER Etc;
Celebrate your
Dreams With Us...
TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR
GRACE
CONVENTION CENTER
Celebrate your Dreams with Us




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**